കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

തെക്കാട്ടുശേരി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-എ.എൽ.പി/പി 6 - 1098/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 24/12/2024
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തൈക്കാട്ടുശേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തൈക്കാട്ടുശേരി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൈക്കാട്ടുശേരി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-എ.എൽ.പി/പി 6 - 1098/2024 തീയ്യതി: 24/12/2024

ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശേരി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശേരി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-10-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ലിജിലാൽ .ബി	ഡെപ്യൂട്ടി ഡയറക്ടർ	29-11-2024	07-12-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
29-11-2024	07-12-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.എൻ.വിജയകുമാർ,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീ.ജോസഫ് ജോർജ്,അസി.ഓഡിറ്റ് ഓഫീസർ

ശ്രീമതി.ലേഖ പി.കെ,സീനി.ഗ്രേഡ് ഓഡിറ്റർ

ശ്രീ.ബിനു സുരേഷ്,ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.ബി.ഷിബു	പ്രസിഡന്റ്	01-04-2023	31-03-2024
ശ്രീ. സാബുമോൻ .കെ	സെക്രട്ടറി	01-04-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)

പിന്റു റോയ്	കൃഷി ഓഫീസർ	01-04-2023	05-06-2023
ആശ.എ.നായർ	കൃഷി ഓഫീസർ	06-06-2023	24-11-2023
അശ്വതി വിശ്വനാഥ്	കൃഷി ഓഫീസർ	25-11-2023	17-02-2024
വേക്കന്റ്	കൃഷി ഓഫീസർ	18-02-2024	11-03-2024
ജീഷ്മ ഷാജി	കൃഷി ഓഫീസർ	12-03-2024	31-03-2024
ഡോ. അമ്പിളി. എ	മെഡിക്കൽ ഓഫീസർ, സി.എച്ച്. സി	01-04-2023	31-03-2024
ഡോ. ആര്യ കൃഷ്ണൻ	മെഡിക്കൽ ഓഫീസർ, ആയുർവേദം	01-04-2023	31-03-2024
ഡോ. ടോണി തോപ്പിൽ	വെറ്ററിനറി സർജൻ	01-04-2023	31-03-2024
എം. മഹിളാമണി	പ്രധാന അദ്ധ്യാപിക, ഗവ. യു പി എസ്, തൈക്കാട്ടുശ്ശേരി	01-04-2023	31-03-2024
ബിന്ദു പ്രസാദ്	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2023	31-03-2024
പ്രീത. വി. പ്രഭു	അസിസ്റ്റന്റ് സെക്രട്ടറി	01-04-2023	31-03-2024
സിനിമോൾ.പി	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2023	08-08-2023
സൌമ്യ.എസ്	ഡയറി ഫാം ഇൻസ്ട്രക്ടർ	09-08-2023	31-03-2024
എയ്ഞ്ചൽ അയന	ഫിഷറീസ് സബ് ഇൻസ്പെക്ടർ	01-04-2023	13-08-2023
രാകേഷ്.എസ്	ഫിഷറീസ് സബ് ഇൻസ്പെക്ടർ	14-08-2023	31-03-2024
മജീഷ .എം	അക്രഡിറ്റഡ് എഞ്ചിനീയർ	01-04-2023	31-03-2024
സ്വപ്ന കരുണാകരൻ	ഐ സി ഡി എസ് സൂപ്പർവൈസർ	01-04-2023	31-03-2024
സാദിഖ്. എ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,(പൂച്ചാക്കൽ സർക്കിൾ)	01-04-2023	31-03-2024
പ്രതീഷ് .പി	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(തൈക്കാട്ടുശ്ശേരി സർക്കിൾ)	01-04-2023	10-09-2023
ലത.പി.വി	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(തൈക്കാട്ടുശ്ശേരി സർക്കിൾ	11-09-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	വാടക,ലേല രജിസ്റ്ററുകളിലെ തുകകളും വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല	1-1-1
2	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
3	ഡെപ്പോസിറ്റ്,അഡ്വാൻസ് രജിസ്റ്റർ വിവരങ്ങൾ പൂർണ്ണമല്ല.വാർഷിക കണക്കുകളിൽ ചേർത്തിരിക്കുന്ന തുകയുടെ ആധികാരികത ഉറപ്പാക്കാനാകുന്നില്ല	1-1-2
4	വസ്തു നികുതി,ബിൽഡിംഗ് പെർമിറ്റ്,തൊഴിൽ നികുതി,ലൈസൻസ് ഫീ എന്നിവയുടെ ഡിമാന്റ്,കളക്ഷൻ,ബാലൻസ് സഞ്ചയ സോഫ്റ്റ്വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല	1-1-3
5	സാമ്പത്തിക വർഷത്തിൽ പൂർത്തീകരിക്കാനുള്ള എല്ലാ ചെലവുകൾക്കും തുക വകയിരുത്തിയിട്ടില്ല	1-1-4
6	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള സാമ്പത്തിക അനുപാതങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല	1-1-5
7	ബജറ്റ്	1-2
8	സാമ്പത്തിക വിശകലനം (റസിപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)	1-3
9	ഫണ്ട് വിനിയോഗം	1-4
10	പദ്ധതി അവലോകനം	1-5
11	തൊഴിലുറപ്പ് പദ്ധതി	1-6
12	ക്ഷേമപദ്ധതികൾ	1-7
13	ക്യാഷ് ബാലൻസ് പരിശോധന	1-8
14	ആഭ്യന്തര നിയന്ത്രണം	1-9
15	ഗുണഭോക്തൃ വിഹിതം ഈടാക്കിയതിലെ അപാകതകൾ	1-10
16	പുതുക്കിയ നിരക്കിൽ കെട്ടിടനികുതി ക്രമീകരിച്ച് ഈടാക്കിയില്ല	1-11
17	തൊഴിൽ നികുതി ഈടാക്കിയിതിലെ അപാകതകൾ	1-12
18	ലേല തുക സമയബന്ധിതമായി ഒടുക്കിയില്ല	1-13
19	വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല	1-14
20	ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കൽ - അപാകതകൾ	1-15
21	ലൈസൻസ് ഫീസ് കുറവ് ഈടാക്കിയത് സംബന്ധിച്ച്	1-16
22	ഓഡിറ്റോറിയങ്ങൾ, മറ്റ് വിവിധ സ്ഥാപനങ്ങൾ എന്നിവ ലൈസൻസ് എടുക്കുന്നില്ല	1-17
23	സാമൂഹ്യ സുരക്ഷാ പെൻഷൻ - അപാകതകൾ	1-18
24	സാമൂഹ്യ സുരക്ഷ പെൻഷൻ - മരണപ്പെട്ടശേഷവും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക നൽകുന്നു	1-19
25	വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ അനുബന്ധച്ചെലവ്- പിഴസഹിതം കുടിശ്ശിക ഒടുക്കുന്നു	1-20
26	ഗ്രാമപഞ്ചായത്തിന് ലഭിച്ച ഫണ്ടിൽ 1.25 കോടി രൂപ പദ്ധതി നിർവ്വഹണത്തിലെ കാലതാമസം മൂലം ലാപ്സായി	1-21
27	അഗതി ആശ്രയ പദ്ധതി -കൈമാറിയ തുക ചെലവഴിക്കാതെ അക്കൗണ്ടിൽ നിലനിൽക്കുന്നു.	1-22
28	മിനി ബയോഗ്യാസ് പ്ലാന്റ് -വിതരണസ്ഥാപനത്തിന് അംഗീകരിച്ച നിരക്കിലുമധികം നൽകി	1-23
29	വി.ഇ.ഒ ഓഫീസ് ഫർണ്ണീച്ചർ വാങ്ങൽ - ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല	1-24
30	ആനുകൂല്യം ലഭിച്ചിട്ടില്ലായെന്ന സാക്ഷ്യപത്രം ഹാജാരാക്കാതെ പദ്ധതി ധനസഹായം നൽകി	1-25

31	ഹെൽത്തി ബേബി ഷോ- സർക്കാരിന്റെ നൂതന പ്രോജക്ടുകൾക്കുള്ള പ്രത്യേകാനുമതി/അംഗീകാരമില്ലാതെ നടപ്പാക്കി	1-26
32	സമഗ്രശിക്ഷ കേരള (എസ്.എസ്.കെ) വിഹിതം നൽകൽ -കൃത്യമായ വിനിയോഗവിവരങ്ങൾ ലഭ്യമാക്കിയില്ല	1-27
33	നിയമ പ്രകാരം എടുക്കേണ്ട ഇൻഷ്വറൻസ് പോളിസി എടുക്കാതെ മരാമത്ത് പ്രവൃത്തികൾ നിർവ്വഹിക്കുന്നു	1-28
34	പാർപ്പിട ഭൂമി കല്ല് കെട്ടി സംരക്ഷിക്കൽ - MoRD സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയത് മൂലം അധിക ചെലവ്	1-29
35	പുന്നംപൂഴിക്കുളം - കോരംകുളം പുനരുദ്ധാരണം – പ്രവൃത്തി പൂർത്തീകരണത്തിൽ നീതീകരിക്കാനാവാത്ത കാലതാമസം	1-30
36	സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ -നികുതികൾ ഈടാക്കിയിട്ടില്ല	1-31
37	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തിയാക്കിയ ഇന്റർലോക്ക് ടൈൽ പ്രവൃത്തികളുടെ തുക നൽകിയത്	1-32
38	മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പു പദ്ധതി - കരാറുകാരിൽ നിന്നും ഈടാക്കുന്ന നികുതികൾ ബന്ധപ്പെട്ട വകുപ്പുകളിലേയ്ക്ക് നൽകുന്നില്ല	1-33
39	മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി - കയർ ഭൂവസ്ത്രം വിരിച്ചതായി രേഖപ്പെടുത്തിയ അളവിലും വളരെ ഉയർന്ന അളവിൽ കയർ ഭൂവസ്ത്രം വങ്ങിയതായി രേഖപ്പെടുത്തി തുക അനുവദിച്ചു	1-34
40	സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ - ഒരേ ഇനം പ്രവൃത്തിയ്ക്കുള്ള ബോർഡിന് വ്യത്യസ്ത നിരക്കിൽ തുക അനുവദിച്ചതു മൂലം അധിക ചെലവ്.	1-35
41	ആദായ നികുതി സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിട്ടില്ല.	1-36
42	മൂല്യനിർണ്ണയ സാക്ഷ്യപത്രമില്ലാതെ പദ്ധതി ധനസഹായം പൂർണ്ണമായി നൽകി	1-37
43	ബയോബിൻ-വികസനഫണ്ടിൽ നിന്നും മുഴുവൻ തുകയും ചെലവഴിച്ചു	1-38
44	കന്നുകുട്ടി പരിപാലനം-വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല	1-39
45	എച്ച്.എം നിർവഹണം നടത്തിയ പ്രോജക്ടുകൾ രേഖകൾ ലഭ്യമായില്ല	1-40
46	മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ പ്രോജക്ടുകളിലെ അപാകതകൾ	1-41
47	ലൈഫ് ഭവന പദ്ധതി - അഡ്വാൻസ് കൈപ്പറ്റിയിട്ടും ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല	1-42
48	ശുചിത്വ പരിപാലനം ഹരിത കർമ്മ സേനയിലൂടെ	1-43
	ഭാഗം 2	
1	പുതുക്കിയ നിരക്കിൽ കെട്ടിടനികുതി ക്രമീകരിച്ച് ഈടാക്കിയില്ല	2-1
2	വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല	2-2
3	ലൈസൻസ് ഫീസ് കുറവ് ഈടാക്കിയത് സംബന്ധിച്ച്	2-3
	ഭാഗം 3	
1	സാമൂഹ്യ സുരക്ഷ പെൻഷൻ - മരണപ്പെട്ടശേഷവും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക നൽകുന്നു	3-1
2	മിനി ബയോഗ്യാസ് പ്ലാന്റ് -കരാർ സ്ഥാപനത്തിന് അംഗീകരിച്ച നിരക്കിലുമധികം നൽകി	3-2
3	പാർപ്പിട ഭൂമി കല്ല് കെട്ടി സംരക്ഷിക്കൽ - MoRD സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയത് മൂലം അധിക ചെലവ്	3-3
4	സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ -നികുതികൾ ഈടാക്കിയിട്ടില്ല	3-4
5	സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ - ഒരേ ഇനം പ്രവൃത്തിയ്ക്കുള്ള ബോർഡിന് വ്യത്യസ്ത നിരക്കിൽ തുക അനുവദിച്ചതു മൂലം അധിക ചെലവ്.	3-5
6	ആദായ നികുതി സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിട്ടില്ല	3-6

ഭാഗം 4		
1	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-3
4	വായ്പ / വായ്പാതിരിച്ചടവ്	4-4
5	സ്ഥിരനിക്ഷേപങ്ങൾ	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം	4-7
8	ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1-1 വാടക,ലേല രജിസ്റ്ററുകളിലെ തുകകളും വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കുകളും വാടക, ലേല ഡിമാന്റ് രജിസ്റ്ററുകളിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല. വാടക രജിസ്റ്റർ പ്രകാരം 2023-24 ലെ തൻവർഷ വാടകയിനത്തിലെ ആകെ വരവ്, കുടിശ്ശിക എന്നിവ യഥാക്രമം ₹59,708/-യാണ്.എന്നാൽ വാർഷിക കണക്കിൽ ഈ തുകകൾ യഥാക്രമം ₹2,02,518/- ,₹1,50,750/-എന്നിങ്ങനെയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994-ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 27.06.2024 ലെ 1-ാം നമ്പർ കമ്മറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 29.07.2024 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള തൈക്കാട്ടുശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2024 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി തൈക്കാട്ടുശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

1-1-2 ഡെപ്പോസിറ്റ്,അഡ്വാൻസ് രജിസ്റ്റർ വിവരങ്ങൾ പൂർണ്ണമല്ല.വാർഷിക കണക്കുകളിൽ ചേർത്തിരിക്കുന്ന തുകയുടെ ആധികാരികത ഉറപ്പാക്കാനാകുന്നില്ല

2023-24 സാമ്പത്തിക വർഷത്തെ ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവയും ബന്ധപ്പെട്ട ലഡ്ജറുകളിലെ വിവരങ്ങളും പൊരുത്തപ്പെടുന്നില്ല. ആയതിനാൽ ഗ്രാമപഞ്ചായത്ത് തിരികെ നൽകേണ്ട ഡെപ്പോസിറ്റുകളുടേയും ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂൾ പ്രകാരം പഞ്ചായത്ത് വിവിധ വകുപ്പുകൾ/ഏജൻസികൾ എന്നിവക്ക് നൽകിയിട്ടുള്ള ഡെപ്പോസിറ്റുകളുടേയും മുൻകൂറുകളുടേയും നീക്കിയിരുപ്പ് വിവരങ്ങളുടേയും ആധികാരികത ഉറപ്പാക്കാനാകുന്നില്ല. മുൻവർഷങ്ങളിലെ ഡെപ്പോസിറ്റുകളും അഡ്വാൻസുകളും മുന്നിരിപ്പ് എന്ന രീതിയിലാണ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്. ഇവയുടെ വിശദാംശങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ തിരികെ നൽകാനും വിനിയോഗവിവരങ്ങൾ ലഭിക്കാനും ഉള്ളതായി ചേർത്തിരിക്കുന്ന തുകകളുടെ കൃത്യത ഉറപ്പാക്കാനാകുന്നില്ല. ഈ സാമ്പത്തിക വർഷം വാട്ടർ അതോറിറ്റിക്ക് പ്രോജക്ട് പ്രകാരം നൽകിയ ₹ 3,36,000 രൂപ, കെ.എസ്.ഇ.ബിക്ക് നൽകിയ ₹64048 രൂപ എന്നിവയൊന്നും രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-3 വസ്തു നികുതി,ബിൽഡിംഗ് പെർമിറ്റ്,തൊഴിൽ നികുതി,ലൈസൻസ് ഫീ എന്നിവയുടെ ഡിമാന്റ്,കളക്ഷൻ,ബാലൻസ് സഞ്ചയ സോഫ്റ്റ്വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ്വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല. അതേ പോലെ ബിൽഡിംഗ് പെർമിറ്റ്, തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നിവയുടെ രജിസ്റ്ററിൽ ലഭിച്ച തുകയുടെ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ഇതിനാൽ വാർഷിക കണക്കിൽ ചേർത്തിട്ടുള്ള തുകയുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

1-1-4 സാമ്പത്തിക വർഷത്തിൽ പൂർത്തീകരിക്കാനുള്ള എല്ലാ ചെലവുകൾക്കും തുക വകയിരുത്തിയിട്ടില്ല

സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്കൊന്നിനും (ഉദാ: കരാർ ജീവനക്കാർ, ദിവസവേതനക്കാർ എന്നിവരുടെ 2024 മാർച്ചിലെ വേതനം, ജനപ്രതിനിധികളുടെ ഓണറേറിയം, വൈദ്യുതി ചാർജ്ജ്, ടെലഫോൺ Etc.) ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. സ്ഥിരം ജീവനക്കാരല്ലാത്ത ധാരാളം പേർ ഡ്രൈവർ, സ്വീപ്പർ, ഡാറ്റാ എൻട്രി ഓപ്പറേറ്റർ, മറ്റ് താത്കാലികക്കാർ എന്നിവരെല്ലാം മാർച്ച് മാസത്തിലെ ജോലി പൂർത്തീകരിച്ചശേഷവും മാർച്ച് മാസത്തെ കണ്ടിജന്റ് ചെലവുകളുമായി ബന്ധപ്പെട്ട ബില്ലുകൾ ലഭ്യമായതിനുശേഷവുമാണ് വാർഷിക ധനകാര്യപത്രിക തയ്യാറാക്കി അംഗീകാരം തേടുന്നത്. ഈ പത്രികയിൽ വേതന, കണ്ടിജന്റ് ബാധ്യതാവിവരം ഉൾപ്പെടുത്താത്തത് ഡബിൾ എൻട്രി അക്കൗണ്ടിൽ സമ്പ്രദായത്തിന് വിരുദ്ധമാണ്.

1-1-5 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള സാമ്പത്തിക അനുപാതങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, 2011 ചട്ടം 62(2) (എഫ്)-ൽ പ്രതിപാദിച്ചിട്ടുള്ള അടിസ്ഥാന സാമ്പത്തിക അനുപാതങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

1-2 ബജറ്റ്

2023-24 വർഷത്തെ ബജറ്റ് 27.03.2023 തീയതിയിലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. തുടർന്ന് 09.02.2024 ലെ 1(1) നമ്പർ തീരുമാന പ്രകാരം പരിഷ്കരിച്ചു.

	വരവ്	ചെലവ്
ബജറ്റ് പ്രകാരം	₹23,20,58,596/-	₹22,99,66,500/-
വാർഷിക കണക്ക് പ്രകാരം (ഇൻകം & എക്സ്പെന്റിച്ചർ പത്രിക പ്രകാരം)	₹13,68,26,742/-	₹15,92,74,440/-

1-3 സാമ്പത്തിക വിശകലനം (റസിപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)

മുന്നിരിപ്പ്	₹1,55,12,136.16
വരവ്	₹5,72,89,023
ആകെ	₹7,28,01,159.16
ചെലവ്	₹5,43,64,320/-
നീക്കിയിരിപ്പ്	₹1,84,36,839.16

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്	അലോട്ട്മെന്റ് പ്രകാരം വരവ്	ആകെ	ചെലവ്	ബാങ്ക് നീക്കിയിരിപ്പ്	ലാപ്സായ തുക
വികസന ഫണ്ട്(ജനറൽ)	-	₹1,77,76,000	₹1,77,76,000	₹1,30,10,403/-	-	₹47,65,597/-
വികസന ഫണ്ട് (എസ്.സി.പി)	-	₹59,50,000/-	₹59,50,000/-	₹42,75,426/-	-	₹16,74,574/-
വികസന ഫണ്ട് (ടി.എസ്.പി)	-	₹116,000	₹1,16,000/-	₹1,00,649/-	-	₹15,351/-
മെയിന്റനൻസ് ഗ്രാന്റ്-(റോഡ്)	-	₹68,83,350	₹68,83,350	₹9,66,656/-	-	₹59,16,694/-
മെയിന്റനൻസ്ഗ്രാന്റ്-(നോൺറോഡ്)	-	₹32,48,000/-	₹32,48,000	₹30,47,993/-	-	₹2,00,007/-
സി.എഫ്.സി അൺടൈഡ് ഗ്രാന്റ്	₹19,19,277/-	₹31,62,445/- (Incl.218445 (Int))	₹50,81,722/-	₹34,22,640/-	₹16,59,082	-
സി.എഫ്.സി –ടൈഡ് ഗ്രാന്റ്	₹70,41,929/-	₹22,07,500/-	₹92,49,429/-	₹45,33,614/-	₹47,15,815/-	-

വിവിധ ഗ്രാന്റിനങ്ങളിൽ ഗ്രാമപഞ്ചായത്തിന് 2023-24 സാമ്പത്തിക വർഷം ലഭിച്ച തുകയിൽ ₹1,25,72,223/-ചെലവഴിക്കപ്പെടാതെ ലാപ്സായി പോയിട്ടുള്ള വിഷയം സവിശേഷമായി പരിശോധിച്ച് വരും വർഷത്തെ പ്രോജക്ട് നിർവ്വഹണ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ചത്-ശതമാനം
178	₹12,20,71,253.00	80	3,76,76,014	17	81	44.94%

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണചെലവുകൾ	0	5,53,003	5,53,003	552879	124
ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത്	0	5,34,59,055	5,34,59,055	5,34,59,055	0
മൂലധനചെലവുകൾ		36,65,066	36,65,066	36,65,066	
ആകെ	**0**	**5,76,77,124**	**5,76,77,124**	**5,76,77,000**	**124**

1-7 ക്ഷേമപദ്ധതികൾ

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	₹29,040/-	37
കർഷക തൊഴിലാളി പെൻഷൻ	₹41,13,200/-	398
വിധവാ പെൻഷൻ	₹71,68,600	726
വാർദ്ധക്യകാല പെൻഷൻ	₹1,61,47,800/-	2011
വികലാംഗ പെൻഷൻ	₹23,70,300/-	231
അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം	₹6,90,800/-	70
വിവാഹ ധനസഹായം	₹30,000/-	1

1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.11.2024 തീയതിയിൽ 03:00 PM സമയത്ത് പഞ്ചായത്ത് അധികൃതരുടെ സാന്നിദ്ധ്യത്തിൽ നടത്തി. പരിശോധനയിൽ 11,221/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2. ഇലക്ട്രോണിക് ഉപകരണങ്ങളുടേയും, മറ്റ് സാമഗ്രികളുടേയും സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി വാർഷിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

3. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

4. മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി - മെറ്റീരിയൽസ് വിതരണം നടത്തുന്ന കരാറുകാരിൽ നിന്നും ഈടാക്കുന്ന നികുതികൾ യഥാസമയം ബന്ധപ്പെട്ട വകുപ്പുകളിൽ ഒടുക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

1-10 ഗുണഭോക്തൃ വിഹിതം ഈടാക്കിയതിലെ അപാകതകൾ

2023-24 സാമ്പത്തിക വർഷം വി.ഇ.ഒ, പൂച്ചാക്കൽ സർക്കിൾ നടപ്പിലാക്കിയ ബയോബിൻ (പ്രോജക്ട് നം : S0133/23-24) എന്ന പദ്ധതിയ്ക്കായി ഗുണഭോക്തൃ വിഹിതം ഈടാക്കാൻ ഉപയോഗിച്ച 3228 നമ്പർ രസീത് ബുക്ക് പ്രകാരം 140/- രൂപ നിരക്കിൽ 85 ഗുണഭോക്താക്കളിൽ നിന്നും ആകെ 11,900/- രൂപ ഈടാക്കിയിട്ടുണ്ട്. എന്നാൽ 3 ഗുണഭോക്താക്കളുടെ വിഹിതമായ 420/- രൂപ പഞ്ചായത്തിൽ ഒടുക്ക് വരുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകവയറിയ്ക്ക് (2/02.12.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. 3 ഗുണഭോക്താക്കളുടെ ഗുണഭോക്തൃ വിഹിതം പഞ്ചായത്തിൽ ഒടുക്കി രസീതിന്റെ പകർപ്പ് സഹിതം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

1-11 പുതുക്കിയ നിരക്കിൽ കെട്ടിടനികുതി ക്രമീകരിച്ച് ഈടാക്കിയില്ല

കേരള സർക്കാർ തദ്ദേശസ്വയംഭരണ ആർ.സി.വകുപ്പ് പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് (അച്ചടി)നം.25/2023/ എൽ.എസ്.ജി.ഡി., തീയതി 05.04.2023 (SRO No.479/23) പ്രകാരം 01.04.2023

പ്രാബല്യത്തിൽ വസ്തുനികുതി പരിഷ്കരിക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും വസ്തുനികുതി 01.04.2023 പ്രാബല്യത്തിൽ പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ ഉത്തരവ് (കൈ)നം.77/2023 /എൽ.എസ്.ജി.ഡി., തീ.22.03.2023 പ്രകാരം പുറപ്പെടുവിച്ചിരുന്നു. ഈ ഉത്തരവിലെ വ്യവസ്ഥ 8 പ്രകാരം 2023-24 മുതൽ പുതുതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങൾക്ക് ബാധകമാക്കേണ്ട നികുതിനിരക്കുകളും മേഖലകളും റോഡുകളുടെ തരംതിരിവ് പുതുക്കലും വിജ്ഞാപനം ചെയ്ത് അന്തിമമാക്കണം (അന്തിമവിജ്ഞാപനം നടത്തി പുതുക്കിയ നിരക്കിലുള്ള വസ്തുനികുതി ഈടാക്കുവാൻ ആരംഭിച്ച തീയതിവരെയുള്ള വസ്തുനികുതി പുതുക്കി നിർണ്ണയിച്ച് വ്യത്യാസമുള്ള തുക ക്രമീകരിക്കുകയോ/ ഈടാക്കുകയോ ചെയ്യേണ്ടതാണ്).

ഗ്രാമപഞ്ചായത്തിൽ 25.08.2023ലെ കമ്മിറ്റിയിൽ ഫയൽനം.SC1/1223/23 തീരുമാനം നം.1 പ്രകാരം 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതിയിൽ എല്ലാ നിരക്കുകളും പുതുക്കി നിർണ്ണയിച്ച് അന്തിമവിജ്ഞാപനം ചെയ്ത് തീരുമാനിച്ചു. എന്നാൽ മേൽ സർക്കാർ ഉത്തരവുകൾ പ്രകാരം 01.04.2023 മുതൽ അന്തിമവിജ്ഞാപനം പുറപ്പെടുവിച്ചതുവരെയുള്ള കാലയളവിൽ വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ നികുതി പുതുക്കി തുക ക്രമീകരിച്ച് ഈടാക്കേണ്ടതാണ്.

ശ്രീ ഭഗവതി ട്രേഡേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് (6/616C) എന്ന സ്ഥാപനത്തിന്റെ വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നത് 20.04.2023 ലാണ്. എന്നാൽ ടി സ്ഥാപനത്തിന്റെ വസ്തു നികുതി പുതുക്കിയ നിരക്കിലേക്ക് ക്രമീകരിച്ചിട്ടില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

(1) ഉപയോഗക്രമത്തിനനുസരിച്ച് വസ്തു നികുതി നിർണ്ണയിച്ചിട്ടില്ല.

സഞ്ചയയിൽ രേഖപ്പെടുത്തിയ ഉപയോഗക്രമം	സഞ്ചയയിൽ രേഖപ്പെടുത്തേണ്ട ഉപയോഗക്രമം		നികുതി നിർണ്ണയിച്ചത്	നികുതി നിർണ്ണയിക്കേണ്ടത്	നഷ്ടം
വാണിജ്യാവിശ്യത്തിനുള്ളവ 200 ച.മീറ്റർ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ	ഗോഡൗൺ ഉൾപ്പടെ സ്റ്റോറേജ് കെട്ടിടങ്ങൾ - 500 ച.മീറ്ററിന് മുകളിൽ ഉള്ളവ	അടിസ്ഥാന വസ്തു നികുതി	5,355.83 ച.മീ @ 70 = 3,74,908	5,355.83 ച.മീ @ 90 =4,82,025	
		വഴി സൗകര്യം - 20% വർദ്ധനവ്	(+) 74,981.6	(+) 96405	
		മേൽക്കൂര - 10% ഇളവ്	(-) 37,490.8	(-) 48202.5	
		നികുതി	4,12,399	530227	
		ലൈബ്രറി സെസ് - 5%	(+) 20,620	(+) 26511	
		ആകെ	4,33,019	556738	1,23,719

(2) വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ്.

ശ്രീ ഭഗവതി ട്രേഡേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ (6/616C) ഓഫീസ് കെട്ടിടത്തിനു നികുതി നിർണ്ണയിച്ചതിൽ കുറവ് സംഭവിച്ചിട്ടുണ്ട്. അന്തിമവിജ്ഞാപന പ്രകാരം പുതുക്കി നിർണ്ണയിച്ച ഓഫീസ് കെട്ടിടങ്ങൾക്ക് 45/- രൂപ നിരക്കിലാണ് വസ്തു നികുതി ഈടാക്കേണ്ടത് . സഞ്ചയ പ്രകാരം സ്ഥാപനത്തിന്റെ വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നത് 30/-

രൂപ നിരക്കിലാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

ഫ്ലോർ		നികുതി നിർണ്ണയിച്ചത്	നികുതി നിർണ്ണയിക്കേണ്ടത്	നഷ്ടം
താഴത്തെ നില	അടിസ്ഥാന വസ്തു നികുതി	29.73 ച.മീ @30 = 891.9	29.73 ച.മീ @45 = 1337.85	562
	20% വർദ്ധനവ് - വഴി സൗകര്യം	(+) 178.38	(+) 267.57	
	നികുതി	1070	1605	
	ലൈബ്രറി സെസ് - 5%	(+) 53.5	(+) 80.25	
	ആകെ	1123	1685	
ഒന്നാം നില	അടിസ്ഥാന വസ്തു നികുതി	29.73 ച.മീ @30 = 891.9	29.73 ച.മീ @45 = 1337.85	482
	20% വർദ്ധനവ് - വഴി സൗകര്യം	(+) 178.38	(+) 267.57	
	നികുതി	1070	1605	
	5%- ഇളവ് - ഒന്നാം നില	-	(-) 80.25	
	ലൈബ്രറി സെസ് - 5%	(+) 53.5	(+) 80.25	
	ആകെ	1123	1605	
രണ്ടാം നില	അടിസ്ഥാന വസ്തു നികുതി	29.73 ച.മീ @30 = 891.9	29.73 ച.മീ @45 = 1337.85	402
	20% വർദ്ധനവ് - വഴി സൗകര്യം	(+) 178.38	(+) 267.57	
	നികുതി	1070	1605	
	10%- ഇളവ് - ഒന്നാം നില	-	(-) 160.5	
	ലൈബ്രറി സെസ് - 5%	(+) 53	(+) 80.25	
	ആകെ	1123	1525	
ആകെ		3369	4815	1446/-

എല്ലാ വാർഡുകളിലും ഇപ്രകാരം ക്രമീകരണം വരുത്തി നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിയ്ക്ക് (33/07.12.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. 01.04.2023 മുതൽ അന്തിമവിജ്ഞാപനം പുറപ്പെടുവിച്ചതുവരെയുള്ള കാലയളവിൽ വസ്തുനികുതി നിർണ്ണയിച്ച എല്ലാ കെട്ടിടങ്ങളുടെയും വസ്തുനികുതി പുതുക്കി തുക ഈടാക്കിയ വിവരം അറിയിക്കേണ്ടതാണ്.
വസ്തു നികുതി പുതുക്കിയ നിരക്കിലേക്ക് ക്രമീകരിക്കാത്തത് മൂലമുണ്ടായ ആകെ നഷ്ടുകയായ 1,25,165/- രൂപ ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-12 തൊഴിൽ നികുതി ഈടാക്കിയിതിലെ അപാകതകൾ

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204(ii)എ(i), 1996 ലെ കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും, പൊതുവോ, സ്വകാര്യമായ ഏതെങ്കിലും തൊഴിലിൽ ഏർപ്പെടുന്ന ഏതൊരു സ്ഥാപനം/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. പഞ്ചായത്തിലെ 2023-24 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതിയും ലൈസൻസും സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും, പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

(1) പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	നികുതി ഒടുക്കേണ്ട അർദ്ധവർഷം	ജീവനക്കാരുടെ എണ്ണം
1	വേൾഡ് വൈഡ് എക്സ്പോർട്സ്	I & II	6
2	ഖമറോ ഫ്യൂവൽസ്	I & II	8
3	തൈക്കാട്ടുശ്ശേരി ഫ്യൂവൽസ്	I & II	6
4	റിബ മറൈൻ	I & II	50
5	സതേൺ മിനറൽ ഇൻഡസ്ട്രീസ്	I & II	8
6	അക്ഷയ സെന്റർ	I & II	3
7	അക്ഷയ ഇ സെന്റർ, പൂച്ചാക്കൽ	I & II	-
8	പ്രീന കയർ വർക്കസ്	I & II	12
9	ദേവീ ഭാരത് ഗ്യാസ് ഡിസ്ട്രിബ്യൂട്ടേഴ്സ്	I & II	7
10	എസ്.പി.സൂപ്പർമാർക്കറ്റ്	I & II	5

(2) പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ I&II അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.
മേൽ പരാമർശങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ക്രമ നം.	സ്ഥാപനത്തിന്റെ പേര്
1	റേഷൻകടകൾ
2	ചെറുപുഷ്പം ഫൈനാൻസ്
3	ചീരൻസ് ഫൈനാൻസ്

സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കാതിരുന്നതിന്റെ വിശദീകരണം ആവശ്യപ്പെട്ട്

നൽകിയ ഓഡിറ്റ് എൻകൃയറിയിക്ക് (27/06.12.2024) മറുപടി ലഭ്യമല്ല. പട്ടികയിൽ പരാമർശിച്ച സ്ഥാപന ഉടമകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-13 ലേല തുക സമയബന്ധിതമായി ഒടുക്കിയില്ല

പഞ്ചായത്തിന്റെ 2023-24 വർഷത്തെ മണപ്പുറം - ചെമ്മനാകരി കടത്ത് ലേലം ശ്രീ.രാജേഷ്.എം.ആർ എന്ന വ്യക്തിയുടെ പേരിൽ 28.02.2023 തീയതിയിലെ പഞ്ചായത്ത് കമ്മറ്റിയുടെ 4(1) തീരുമാന പ്രകാരം 15,78,268 /- രൂപയ്ക്ക് ലേലം ഉറപ്പിക്കുകയും 02.03.2023 തീയതിയിൽ ആദ്യ ഗഡുവായ 4,50,000 /- രൂപ ഒടുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് സെക്രട്ടറിയുമായി ഏർപ്പെട്ടിട്ടുള്ള കരാറിലെ അഞ്ചാം നിബന്ധന പ്രകാരം ബാക്കിയുള്ള ലേലതുക തുല്യ ഗഡുക്കളായി 2023 ജൂൺ 30, 2023 ഡിസംബർ 31 എന്ന തീയതികളിൽ ഒടുക്കേണ്ടതാണ്. എന്നാൽ പിന്നീടുള്ള രണ്ട് ഗഡുക്കൾ നാളിതുവരെ ഒടുക്കിയിട്ടില്ല. കരാർ പ്രകാരം വീഴ്ച വരുത്തിയാൽ 18% പലിശ സഹിതം തുക ഈടാക്കി പഞ്ചായത്തിൽ ഒടുക്കേണ്ടതാണ്. വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിയ്ക്ക് (30/07.12.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. കടത്ത് ലേലം കൊണ്ട കരാറുകാരന്റെ പക്കൽ നിന്നും ഈടാക്കേണ്ട ബാക്കി ലേല തുകയും അതിന്റെ 18% പലിശയും ഉൾപ്പെടെ 13,31,356/- രൂപ ഈടാക്കി രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-14 വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല

(A) 2023-24 സാമ്പത്തിക വർഷം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടമുറികളുടെ വാടക സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ ചില കടമുറികളുടെ വാടകയിൽ കുടിശ്ശികയുള്ളതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	വാടകയ്ക്ക് എടുത്തിരിക്കുന്ന വ്യക്തിയുടെ പേര്	കടമുറിയുടെ വിവരങ്ങൾ	പ്രതിമാസ വാടക (ജി.എസ്.ടി ഉൾപ്പെടെ)	വാടക ഒടുക്കിയ മാസം / തുക	വാടക ഒടുക്കാൻ അവശേഷിക്കുന്ന മാസം	വാടക കുടിശ്ശിക
1	ജോസഫ്	പഞ്ചായത്ത് ഓഫീസ് ഷോപ്പിംഗ് കോംപ്ലക്സ്. കിഴക്കുനിന്ന് 1ാം മുറി	1542	ഏപ്രിൽ 2023 – ജനുവരി 2024 (10 മാസം)	ഫെബ്രുവരി 2024 – മാർച്ച് 2024 (2 മാസം)	3084 (1542x2)
2	വാസുദേവൻ	പഞ്ചായത്ത് ഓഫീസ് ഷോപ്പിംഗ് കോംപ്ലക്സ്. കിഴക്കുനിന്ന് 3ാം മുറി	1818	-	ഏപ്രിൽ 2023 – മാർച്ച് 2024 (12 മാസം)	21816 (1818x12)
3	ജെയ്സൺ	പൂച്ചാക്കൽ മാർക്കറ്റ് -പുതിയ കെട്ടിടം - N2	3903	ഏപ്രിൽ2023-ഓഗസ്റ്റ് 2023 (5 മാസം)	സെപ്റ്റംബർ 2023 – മാർച്ച 2024 (7 മാസം)	27321 (3903x7)
4	മജീദ്	പൂച്ചാക്കൽ മാർക്കറ്റ് -പുതിയ കെട്ടിടം N3	3903	ഏപ്രിൽ 2023 – നവംബർ 2023 (8 മാസം)	ഡിസംബർ 2023 – മാർച്ച് 2024 (4 മാസം)	15612 (3903x4)
5	കബീർ	പൂച്ചായ്ക്കൽ പഴയ	1539	ഏപ്രിൽ 2023 –	ഡിസംബർ 2023 – മാർച്ച് 2024	6156 (1539x4)

		കെട്ടിടം - തെക്ക് നിന്ന് 5ാം മത്		നവംബർ 2023 (8 മാസം)	(4മാസം)	
6	അശോന്ദ്രൻ	പൂച്ചാക്കൽ മാർക്കറ്റ് - പുതിയ കെട്ടിടം - N5	3903		ഏപ്രിൽ 2023 – മാർച്ച് 2024 (12 മാസം)	46836 (3903x12)
ആകെ						1,20,825/-

വാടക കുടിശ്ശിക സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിയ്ക്ക് (31/07.12.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശിച്ച വ്യക്തികളിൽ നിന്നും വാടക കുടിശ്ശിക ഇനത്തിൽ ഒടുക്കേണ്ട 1,20,825/- രൂപ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

(B) തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 06.03.2023 തീയതിയിലെ 1225/22 നമ്പർ നോട്ടീസ് പ്രകാരം ശ്രീ. അശോന്ദ്രൻ (ക്രമനം 6) എന്ന വ്യക്തി 2021 ജനുവരി മുതൽ 2023 മാർച്ച് വരെ വാടക കുടിശ്ശിക വരുത്തിയതു മൂലം 92,718/- രൂപ (ജി.എസ്.ടിയും പിഴ പലിശയും ഉൾപ്പെടെ) അടവാക്കാൻ പഞ്ചായത്ത് നോട്ടീസ് നൽകിയിട്ടുള്ളതാണ്. എന്നാൽ 13.04.2023 തീയതിയിലെ 1230100063 നമ്പർ രസീത് പ്രകാരം ജി.എസ്.ടി യും പിഴ പലിശയും ഒഴികെയുള്ള ബാക്കി തുകയായ 64,800/- രൂപയാണ് ആകെ പഞ്ചായത്തിൽ ഒടുക്ക് വരുത്തിയിട്ടുള്ളത്. ഇത്തരം അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിയ്ക്ക് (31/07.12.2024) മറുപടി ലഭ്യമാക്കിയില്ല. ഇത്തരത്തിൽ കുടിശ്ശിക ഈടാക്കുന്നത് തെറ്റായ രീതിയാണ്. വാടക കുടിശ്ശിക ഈടാക്കുമ്പോൾ കുടിശ്ശിക, ജി.എസ്.ടി, പിഴ പലിശ എന്നിവ ഒന്നിച്ച് ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2024ലെയും മുൻവർഷത്തെയും വാടക കുടിശ്ശിക ഇനത്തിൽ ഒടുക്കേണ്ട തുകകൾ ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും പ്രത്യേകം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-15 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കൽ - അപാകതകൾ

പഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

(1) കേരളാ പഞ്ചായത്ത് രാജ് ആക്ട്- 232 വകുപ്പിന്റെ 31-10-2017 ലെ ഭേദഗതി ചട്ടങ്ങളിലെ ചട്ടം 7 പട്ടിക II പ്രകാരം ലൈസൻസ് ഫീ ഇനത്തിൽ ഈടാക്കാവുന്ന പരമാവധി ഫീസ് നിജപ്പെടുത്തിയിട്ടുണ്ട്. ഇതിൽ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ്ജ് എന്റർപ്രൈസസ് എന്നിവയുടെ അടിസ്ഥാനത്തിൽ ഈടാക്കാവുന്ന ഫീസ് നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. ഇപ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലുള്ള പ്രസ്തുത പട്ടിക പ്രകാരമുള്ള നിരക്ക് ഈടാക്കേണ്ടതുണ്ട്. എന്നാൽ സ്ഥാപനങ്ങളുടെ ലൈസൻസ് അപേക്ഷയിൽ മൂലധന നിക്ഷേപം സംബന്ധിച്ച വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഈടാക്കിയ ഫീസിന്റെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	അപേക്ഷകന്റെ പേര്	ഒടുക്കിയ തുക	ബിൽ നം./തീയതി
1	പൊൻപുറത്ത് ഹാർഡ് വെയർ സ്റ്റോഴ്സ്	അനിൽ കുമാർ. ആർ	300	1230100163/ 28.04.2023
2	ബിസ്മി സ്റ്റോഴ്സ്	ബീവി.പി.കെ	200	1230100012/ 04.04.2023
3	റോസ് പെയിന്റ്സ് ആന്റ് കോട്ടിങ്സ്	ജോസഫ് ചാക്കോ	2000	1230100438/ 09.06.2023
4	സൺ പോളിമേഴ്സ്	റ്റി.എം.മുഹമ്മദ് സുബൈർ	2500	1230103479/ 23.03.2023
5	ആദിത്യ ഫ്ലോർ മിൽ	രജിമോൾ.കെ.ആർ	300	1230100116/

				20.04.2023
6	ബാബൂസ് റ്റീ സ്റ്റാൾ	സതീഷ്ബാബു.പി	200	1230100285/ 17.05.2023
7	എസ്സ്.പി.സൂപ്പർമാർക്കറ്റ്	സതീഷ് ചന്ദ്രൻ.പി.സി	2000	1230100264/ 16.05.2023
8	യെസ്സ് ഫുഡ്സ് എക്സ്പോർട്ട്	ഷിബു പ്രഭാകരൻ	2000	1230100029/ 10.04.2023
9	ഷിയാസ്.വി.എ	ഷിയാസ് സ്റ്റോഴ്സ്	200	1230100228/ 08.05.2023
10	സോണി.കെ.ജെ	അമ്മാസ് സൂപ്പർ മാർക്കറ്റ്	2000	1220103216/ 06.03.2023

പഞ്ചായത്തിൽ വ്യത്യസ്ത തുകയാണ് ലൈസൻസ് ഫീസ് ഇനത്തിൽ ഈടാക്കി വരുന്നതെങ്കിലും വ്യത്യസ്ത നിരക്ക് നിർണ്ണയിച്ചത് എപ്രകാരമാണെന്നത് സംബന്ധിച്ച് മറ്റ് രേഖകളൊന്നും സൂക്ഷിച്ചിട്ടില്ല. അപേക്ഷകളിൽ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതും പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ സംരംഭങ്ങൾക്കും ചട്ടം 7 പ്രകാരമുള്ള ഫീസ് ഈടാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

(2) മോട്ടോർ റണ്ണിംഗ് ഫീ ഈടാക്കുന്നതിലെ അപാകതകൾ

യന്ത്രത്തിന്റെ കുതിരശക്തി രേഖപ്പെടുത്താത്തതും ഫീ ഈടാക്കാത്തതുമായ സ്ഥാപനങ്ങളുടെ പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	അപേക്ഷകന്റെ പേര്	സ്ഥാപനത്തിന്റെ പേര്	ലൈസൻസ് നൽകിയിട്ടുള്ള പ്രവർത്തനങ്ങൾ
1	ശോഭന ഷൺമുഖൻ	പറവന്തറ സ്റ്റോഴ്സ്	പൊടിമിൽ
2	മേഴ്സി ജിജോ	കോളുതറ മിൽസ്	തടിമില്ല്

മേൽ പരാമർശിച്ച സ്ഥാപനങ്ങളിൽ നിന്നും മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻകയറിയ്ക്ക് (13/04.12.2024) സ്ഥാപനങ്ങൾക്ക് മോട്ടോർ റണ്ണിംഗ് ഫീസ് അടവാക്കുന്നതിനായി കത്ത് നൽകിയിട്ടുണ്ടെന്ന മറുപടി ലഭ്യമാക്കി. ടി സ്ഥാപനങ്ങളിൽ നിന്നും മോട്ടർ റണ്ണിംഗ് ഫീ ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

(3) ലൈസൻസ് ഫീ, തൊഴിൽ നികുതി ഒടുക്കാത്തത് സംബന്ധിച്ച്

അപേക്ഷകൾ പരിശോധിച്ചതിൽ പ്രീണ കയർ വർക്സ് എന്ന സ്ഥാപനം ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കിയിട്ടില്ലാത്തത് ഓഡിറ്റിന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. 52200789 ഡിമാൻഡ് നമ്പർ പ്രകാരം സ്ഥാപന ഉടമയ്ക്ക് 3500/- രൂപ ഈടാക്കുന്നതിനായി സെക്രട്ടറി 05.08.2023 തീയതിലെ 400394/RPTL20/General/2023/1877/(1) നമ്പർ കത്ത് നൽകിയിട്ടുള്ളതാണ്. എന്നാൽ ഡിമാൻഡ് ചെയ്ത തുക നാളിതുവരെ ഈടാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിയ്ക്ക് (13/04.12.2024) മൂന്നാമത്തെ പരാമർശമായ പ്രീന കയർ വർക്കസ് എന്ന സ്ഥാപനം 2023-24 വർഷം ലൈസൻസ് പുതുക്കിയിട്ടില്ലാത്തതാണെന്നും ടി സ്ഥാപനത്തിന് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ അടവാക്കുന്നതിനായി കത്ത് നൽകിയിട്ടുണ്ടെന്നുമാണ് മറുപടിയിൽ സൂചിപ്പിച്ചിരിക്കുന്നത്. ആയതിനാൽ മേൽ പറഞ്ഞ സ്ഥാപനത്തിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-16 ലൈസൻസ് ഫീസ് കുറവ് ഈടാക്കിയത് സംബന്ധിച്ച്

2023-24 വർഷത്തെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും നല്കുന്ന ലൈസൻസ് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ താഴെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ രേഖപ്പെടുത്തിയ മൂലധന നിക്ഷേപത്തിന് അനുസൃതമായി കേരളാ പഞ്ചായത്തി രാജ് ആക്ട്- 232 വകുപ്പിന്റെ 31-10-2017 ലെ ഭേദഗതി ചട്ടങ്ങളിലെ ചട്ടം 7 പട്ടിക II

പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	സ്ഥാപനം	സ്ഥാപനത്തിന്റെ മേഖല	വാർഡ് നമ്പർ/ കെട്ടിട നമ്പർ	അപേക്ഷ പ്രകാരമുള്ള മൂലധന നിക്ഷേപം	രസീത് നമ്പർ/ തീയതി	ഈടാക്കേണ്ട ലൈസൻസ് ഫീസ്	ഈടാക്കിയ ലൈസൻസ് ഫീസ്	നഷ്ടം
1	സ്റ്റാർസ് അലുമിനിയം ട്രേഡേഴ്സ്	നിർമ്മാണ മേഖല	9/214B	50,00,000	1230100523/ 23.06.2023	1000	500	500
2	സ്റ്റാർസ് അലുമിനിയം ട്രേഡേഴ്സ്	നിർമ്മാണ മേഖല	9/214D	50,00,000	1230100521/ 23.06.2023	1000	500	500
3	കൃഷ്ണ മെറ്റൽസ് & ഹാർഡ്വെയേഴ്സ്	നിർമ്മാണ മേഖല	9/214C	50,00,000	1230100522/ 23.06.2023	1000	500	500
ആകെ നഷ്ടം								1500

മൂലധന നിക്ഷേപത്തിന് അനുസൃതമായി ചട്ട പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കാത്തത് മൂലം പഞ്ചായത്തിനുണ്ടായ വരുമാന നഷ്ടം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (1/30.11.2024) ടി സ്ഥാപനങ്ങൾ ലൈസൻസ് ഫീസ് കുറവ് ഒടുക്കിയതിനു കത്ത് നൽകിയിട്ടുണ്ടെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും അധികമായി ഈടാക്കേണ്ട ലൈസൻസ് ഫീസ് 1500/- രൂപ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-17 ഓഡിറ്റോറിയങ്ങൾ, മറ്റ് വിവിധ സ്ഥാപനങ്ങൾ എന്നിവ ലൈസൻസ് എടുക്കുന്നില്ല

സഞ്ചയ പ്രകാരം ഗ്രാമപഞ്ചായത്തിൽ 8 ഓഡിറ്റോറിയങ്ങൾക്ക് നമ്പർ നല്കിയിട്ടുണ്ടെങ്കിലും ആരുംതന്നെ 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും, സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കൽ) ചട്ടങ്ങൾ പ്രകാരം ലൈസൻസ് എടുത്തിട്ടില്ല.

ക്രമ നം.	വാർഡ് നം./കെട്ടിട നം.	ഉടമസ്ഥന്റെ പേര് വിവരങ്ങൾ
1	1/206	വികാരി, സെന്റ് ആന്റണീസ് ചർച്ച്
2	6/265A	വരേകാട് ദേവസ്വം
3	6/301	നഗരി ശ്രീധർമശാസ്താ ക്ഷേത്രം
4	9/305A	ഗൗരിനാഥ ക്ഷേത്രം
5	11/39	തെക്കാട്ടുശ്ശേരി പുന്നക്കീഴിൽ ദേവസ്വം
6	12/65	വികാരി, ശ്രാമ്പിക്കൽ സെന്റ് മേരീസ് ചർച്ച്
7	13/157	വികാരി, സെന്റ് ആന്റണീസ് ചർച്ച്

8	14/264	വികാരി, സെന്റ് മേരീസ് ചർച്ച്

2) ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ജിംനേഷ്യങ്ങൾ, സ്റ്റുഡിയോകൾ മുതലായവ ലൈസൻസ് എടുത്തിട്ടുള്ളതായി കാണുന്നില്ല.

സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചതിന്റെ വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കുന്നതിന് മുൻവർഷ റിപ്പോർട്ടിൽ ആവശ്യപ്പെട്ടിരുന്നു. സ്വീകരിച്ച തുടർ നടപടിയുടെ വിശദാംശം അടിയന്തിരമായി ഓഡിറ്റിന് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിയ്ക്ക് (19/05.12.2024) ഓഡിറ്റോറിയങ്ങൾക്ക് ലൈസൻസ് എടുക്കുന്നതിനു അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണെന്നുള്ള മറുപടി ലഭ്യമാക്കി. ആയതിനാൽ മേൽ പരാമർശിച്ച സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നതിന് സത്വര നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-18 സാമൂഹ്യ സുരക്ഷാ പെൻഷൻ - അപാകതകൾ

തെക്കാട്ടുശേരി ഗ്രാമ പഞ്ചായത്തിലെ 2023-24 കാലയളവിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽ 06.07.2018 തീയതിയിലെ സ.ഒ.(എം.എസ്) നം. 241/2018/ധന നം. സർക്കാർ ഉത്തരവിലെ ഖണ്ഡിക 3 (4) പ്രകാരം നിലവിൽ തനതു ഫണ്ടുപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡിൽ നിന്ന് പെൻഷൻ വാങ്ങുന്നവർക്ക് ഏതെങ്കിലുമൊരു സാമൂഹ്യ സുരക്ഷാ പെൻഷൻ അർഹതാ മാനദണ്ഡങ്ങൾക്കു വിധേയമായി 600 രൂപ നിരക്കിൽ മാത്രമേ ലഭിക്കുകയുള്ളൂ. സേവന വെബ്സൈറ്റ് പരിശോധിച്ചതിൽ പ്രകാരം ക്ഷേമനിധി ബോർഡിൽ നിന്ന് പെൻഷൻ വാങ്ങുന്നവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിച്ചിരിക്കുന്നത് അർഹതാ മാനദണ്ഡങ്ങൾ പാലിക്കാതെയാണ്. മേൽ സൂചിപ്പിച്ച സർക്കാർ ഉത്തരവ് പ്രകാരം 600 രൂപ പെൻഷൻ നൽകുന്നതിന് പകരം 1600 രൂപയാണ് പെൻഷനായി വിതരണം ചെയ്യതിട്ടുള്ളത്. മാനദണ്ഡങ്ങൾ പരിപാലിക്കാതെ കൂടിയ നിരക്കിൽ പെൻഷൻ ലഭിച്ച ഗുണഭോക്താക്കളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം.	ഗുണഭോക്താവിന്റെ പേര്	പെൻഷൻ തരം	പെൻഷൻ ഐ.ഡി.
1	മാത്യു	ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	104300201677
		ക്ഷേമനിധി ബോർഡ് പെൻഷൻ (മെമ്പർ പെൻഷൻ)	2043201065
2	കുമാരൻ.പി.കെ	ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	104300201667
		ക്ഷേമനിധി ബോർഡ് പെൻഷൻ (മെമ്പർ പെൻഷൻ)	2043272953

മേൽ പരാമർശങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിയ്ക്ക് (9/03.12.2024) അധികമായി നൽകിയ തുക തിരികെ പിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച്

ഓഡിറ്റിനെ ബോധ്യപ്പെടുത്തുന്നതാണ് എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിനാൽ വരും വർഷങ്ങളിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-19 സാമൂഹ്യ സുരക്ഷ പെൻഷൻ - മരണപ്പെട്ടശേഷവും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക നൽകുന്നു

പഞ്ചായത്തിന്റെ സേവന ഡേറ്റ ബേസിലെ ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ വിവരവും 2023-24 കാലയളവിൽ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മരണപ്പെട്ടവരുടെ വിവരവും ഒത്തുനോക്കിയതിൽ മരണപ്പെട്ടവരുടെ പേരുവിവരങ്ങൾ സേവന ഡേറ്റാ ബേസിൽനിന്നും യഥാസമയം സസ്പെന്റ് ചെയ്യപ്പെടുന്നില്ല എന്നു കാണുന്നു.

(1) ഗുണഭോക്താക്കൾ മരണപ്പെട്ടാൽ തൊട്ടടുത്ത മാസം തന്നെ പെൻഷൻ സസ്പെൻഡ് ചെയ്യേണ്ടതാണെങ്കിലും നാളിതുവരെ പെൻഷൻ സസ്പെൻഡ് ചെയ്തിട്ടില്ലാത്തവരുടെ വിവരം താഴെ കൊടുക്കുന്നു.

ക്രമ നമ്പർ	ഗുണഭോക്താവിന്റെ പേര്	പെൻഷൻ തരം	പെൻഷൻ ഐ.ഡി.	മരിച്ച തീയതി	മരണം രജിസ്റ്റർ ചെയ്ത തീയതി
1	ജയിംസ് മാത്യൂ	ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	104300202302	18/06/2023	01/07/2023
2	വേലപ്പൻ	ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	104300200537	03/06/2023	01/07/2023
3	ഹരിദാസൻ	ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	104300202284	29/06/2023	03/08/2023
4	ചന്ദ്രമതിയമ്മ	ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	104300200885	31/08/2023	18/09/2023
5	ഗോപാലൻ	ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	104300200700	23/08/2023	05/10/2023
6	ചന്ദ്രമതി	ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	104300200104	03/11/2023	11/12/2023

7	മോഹനൻ	ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	104300202142	29/09/2023	05/01/2024
8	ഗോമതിയമ്മ	ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	104300200250	05/05/2024	24/05/2024
9	പത്മനാഭൻ.പി.കെ	കർഷക തൊഴിലാളി പെൻഷൻ	104300100183	05/06/2024	19/06/2024
10	കരുണാകരൻ	കർഷക തൊഴിലാളി പെൻഷൻ	104300100695	24/06/2024	10/07/2024
11	തങ്കമ്മ	ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	104300201248	12/05/2024	07/08/2024
12	ജോസഫ്	ഇന്ദിരാഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ സ്കീം – ശാരീരികം	104300400187	18/07/2024	16/08/2024
13	ചെല്ലമ്മ	ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	104300201251	30/08/2024	07/09/2024
14	മീനാക്ഷി	ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	104300200030	11/09/2024	23/09/2024
15	മാത്യു	ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	104300201677	16/10/2024	11/11/2024

മേൽ പരാമർശിച്ച പെൻഷണേഴ്സിന്റെ രേഖകളുടെ കൃത്യത ഉറപ്പ് വരുത്തി പെൻഷൻ സസ്പെന്റ് ചെയ്ത് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

(2)മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്യാത്തതിനാൽ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

ക്രമ നം.	ഗുണഭോക്താവിന്റെ പേര്	പെൻഷൻ തരം	പെൻഷൻ ഐ.ഡി.	മരിച്ച തീയതി	മരണം രജിസ്റ്റർ ചെയ്ത തീയതി	അനർഹമായ കാലയളവ്	അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക

1	പ്രസന്ന	ഇന്ദിരാ ഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ സ്കീം -ശാരീരികം	104300400262	25/11/2023	14/12/2023	12.2023 മുതൽ 05.2024 വരെ (6 മാസം)	9,600 (1600x6)
2	കുമാരൻ.പി.കെ	ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	104300201667	25/11/2023	14/12/2023	12.2023 മുതൽ 05.2024 വരെ (6 മാസം)	9,600 (1600x6)
3	വേലായുധൻ	ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	104300202181	28/12/2023	25/01/2024	01.2024 മുതൽ 05.2024 വരെ (5 മാസം)	8000 (1600x5)
4	സെയ്ദുമുഹമ്മദ്	ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	104300200469	25/03/2024	05/04/2024	04.2024 മുതൽ 05.2024 വരെ (2 മാസം)	3200 (1600x2)
5	രാഘവൻ	ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	104300201715	09/02/2024	24/04/2024	03.2024 മുതൽ 05.2024 വരെ (3 മാസം)	1800 (600x3)
6	ടി പി അശോകൻ	ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	104300200722	05/03/2024	29/04/2024	04.2024 മുതൽ 05.2024 വരെ (2 മാസം)	3200 (1600x2)
7	പ്രകാശൻ.സി.ബി	ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	104300201894	10/03/2024	02/05/2024	04.2024 മുതൽ 05.2024 വരെ (2 മാസം)	3200 (1600x2)
8	നബീസ	ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	104300200221	06/04/2024	07/05/2024	05.2024	1600
9	ശാരദ	ഇന്ദിരാഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം	104300600469	29/04/2024	20/05/2024	05.2024	1600
ആകെ							41,800/-

മേൽ അപാകതകൾ അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിയ്ക്ക് (08/03.12.2024) പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങൾ അന്നേ ദിവസം തന്നെയും മറ്റ് മരണങ്ങൾ എല്ലാ മാസവും പി.എച്ച്.സി യിലെ ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധന നടത്തിയും പെൻഷൻ സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും കൂടതെ മേൽ പരാമർശിച്ച വ്യക്തികളുടെ മേൽവിലാസത്തിൽ മരണാനന്തരം കൈപ്പറ്റിയ പെൻഷൻ തുക തിരിച്ചടക്കുന്നതിനുള്ള കത്ത് നൽകിയിട്ടുണ്ടെന്നും ആയത് അടവാക്കുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ ഹാജരാക്കുന്നതാണെന്നും ഉള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിനാൽ ഇത്തരത്തിലുള്ള അപാകതകൾ വരും വർഷങ്ങളിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ആയതിനാൽ അധികം കൈപറ്റിയ 41,800/- രൂപ

അനന്തരാവകാശികളിൽ നിന്നും തിരികെ ഈടാക്കി കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ ഹെഡ് ഓഫീസ് ബ്രാഞ്ചിലെ സോഷ്യൽ സെക്യൂരിറ്റി പെൻഷൻ അക്കൌണ്ടിലേക്ക് ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-20 വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ അനുബന്ധച്ചെലവ്- പിഴസഹിതം കൂടിശ്ശിക ഒടുക്കുന്നു

പ്രോജക്ട് നം.	S0026/24
പ്രോജക്ടിന്റെ പേര്	വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ അനുബന്ധ ച്ചെലവുകൾ
അടങ്കൽ	₹2,50,000.00-മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)
ചെലവ് വിവരം	₹1,44,129.00 -മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി, ഗ്രാമപഞ്ചായത്ത്

വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ വെള്ളക്കരം, വൈദ്യുതി ചാർജ്ജ്, ടെലഫോൺ, സ്റ്റേഷനറി എന്നിവ ഒടുക്കുന്നതിനായി പ്രോജക്ട് പ്രകാരം ₹1,44,129/- ഈ സാമ്പത്തിക വർഷം ചെലവഴിച്ചിട്ടുണ്ട്. വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ അനുബന്ധച്ചെലവുകൾക്ക് ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും എല്ലാവർഷവും പ്രോജക്ട് തയ്യാറാക്കുകയും തുക വകയിരുത്തുകയും ഘടകസ്ഥാപനങ്ങൾ ഹാജരാക്കുന്ന വിവിധ ബില്ലുകൾ കൃത്യമായി മാറിനൽകുകയും ചെയ്തുവരുന്നുണ്ട്. ഗ്രാമപഞ്ചായത്തിന് വിട്ടുകിട്ടിയ ഭൂരിഭാഗം സ്ഥാപനങ്ങളും ബില്ലുകൾ യഥാസമയം ഹാജരാക്കി ചെലവു തുകകൾ കൈപ്പറ്റുന്നുണ്ട്. എന്നാൽ അങ്കണവാടികളുടെ ഉൾപ്പെടെയുള്ള ചില സ്ഥാപനങ്ങളുടെ ആവർത്തനച്ചെലവുകൾ സമയബന്ധിതമായി ഒടുക്കാതെ വർഷങ്ങളായി കുടിശ്ശിക വരുത്തിയിട്ടുള്ളതായും നിർവ്വഹണ ഉദ്യോഗസ്ഥർ കുടിശ്ശികയാക്കുന്ന പിഴ ഉൾപ്പെടുന്ന ഇത്തരം പല ബില്ലുകളും പലതും പ്രോജക്ട് പ്രകാരം മാറി നൽകിയതായും കണ്ടെത്തിയിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

01) 2023 ജൂലൈ മാസം പ്രോജക്ടിൽ നിന്നും ₹ 12,166/- (TRN -230607000000002117 തിയതി 27/07/2023) പിൻവലിച്ച് ഹെഡ്മിസ്ട്രസ്, ഗവ.യു.പി.എസ് തൈക്കാട്ടുശ്ശേരിക്ക് നൽകിയിട്ടുണ്ട്. ഹാജരാക്കിയ വൗച്ചറുകൾ പ്രകാരം ഇതിൽ ₹10,113 യും സ്കൂളിന്റെ THY/6140/N കൺസ്യൂമർ നമ്പരിലുള്ള വെള്ളക്കരം ഒടുക്കാനാണ് നൽകിയിട്ടുള്ളത്. വാട്ടർ അതോറിറ്റി താരിഫ് പുതുക്കുന്നതിന് മുമ്പ് ₹150 മാത്രമാണ് രണ്ട് മാസങ്ങളിൽ വെള്ളക്കരം ഒടുക്കേണ്ടിയിരുന്നത് . നിലവിൽ മീറ്റർ റീഡിംഗ് പ്രകാരം ദ്വൈമാസ ബില്ലായി ₹641/- മാത്രം വരുന്ന വെള്ളക്കരത്തിന്റെ കുടശ്ശിക ₹9,472/- കൂടിയാണ് തുക മാറി നൽകിയിട്ടുള്ളത്. കുടിശ്ശിക ഏത് കാലയളവിലേതാണ് എന്ന് ബില്ലിൽ രേഖപ്പെടുത്തിയിട്ടില്ല. വാട്ടർ അതോറിറ്റി ഒടുക്കാത്ത ബില്ലുകളിൽ നാളിതുവരയുള്ള പ്രതിമാസം 2% നിരക്കിലുള്ള പിഴപ്പലിശയും കൂടിയാണ് കുടിശ്ശിക തയ്യാറാക്കുന്നത്.

2) 2023 ഓഗസ്റ്റ് മാസം ₹ 8059/- (TRN -230607000000002376 തിയതി 04/08/2023) യും ഡിസംബർ മാസം ₹ 10,433/- (TRN -230607000000005385 തീയതി 12/12/2023) യും പ്രോജക്ടിൽ നിന്നും പിൻവലിച്ച് ഐ.സി.ഡി.എസ് സൂപ്പർവൈസർക്ക് നൽകിയിട്ടുണ്ട്. ഹാജരാക്കിയ വൗച്ചറുകൾ പ്രകാരം ഓഗസ്റ്റ് മാസത്തെ ₹ 8,059/- ഇതിൽ ₹ 6,035/- രൂപയും അംഗൻവാടിയുടെ നം -40 ന്റെ THY/3148/N കൺസ്യൂമർ നമ്പരിലുള്ള വെള്ളക്കരം ഒടുക്കാനാണ് നൽകിയിട്ടുള്ളത്. മീറ്റർ റീഡിംഗ് പ്രകാരം ദ്വൈമാസ ബില്ലായി ₹641/- മാത്രം വരുന്ന വെള്ളക്കരത്തിന്റെ കുടിശ്ശിക ₹5,394/- കൂടിയാണ് തുക മാറി നല്കിയത്. നിലവിൽ നൽകിയ തുകയുടെ വലിയഭാഗം പ്രതിമാസം 2% നിരക്കിലുള്ള പിഴപ്പലിശയായി വാട്ടർ അതോറിറ്റിക്ക് നൽകേണ്ടിവനതാണ്. അതേ പോലെ ഡിസംബർ മാസം നൽകിയ ₹10,433/ യിൽ അംഗൻവാടി നം.26, 27 എന്നിവക്ക് ₹ 1961/-വീതവും അംഗൻവാടി നം.34 ന് ₹4,698/- വെള്ളക്കരം കുടിശ്ശിക നൽകിയിട്ടുണ്ട്. മീറ്റർ റീഡിംഗ് പ്രകാരം ദ്വൈമാസ ബില്ലായി ₹641/- മാത്രമാണ് ഇവക്കെല്ലാം ബില്ലുവരുന്നത്.

പ്രോജക്ട് ഫയൽ പരിശോധിച്ചതു പ്രകാരം ചുവടെ ചേർക്കുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1)ഘടക സ്ഥാപനങ്ങളുടെ കണ്ടിജന്റ് ചെലവുകൾക്കായി ഗ്രാമപഞ്ചായത്തിൽ ബി-ഫണ്ട് ലഭ്യമായിരിക്കുകയും കൃഷി ഭവൻ, വെറ്ററിനറി ഹോസ്പിറ്റൽ, പി.എച്ച്.സി., ആയുഷ് ആയുർവേദം, ഹോമിയോ ഉൾപ്പടെയുള്ള ഗ്രാമപഞ്ചായത്ത് സ്ഥാപനങ്ങളെല്ലാം കണ്ടിജന്റ് ചെലവുകൾ ഈ ഫണ്ടിൽ നിന്നും യഥാസമയം ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ദ്വൈമാസം ശരാശരി ₹641/-വരുന്ന വെള്ളക്കരം മാത്രം കുടിശ്ശികയാക്കുകയും വലിയ പിഴസഹിതം ഒടുക്കേണ്ടിവരുകയും ചെയ്തത് എന്തുകൊണ്ടാണ് എന്ന വിവരം വ്യക്തമല്ല.

2) ഓരോ തവണയും ബില്ലുകൾ ലഭിക്കുമ്പോൾ യഥാസമയം ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കാതെ വലിയ തുക കുടിശ്ശിക വരുത്തിയത് ബന്ധപ്പെട്ട ഘടകസ്ഥാപനത്തിന്റെ വീഴ്ചയാണ്. വലിയ തുക കുടിശ്ശിക ലഭിക്കുന്ന ഘട്ടത്തിൽ വെള്ളക്കരം, പിഴ എന്നിവ

പ്രത്യേകമായി വാട്ടർ അതോറിറ്റിയിൽ നിന്നും വാങ്ങി വെള്ളക്കരം മാത്രമാണ് ഗ്രാമപഞ്ചായത്ത് നൽകേണ്ടിയിരുന്നത്. വെള്ളക്കരത്തിന്റെ ബില്ല് യഥാസമയം നൽകാതെ ഇത്രയും നാൾ വെള്ളക്കരം കുടിശ്ശികയാക്കിയതിന് ഉത്തരവാദികളായവരാണ് പിഴയുൾപ്പടെ വരുന്ന അധികചെലവ് വഹിക്കേണ്ടിയിരുന്നത്.

3)പ്രോജക്ടിൽ നിന്നും പിഴ ഉൾപ്പെടുന്ന കുടിശ്ശിക നൽകേണ്ടിവരുന്ന സാഹചര്യം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയെ അറിയിക്കുകയോ ഈ വിഷയത്തിൽ കമ്മിറ്റിയുടെ തീരുമാനം/അംഗീകാരം വാങ്ങുകയോ ചെയ്തിട്ടില്ല.

4) വെള്ളക്കരം, കുടിശ്ശിക, പിഴ, കുടിശ്ശിക കാലയളവ് എന്നിവ പ്രത്യേകമായി രേഖപ്പെടുത്തിയിട്ടുള്ള വാട്ടർ അതോറിറ്റിയുടെ നിയമാനുസൃത ഡിമാന്റ് & ഡിസ്കണക്ഷൻ നോട്ടീസിനു പകരം (വാട്ടർ സപ്ലൈ റഗുലേഷൻ 13(D) ഖണ്ഡിക പ്രകാരം) പിഴ വിവരങ്ങൾ പ്രത്യേകമായി ചേർത്തിട്ടില്ലാത്ത,ആകെ കുടിശ്ശിക മാത്രം രേഖപ്പെടുത്തിയ ബില്ലാണ് ഫയലിൽ ലഭ്യമാക്കിയിട്ടുള്ളത്.

5) അങ്കണവാടി പോലുള്ള പൊതുസ്ഥാപനങ്ങളുടെ വെള്ളക്കര കുടിശ്ശികയിൽ വാട്ടർ അതോറിറ്റിയിൽ നിന്നും പിഴപ്പലിശയിൽ ഇളവ് ലഭിക്കുമായിരുന്ന ഒറ്റത്തവണ തീർപ്പാക്കൽ, കുടിശ്ശിക അദാലത്ത്, ആംനെസ്റ്റി സ്കീം എന്നിവ പ്രകാരമുള്ള കിഴിവ് പരിഗണിച്ചിട്ടില്ല. ഇളവുകൾക്കായി ഗ്രാമപഞ്ചായത്ത് തലത്തിൽ യാതൊരു നടപടിയും സ്വീകരിക്കാതെ പിഴപ്പലിശ ഉൾപ്പെടുന്ന സംഖ്യ പ്രോജക്ടിൽ നിന്നും ചെലവഴിച്ചു.മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (നമ്പർ -6 തിയതി 03-12-2024) മറുപടി നൽകിയിട്ടില്ല. വിട്ടുകിട്ടിയ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന കണ്ടിജന്റ് ബില്ലുകൾ ഉൾപ്പടെ വിശദപരിശോധന നടത്തി പ്രോജക്ടിൽ നിന്നും പിഴ ഉൾപ്പെടുന്ന കുടിശ്ശിക നൽകേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-21 ഗ്രാമപഞ്ചായത്തിന് ലഭിച്ച ഫണ്ടിൽ 1.25 കോടി രൂപ പദ്ധതി നിർവ്വഹണത്തിലെ കാലതാമസം മൂലം ലാപ്സായി

2023-24 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകൾ പരിശോധിച്ചതിൽ വിവിധ അലോട്ട്മെന്റുകൾ പ്രകാരം ഗ്രാമപഞ്ചായത്തിന് ലഭിച്ച വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റുകളിൽ നല്ലൊരു ഭാഗം സമയബന്ധിതമായി പ്രോജക്ടുകൾ തയ്യാറാക്കി തുക ചെലവഴിക്കാത്തതിനാൽ ലാപ്സായി പോയിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരം വിവിധ പ്രോജക്ടുകൾക്കായി സർക്കാർ നേരിട്ടു കുറവുവരുത്തുന്ന തുക കഴിഞ്ഞുള്ള വിഹിതമാണ് അലോട്ട്മെന്റ് പ്രകാരം ലഭിക്കുന്നത്. ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് ലഭിക്കുന്നതും അതാത് സാമ്പത്തിക വർഷം ലാപ്സാകാത്തതുമായ ധനകാര്യകമ്മീഷൻ ഗ്രാന്റ് ,ഹെൽത്ത് ഗ്രാന്റ് എന്നിവയൊഴികെ ഇപ്രകാരം 2023-24 സാമ്പത്തിക വർഷം ആകെ ലഭിച്ചത് 2.98 കോടി രൂപയാണ്. ഇതിൽ 1.72 കോടി രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. ഇത് പ്രകാരം ആകെ വരവിന്റെ 42% വരുന്ന 1.25 കോടി രൂപ ലാപ്സായിപ്പോയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ഗ്രാന്റിനം	ലഭിച്ച തുക	ചെലവഴിച്ച തുക	ലാപ്സായ തുക	ലാപ്സായതിന്റെ %
1	വികസന ഫണ്ട്-ജനറൽ	₹1,43,14,337/-	₹95,48,840	₹47,65,597/-	33.29%
2	വികസന ഫണ്ട് -എസ്.സി.പി	₹53,21,873/-	₹36,47,299	₹16,74,574/-	31.47%
3	വികസന ഫണ്ട് -ടി.എസ്.പി	₹46,251/-	₹30,900	₹ 15,351/-	33.19%
4	മെയിന്റനൻസ് ഗ്രാന്റ്- റോഡ്	₹68,83,350/-	₹9,66,656/-	₹59,16,691/-	85.96%
5	മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ്	₹32,48,000/-	₹30,47,993/	₹2,00,007/-	6.16%
	ആകെ	**₹2,98,13,811**	**1,72,41,688/-**	**₹1,25,72,220/-**	**42.17**

മാർച്ച് മാസം അവസാനം ട്രഷറി നിയന്ത്രണങ്ങൾ മൂലം ബില്ലുകൾ ക്യൂവിലായത് ചെലവ് കുറഞ്ഞതിന് കാരണമാണെങ്കിലും പദ്ധതി പ്രവർത്തനങ്ങൾ കൃത്യമായ മുന്നൊരുക്കമില്ലാതെ ധനകാര്യ വർഷാവസാന ത്തിലേക്ക് നീളാൻ അനുവദിച്ചത് ഫണ്ട് ലാപ്സാകാൻ പ്രധാന കാരണമായിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന് ലഭിച്ച ആകെ വരവിന്റെ 42.17% തുകയും ചെലവഴിക്കപ്പെടാതെ ലാപ്സായത് പദ്ധതി നിർവ്വഹണത്തിലും മോണിറ്ററിംഗിലും വന്നിട്ടുള്ള വീഴ്ചയാണ്. ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നമ്പർ-23 തീയതി-06-12-2024) മറുപടി ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ പ്രോജക്ട് നടത്തിപ്പിൽ കൂടുതൽ കാര്യക്ഷമത കൈവരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ പദ്ധതി ആസൂത്രണം, നിർവ്വഹണ, മോണിറ്ററിംഗ് സംവിധാനം ശക്തിപ്പെടുത്തതിനും ഓരോ വിഭാഗത്തിലും ലഭിക്കുന്ന പദ്ധതി തുക ലാപ്സാക്കാതെ പൂർണ്ണമായി ചെലവഴിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

1-22 അഗതി ആശ്രയ പദ്ധതി -കൈമാറിയ തുക ചെലവഴിക്കാതെ അക്കൗണ്ടിൽ നിലനിൽക്കുന്നു.

പ്രോജക്ടിന്റെ പേര്, നമ്പർ	അഗതി – ആശ്രയ പദ്ധതി, (പ്രോജക്ട് നം- S0019/24)
അടങ്കൽ	₹3,00,000/- (വികസന ഫണ്ട് -ജനറൽ)
ചെലവ്	₹3,00,000/- (വികസന ഫണ്ട് -ജനറൽ)
ബിൽ നം./ തീയതി	TRN. 230607000000006503 Dtd 03-02-24 ₹3,00,000/-
നിർവ്വഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് സെക്രട്ടറി

അഗതി ആശ്രയ ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനായി തയ്യാറാക്കിയ പ്രോജക്ട് പ്രകാരം 3,00,000/- ഗ്രാമപഞ്ചായത്ത് സി.ഡി.എസ്. അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. (അക്കൗണ്ട് നം-3587101008313 കാനറ ബാങ്ക്, അരൂർ). സി.ഡി.എസ് ബാങ്ക് പാസ്സ് ബുക്ക് പ്രകാരം പ്ലാൻ ഫണ്ടിൽ നിന്നും നൽകിയ ₹3,00,000/- നിലവിലും ചെലവഴിച്ചിട്ടില്ല. തുക അക്കൗണ്ടിൽ നിഷ്ക്രിയമായി സൂക്ഷിച്ചിരിക്കുകയാണ്. അഗതി ആശ്രയ പദ്ധതി പ്രകാരം ഭക്ഷണവിതരണത്തിനായി നൽകി വരുന്ന ചലഞ്ച് ഫണ്ടും ഇതേ അക്കൗണ്ടിലാണ് സൂക്ഷിക്കുന്നത്. ഈ ഫണ്ടുകളിൽ നിന്നെല്ലാം ഘട്ടം ഘട്ടമായി മാത്രമാണ് തുക ചെലവഴിക്കപ്പെടുന്നത്. വികസനഫണ്ടിൽ നിന്നും ചലഞ്ച് ഫണ്ടിൽ നിന്നും ലഭിക്കുന്ന തുകക്കും ചെലവഴിക്കപ്പെടുന്ന തുകക്കും പ്രത്യേകമായി കണക്കുകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. പാസ്സ്ബുക്ക് പ്രകാരം 31/03/2024 ൽ ₹8,15,225/-ഈ അക്കൗണ്ടിൽ നീക്കിയിരുപ്പുണ്ട്. ഇതിന്റെ വിശദാംശങ്ങൾ പരിശോധിച്ചതിൽ 2022-23 സാമ്പത്തിക വർഷം അഗതി ആശ്രയ പ്രോജക്ട് പ്രകാരം നൽകിയ ₹3,00,000/-യും ഇതുവരെ ചെലവഴിച്ചിട്ടില്ലായെന്നും മുൻവർഷങ്ങളിൽ വികസനഫണ്ടിൽ നിന്നും അനുവദിച്ച തുകയുടെ നീക്കിയിരുപ്പുായ ₹39,437 കൂടി ബാലൻസിൽ ഉൾപ്പെട്ടിട്ടുള്ളതായും കണ്ടെത്തിയിട്ടുണ്ട്. ഗുണഭോക്താക്കളെ തിരഞ്ഞെടുക്കാതെയും കരാർ നടപടികൾ പൂർത്തീകരിക്കാതെയും വികസനഫണ്ടിൽ നിന്നും തുക പിൻവലിച്ച് സി.ഡി.എസ് അക്കൗണ്ടിലേക്ക് മാറ്റുകയും പിന്നീട് യഥേഷ്ടം തുക ചെലവഴിക്കുകയുമാണ് ചെയ്തുവരുന്നത്. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വികസന ഫണ്ട് സി.ഡി.എസ് അക്കൗണ്ടിൽ സൂക്ഷിക്കുന്നതിനും ധനസഹായം കൈമാറി വർഷങ്ങൾക്കുശേഷവും ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ വിതരണം ചെയ്യാത്തതിനും വിശദീകരണം ലഭ്യമാക്കേണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നമ്പർ -10 തീയതി 03-12-2024) മറുപടി നൽകിയിട്ടില്ല. സമൂഹത്തിലെ ദുർബലവിഭാഗങ്ങളുടെ ക്ഷേമത്തിനായി സർക്കാർ ആവിഷ്കരിച്ച പ്രോജക്ട് പ്രകാരമുള്ള തുക കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിലായി ഒരു രൂപപോലും ചെലവഴിക്കാതെ സി.ഡി.എസ് അക്കൗണ്ടിൽ നിഷ്ക്രിയമായി സൂക്ഷിക്കുന്നത് ഗൗരവതരമാണ്. തുക എത്രയും വേഗം അർഹരായവരെ കണ്ടെത്തി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം തുക തിരികെ സർക്കാർ ഫണ്ടിലൊടുക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-23 മിനി ബയോഗ്യാസ് പ്ലാന്റ് -വിതരണസ്ഥാപനത്തിന് അംഗീകരിച്ച നിരക്കിലുമധികം നൽകി

പ്രോജക്ടിന്റെ	മിനി ബയോഗ്യാസ് പ്ലാന്റ് (S0151/24)

പേര്:	
അടങ്കൽ:	**₹ 5,87,775/-**(₹495,771/ധനകാര്യകമ്മീഷൻ ഗ്രാന്റ് &₹92,004/ (ഗുണഭോക്തൃവിഹിതം)
ചെലവ് :	**₹ 1,09,792/-(**₹99,792/- (വികസന ഫണ്ട് ജനറൽ)&₹10,000/--(ഗുണഭോക്തൃവിഹിതം)
ചെക്ക് നം& തീയതി	XVFC/2023-24/P-40, ₹99,792/-ചെക്ക് നം.358195/29.01.2024,₹10,000/-
നിർവ്വഹണം :	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, തൈക്കാട്ടുശ്ശേരി സർക്കിൾ

ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി ടെണ്ടർ നടപടികൾ സ്വീകരിച്ചതും പിന്നീട് സ്പിൽഓവറായി നടപ്പാക്കിയതുമായ **മിനി ബയോഗ്യാസ് പ്ലാന്റ്** (പ്രോജക്ട് നം. S0151/2024) എന്ന പ്രോജക്ട് പ്രകാരം 2023-24 സാമ്പത്തിക വർഷം ₹1,09,792/-ചെലവഴിച്ചിട്ടുണ്ട്. ബയോഗ്യാസ് പ്ലാന്റ് വാങ്ങുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥ ക്ഷണിച്ച ടെണ്ടറിൽ കുറഞ്ഞ നിരക്ക് (9,990/-രൂപ-എല്ലാ നികുതികളുമടക്കം) കാട്ടി ചെയ്തത് പെലിക്കൺ കെൻട്രിയ, വയലാർ എന്ന സ്ഥാപനമാണ്. സ്ഥാപനം നൽകിയ നിരക്ക് 17.02.2023 ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റിയുടെ 3-8-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയും ഇത് പ്രകാരം 04/03/2023 ൽ എ1-1234/14 കത്ത് പ്രകാരം 52 ബയോഗ്യാസ് പ്ലാന്റുകൾക്ക് സപ്ലൈ ഓർഡർ നൽകുകയും ചെയ്തിരുന്നു. ഇത് പ്രകാരം വിതരണം ചെയ്ത 10 ബയോഗ്യാസ് പ്ലാന്റുകളുടെ വിലയാണ് പ്രോജക്ട് പ്രകാരം നൽകിയിട്ടുള്ളത്.

പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) ടെണ്ടറിൽ പെലിക്കൺ കെൻട്രിയ, വയലാർ രേഖപ്പെടുത്തിയിട്ടുള്ളതും ഗ്രാമപഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചതും ബയോഗ്യാസ് പ്ലാന്റിന് ₹9,990/- എന്ന നിരക്കാണ്. എന്നാൽ ഇതിൽ നിന്നും വ്യത്യസ്തമായി കരാർ സ്ഥാപനം നൽകിയ ഇൻവോയ്സിൽ (ഇൻവോയ്സ് നം.121 തിയതി 10.08.2023) ഒരു പ്ലാന്റിന് നികുതിയടക്കം ₹11,189/- എന്ന നിരക്കാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച നിരക്ക് പ്രകാരം 10 പ്ലാന്റുകൾക്ക് ₹9,990 നിരക്കിൽ ₹99,900 നൽകേണ്ടതിനുപകരം സ്ഥാപനത്തിന്റെ ബിൽ പ്രകാരം തുക മാറി നൽകിയതിനാൽ ₹9,892/- അധികമായി നൽകിയിട്ടുണ്ട് .

2)പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച നിരക്കിലും അധിക നിരക്കിൽ സ്ഥാപനം ബിൽ നൽകിയിട്ടും ഇത് സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥ കരാർസ്ഥാപനവുമായി കത്തിടപാടുകൾ നടത്തുകയോ തുടർ നടപടികൾ സ്വീകരിക്കുകയോ ചെയ്തത് സംബന്ധിച്ച് രേഖകളൊന്നും ഫയലിൽ ലഭ്യമല്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നമ്പർ -3 തീയതി 02-12-2024) നൽകിയ മറുപടിയിൽ അധികം നൽകിയ തുക ഇനി സ്ഥാപനത്തിന് നൽകാനുള്ള ബില്ലിൽ കുറവു ചെയ്യുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. അപ്രകാരം ചെയ്യുന്ന പക്ഷം അധികം നൽകിയ ₹9,892/- തിരികെ ഈടാക്കിയതിന്റെ വിശദാംശങ്ങൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-24 വി.ഇ.ഒ ഓഫീസ് ഫർണ്ണീച്ചർ വാങ്ങൽ - ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല

പ്രോജക്ട് നം.	S00158/24
പ്രോജക്ടിന്റെ പേര്	വി.ഇ.ഒ ഓഫീസ് ഫർണ്ണീച്ചർ വാങ്ങൽ
അടങ്കൽ	₹1,87,200.00 -മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്
ചെലവ് വിവരം	₹1,87,130.00 -മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് TRN-230607000000004053 Dtd 11/10/2023
നിർവ്വഹണ ഉദ്യോഗസ്ഥ	സെക്രട്ടറി, ഗ്രാമപഞ്ചായത്ത്

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ വി.ഇ.ഒ ഓഫീസ് ഫർണ്ണീച്ചർ വാങ്ങൽ എന്ന പദ്ധതി പ്രകാരം ആർട്ട്കോ, നാഗമ്പടം, കോട്ടയത്തുനിന്നും കബോർഡ്, ഓഫീസ് ടേബിൾ, കംപ്യൂട്ടർ

ചെയർ, പ്ലാസ്റ്റിക് ചെയർ എന്നിവയടക്കമുള്ള ഫർണ്ണീച്ചർ ₹1,87,130/- ചെലവിൽ വാങ്ങിയിട്ടുണ്ട്. ആർട്ട്കോയ്ക്ക് സർക്കാർ അർദ്ധസർക്കാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലേക്കുള്ള വാങ്ങലുകളിൽ ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് വിതരണം നടത്താൻ അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവു പ്രകാരം (ജി.ഒ. (ആർ.ടി) 21/2023/SPD, തീ-24.02.2023 & ജി.ഒ. (ആർ.ടി) 57/2023/SPD, തീയതി-02.06.2023) സർക്കാർ വില അംഗീകരിച്ച് ഉത്തരവിറക്കിയ ആർട്ട്കോ/കാഡ്കോ ഉത്പന്നങ്ങൾ മാത്രമേ ടെണ്ടർ നടപടികൾ കൂടാതെ വാങ്ങാവൂവെന്നും അല്ലാത്ത ഉത്പന്നങ്ങൾ ടെണ്ടർ, ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചു മാത്രമേ സർക്കാർ അർധസർക്കാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവർ വാങ്ങാവൂവെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ വാങ്ങിയ ഫർണ്ണീച്ചറൊന്നും തന്നെ സർക്കാർ അംഗീകരിച്ച ആർട്ട്കോ/കാഡ്കോ ഉത്പന്നങ്ങളുടെ പട്ടികകൾ ഉൾപ്പെട്ടതല്ല. ഈ വാങ്ങലിന് എന്തുകൊണ്ട് ടെണ്ടർ നടപടികൾ സ്വീകരിച്ചില്ല എന്നകാര്യം വ്യക്തമാക്കിയിട്ടില്ല. ഓഫീസ് ടേബിൾ, -3 എണ്ണം, കംപ്യൂട്ടർ ചെയർ-3 എണ്ണം,, വാൾ കബോർഡ് -3 എണ്ണം,, പ്ലാസ്റ്റിക് ചെയർ -50 എണ്ണം, വിസിറ്റേഴ്സ് ചെയർ-7 എണ്ണം, എന്നിവ വാങ്ങുന്നതിനാണ് തുക അനുവദിച്ചത്. എന്നാൽ ഇതിൽ ഓഫീസ് ടേബിൾ, -3 എണ്ണം, കംപ്യൂട്ടർ ചെയർ-3 എണ്ണം, വാൾ കബോർഡ് -3 എണ്ണം എന്നിവ മാത്രമാണ് വിതരണം ചെയ്തതായി ഡെലിവറി ചലാൻ (Acceptance Certificate Of Supplies) ലഭ്യമാക്കിയിട്ടുള്ളത്. ബാക്കി ഫർണ്ണീച്ചർ ലഭിച്ചതിനായ വിവരങ്ങൾ ലഭ്യമല്ല. ലഭിച്ച ഫർണ്ണീച്ചർ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തതിന്റെ വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നമ്പർ-21 തീയതി 05-12-2024) മറുപടിയോ രേഖകളോ ലഭ്യമാക്കിയിട്ടില്ല. മുഴുവൻ ഫർണ്ണീച്ചറും ലഭ്യമായതിന്റെ വിവരങ്ങളും സ്റ്റോക്ക് രജിസ്റ്ററിലെ വിവരങ്ങളും ലഭ്യമാകാത്ത സാഹചര്യത്തിൽ പ്രോജക്ടിലെ ചെലവ് 1,87,130/- തടസ്സപ്പെടുത്തുന്നു. വിതരണ-സ്റ്റോക്ക് വിവരങ്ങൾ അറിയിക്കേണ്ടതാണ്.

1-25 ആനുകൂല്യം ലഭിച്ചിട്ടില്ലായെന്ന സാക്ഷ്യപത്രം ഹാജാരാക്കാതെ പദ്ധതി ധനസഹായം നൽകി

പ്രോജക്ട് നം.	S0 0114/24
പ്രോജക്ടിന്റെ പേര്	വീട് പുനരുദ്ധാരണം
അടങ്കൽ	₹18,00,000/- വികസനഫണ്ട് -എസ്.സി.പി
ചെലവ് വിവരം	₹5,40,000/- -വികസനഫണ്ട് -എസ്.സി.പി TRN-230607000000006347 Dtd 31/01/2024
നിർവ്വഹണ ഉദ്യോഗസ്ഥൻ	വി.ഇ.ഒ, പൂച്ചാക്കൽ സർക്കിൾ

വീട് പുനരുദ്ധാരണം - എസ്.സി എന്ന പ്രോജക്ടുമായി ബന്ധപ്പെട്ട ഫയൽ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചത് പ്രകാരം 2023-24 സാമ്പത്തികവർഷം 18 ഗുണഭോക്താക്കൾക്ക് ₹ 30,000/- നിരക്കിൽ ₹5,40,000/-ധനസഹായം അനുവദിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾ ഗ്രാമപഞ്ചായത്തിന്റെ പ്രോജക്ട് പ്രകാരമോ പട്ടികജാതി വികസന വകുപ്പിൽ നിന്നോ മറ്റ് ഏജൻസികളിൽ നിന്നോ ഇതേ ആനുകൂല്യം കൈപ്പറ്റിയിട്ടില്ല എന്ന സാക്ഷ്യപത്രം ലഭ്യമാക്കാതെയാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. ഇത് മൂലം ഗുണഭോക്താവിന്റെ അർഹത സംബന്ധിച്ച കൃത്യമായ പരിശോധന സാധ്യമായിട്ടില്ല. ഗുണഭോക്താക്കൾ അധികവും പ്രോജക്ട് പ്രകാരം ലഭ്യമായ തുക കുറവ് വരുന്ന സന്ദർഭങ്ങളിലെല്ലാം ഏറ്റവും അർഹരായവർക്ക് ആനുകൂല്യം ലഭിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാവശ്യമാണ്. ഗുണഭോക്താക്കളുടെ അർഹത തീരുമാനിക്കുന്നതിനുള്ള രേഖകളുടെയടക്കം കൃത്യമായ പരിശോധന നടക്കാത്ത സാഹചര്യത്തിൽ ഇത് ഉറപ്പാക്കാൻ സാധിക്കാത്ത സ്ഥിതിയുണ്ട്. അർഹതാ മാനദണ്ഡങ്ങൾ പ്രകാരമുള്ള എല്ലാ രേഖകളും ഉറപ്പുവരുത്തി മാത്രം ധനസഹായം വിതരണം നടത്താൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-26 ഹെൽത്തി ബേബി ഷോ- സർക്കാരിന്റെ നൂതന പ്രോജക്ടുകൾക്കുള്ള പ്രത്യേകാനുമതി/അംഗീകാരമില്ലാതെ നടപ്പാക്കി

പ്രോജക്ട് നം.	S0063/24)
പ്രോജക്ടിന്റെ പേര് & നമ്പർ	ഹെൽത്തി ബേബി ഷോ

അടങ്കൽ	₹5,000/- വികസനഫണ്ട് -ജനറൽ
ചെലവ് വിവരം	₹4,000/- വികസനഫണ്ട് -ജനറൽ TRN-23607000000004958 Dtd 28/11/23
നിർവ്വഹണ ഉദ്യോഗസ്ഥ	ഐ.സി.ഡി.എസ് സൂപ്പർവൈസർ

ഗ്രാമപഞ്ചായത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ *ഹെൽത്തി ബേബി ഷോ* എന്ന പ്രോജക്ടിനായി വികസനഫണ്ടിൽ നിന്നും ₹4,000/-ചെലവഴിച്ചിട്ടുണ്ട്. കുട്ടികൾക്ക് ട്രോഫി വാങ്ങാനായി കാപ്സ് സ്പോർട്സ് & ട്രോഫീസ് എന്ന സ്ഥാപനത്തിന് ₹2,200/-യും റിഫ്രഷ്മെന്റിനങ്ങളിൽ ₹1,200/- ബാനർ, സ്റ്റേഷനറി എന്നിവക്ക് ബാക്കി ₹600/- എന്ന രീതിയിലാണ് ചെലവ് നടത്തിയിട്ടുള്ളത്. പ്രോജക്ടിനൊപ്പം നിർവ്വഹണ ഉദ്യോഗസ്ഥ ഹാജരാക്കിയിട്ടുള്ള പ്രോജക്ട് റിപ്പോർട്ടിൽ പ്രോജക്ട് പ്രവർത്തനങ്ങളായി കുട്ടികളുടെ തൂക്കം പരിശോധിച്ചതായും പ്രതിരോധ കുത്തിവയ്പുകൾ സംബന്ധിച്ച പരിശോധന നടത്തിയതായും കുട്ടികളുടെ ഫാഷൻ ഷോ സംഘടിപ്പിച്ചതായുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കുട്ടികളുടെ തൂക്കം പരിശോധന, പ്രതിരോധ കുത്തിവയ്പുകൾ സംബന്ധിച്ച പരിശോധന എന്നിവ അംഗൻവാടികളിലും ആരോഗ്യകേന്ദ്രങ്ങളിലും ദൈനംദിന ജോലിയുടെ ഭാഗമായി നടത്തിവരുന്നതാണ്. പിന്നീടുള്ളത് കുട്ടികളുടെ ഫാഷൻ ഷോയാണ്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഉത്തരവ് (കൈ) നം-115/2022/ത.സ്വ.ഭ.വ, തിരുവനന്തപുരം തീയതി 28/05/2022 പ്രകാരമുള്ള 2022-23 മുതൽ 2026-27 വരെയുള്ള വാർഷിക പദ്ധതികളുടെ മാർഗ്ഗരേഖയിലെ പൊതുനിബന്ധനകളിലെ ഖണ്ഡിക 8.4 പ്രകാരം തദ്ദേശസ്ഥാപനങ്ങൾ ഉത്പാദനപരമല്ലാത്ത ബോധവത്ക്കരണ ക്യാമ്പയിനുകൾ, ക്യാമ്പുകൾ, സെമിനാറുകൾ എന്നിവ വികസനഫണ്ട് ഉപയോഗിച്ച് നടപ്പാക്കാൻ പാടില്ലായെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മാർഗ്ഗരേഖയിലില്ലാത്ത നൂതനപ്രോജക്ടുകൾ നടപ്പിലാക്കുന്നത് നൂതന പ്രോജക്ടുകൾക്കായുള്ള ജില്ലാതല സമിതിയുടെ അംഗീകാരത്തോടെയാകണം അല്ലാത്ത പക്ഷം സർക്കാർ പ്രത്യേകാനുമതി ലഭ്യമാക്കണം. ഇത്തരം രേഖകളൊന്നും ഹാജരാക്കിയിട്ടില്ല.

ഇതുപോലെ ഐ.സി.ഡി.എസ്, ആരോഗ്യവിഭാഗം ജീവനക്കാരുടെ ജോലിയുടെ ഭാഗമായി നടത്തിവരുന്ന വിവിധ ദിനാചരണങ്ങളും ബോധവത്കരണ പരിപാടികളും പ്രോജക്ടുകളായി ഏറ്റെടുത്ത് ചെലവുകൾ നടത്തിവരുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇവയിൽ പലതും വകുപ്പുതല പദ്ധതികളുടെ ഭാഗമായി നടന്നുവരുന്ന പരിപാടികളാണ്.ഇത്തരം പ്രോജക്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രോജക്ട് നമ്പർ	പ്രേജക്ടിന്റെ പേര്
1	59/24	ഗ്രാമ ആരോഗ്യപോഷകാഹാര ദിനാചരണം
2	50/24	കുട്ടികളുടെ ആരോഗ്യത്തെക്കുറിച്ച് ബോധവത്ക്കരണ ക്ലാസ്
3	53/24	നേരത്തേയുള്ള വിവാഹം തടയുന്നതിന് ബോധവത്ക്കരണ ക്ലാസ്
4	54/24	ആരോഗ്യകരവും സമീകൃതവുമായ ആഹാരത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കൽ
5	56/24	ഗർഭിണികളെയും മുലയൂട്ടുന്ന അമ്മമാരെയും തിരിച്ചറിയലും നിരീക്ഷണവും
6	75/24	മയക്ക് മരുന്ന് ബോധവത്ക്കരണ ക്ലാസ്
7	72/24	മദ്യപാന ആരോഗ്യപ്രശ്ന ബോധവത്ക്കരണ ക്ലാസ്
8	68/24	പോഷകാഹാരത്തെക്കുറിച്ച് ടോക് ഷോ

എല്ലാ തദ്ദേശസ്ഥാപനങ്ങളിലും വിവിധ വകുപ്പുകളുടെ ആഭിമുഖ്യത്തിൽ തുടർച്ചയായി

നടന്നുവരുന്ന ഇത്തരം പ്രവർത്തനങ്ങൾ തദ്ദേശസ്ഥാപനത്തിലെ പ്രോജക്ടുകളായി ഏറ്റെടുത്ത് തുക ചെലവഴിക്കുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവോ നിർദ്ദേശമോ ഉണ്ടെങ്കിൽ ആയത് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നമ്പർ-11 തീയതി 03-12-2024) നല്കിയ മറുപടിയിൽ ഗ്രാമപഞ്ചായത്തിൽ പ്രത്യേകമായി നടപ്പിലാക്കിയ വനിത-ശിശു സൗഹൃദപ്രോജക്ടുകളുടെ ഭാഗമായാണ് പ്രോജക്ട് ഏറ്റെടുത്തതെന്നാണ് അറിയിച്ചത്. സർക്കാർ അനുമതിയോ മറ്റ് അനുമതികളോ തേടിയതായി രേഖകളില്ലാതെ **ഹെൽത്തി ബേബി ഷോ** എന്ന പ്രോജക്ടിനായി വികസനഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുള്ള ₹4,000/-ചെലവ് തടസ്സപ്പെടുത്തുന്നു. പദ്ധതി മാർഗ്ഗരേഖയിൽ പ്രത്യേകം ഉൾപ്പെടുത്തിയിട്ടില്ലാത്ത പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനു മുമ്പായി സർക്കാർ നിർദ്ദേശിച്ചിട്ടുള്ള അനുമതികൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-27 സമഗ്രശിക്ഷ കേരള (എസ്.എസ്.കെ) വിഹിതം നൽകൽ -കൃത്യമായ വിനിയോഗവിവരങ്ങൾ ലഭ്യമാക്കിയില്ല

പ്രോജക്ടിന്റെ പേര്	സമഗ്രശിക്ഷ കേരള (എസ്.എസ്.കെ) വിഹിതം നൽകൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി, ഗ്രാമപഞ്ചായത്ത്
പ്രോജക്ട് നമ്പർ	S0006/24
അടങ്കൽ	5,00,000/-(വികസനഫണ്ട് ജനറൽ)
ചെലവ്	5,00,000/-(വികസനഫണ്ട് ജനറൽ)
ബിൽ നം.	TRN-230607000000004953 Dt.27-11-2023 ₹500000/-.

ഗ്രാമപഞ്ചായത്ത് പരിധിയിലെ വിവിധ സ്കൂളുകളുടെ പ്രവർത്തനങ്ങൾക്കായി എസ്.എസ്.കെ. തുറവൂർ ബ്ലോക്ക് പ്രോജക്ട് ഓഫീസർ നൽകിയ എസ്റ്റിമേറ്റിലെ തുകയുടെ 40% ഗ്രാമപഞ്ചായത്തു വിഹിതമായി (₹ 5,00,000/-) എസ്.എസ്.കെ. ബ്ലോക്ക് പ്രോജക്ട് ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ഈ തുക പൂർണ്ണമായി വിനിയോഗിച്ചു എന്ന സാക്ഷ്യപത്രമല്ലാതെ ഗ്രാമപഞ്ചായത്തിലെ സ്കൂളുകളുടെ ഏതെല്ലാം ആവശ്യങ്ങൾക്കായി ഉപയോഗിച്ചുവെന്നത് സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ വിശദമായ വിനിയോഗ വിവരം ലഭ്യമായിട്ടില്ല. സർക്കാർ പദ്ധതി മാർഗ്ഗരേഖ [സ.ഉ.(കൈ) നം.84/22/ത.സ്വ.ഭ.വ., തീയതി 19.01.2022] പ്രകാരം എസ്.എസ്.കെ.യ്ക്ക് സർക്കാർ നിശ്ചയിച്ച തുക നിർബന്ധമായും വകയിരുത്തണമെങ്കിലും പദ്ധതികളുടെ കർമ്മപരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പൂർണ്ണപങ്കാളിത്തത്തോടെ ആയിരിക്കേണ്ടതാണെന്ന് നിർദ്ദേശി ച്ചിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ പ്രവർത്തനത്തിന്റെ മോണിറ്ററിംഗ് ചുമതലകൾ നിർവ്വഹിക്കുന്നതിൽ തദ്ദേശസ്ഥാപനത്തിലെ വർക്കിംഗ് ഗ്രൂപ്പ്, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവർ പങ്കുവഹിച്ചതായി രേഖകളൊന്നുമില്ല. പദ്ധതി പൂർത്തീകരണത്തിന് ശേഷം ഓരോ സ്ക്കൂളിലും നടന്ന പ്രവർത്തനങ്ങൾ/ പരിപാടികൾ എന്തൊക്കെയാണെന്ന വിവരങ്ങൾ എസ്.എസ്.കെ. പ്രോജക്ട് ഡയറക്ടർ ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനത്തിന് നൽകേണ്ടതുമാണ്. എന്നാൽ അത്തരത്തിലുള്ള പ്രവർത്തനം ഗ്രാമപഞ്ചായത്തിലെ പദ്ധതി നിർവ്വഹണത്തിൽ ഉണ്ടായിട്ടില്ല. ഗ്രാമപഞ്ചായത്തിലെ സ്കൂളുകൾക്കാവശ്യമായ പദ്ധതികൾ എസ്.എസ്.കെ. പദ്ധതിയിലേയ്ക്ക് ഗ്രാമപഞ്ചായത്ത് ശുപാർശ ചെയ്തതിന്റെ രേഖകളൊന്നും തന്നെ ലഭ്യമായിട്ടില്ല. വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കേണ്ട പദ്ധതികൾ സംബന്ധിച്ച് അവസ്ഥാ വിശകലനം നടത്താതെയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകാതെയുമാണ് എസ്.എസ്.കെ ആവശ്യപ്പെട്ട തുക കൈമാറിയിട്ടുള്ളത്. ഈ തുക ഏതെല്ലാം രീതിയിലാണ് പഞ്ചായത്ത് പരിധിയിൽ ഉപയോഗപ്രദമാക്കിയതെന്നുള്ള വിവരവും 2023-24 സാമ്പത്തിക വർഷം നൽകിയ തുകയുടെ ഇനം തിരിച്ചുള്ള വിശദമായ വിനിയോഗ വിവരങ്ങളും പരിശോധനക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നമ്പർ -4 തീയതി 02-12-2024) എസ്.എസ്.കെ, തുറവൂറിലേക്ക് കത്ത് നൽകിയതായി മറുപടി നൽകിയിട്ടുണ്ട്. പ്രോജക്ട് പ്രകാരം നൽകിയ തുകയുടെ ഇനം തിരിച്ചുള്ള, വിശദമായ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കി വിവരങ്ങൾ അറിക്കുന്നതിനും ഭാവിയിൽ പ്രോജക്ട് നടത്തിപ്പിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പൂർണ്ണപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

1-28 നിയമ പ്രകാരം എടുക്കേണ്ട ഇൻഷ്വറൻസ് പോളിസി എടുക്കാതെ മരാമത്ത്

പ്രവൃത്തികൾ നിർവ്വഹിക്കുന്നു

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് സ്റ്റാൻഡേർഡ് ബിഡ് ഡോകുമെന്റ് (ക്ലോസ് 12.1,12.2) വ്യവസ്ഥ പ്രകാരം മരാമത്ത് പ്രവൃത്തി, പ്രവൃത്തിയിൽ ഉൾപ്പെടുന്ന മെറ്റീരിയൽസ്, മെഷിനറീസ്, തൊഴിലാളികൾ എന്നിവർക്കായി കരാർ തുകയുടെ 0.5% നിരക്കിൽ, (മിനിമം 200000/- പരമാവധി 500000/- രൂപ) ഇൻഷ്വറൻസ് എടുക്കേണ്ടതാണെന്നും, പോളിസി സർട്ടിഫിക്കറ്റ് ഹാജരാക്കാത്ത പക്ഷം കരാർ തുകയുടെ 0.2% നിരക്കിൽ ഫൈൻ ഈടാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയിട്ടുള്ള താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളിൽ ഇത്തരത്തിൽ ഇൻഷ്വറൻസ് എടുത്തിട്ടുള്ളതിന്റെ പോളിസി സർട്ടിഫിക്കറ്റോ, ഫൈൻ ഈടാക്കിയതിന്റെ രേഖകളോ ഹാജരാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രവൃത്തിയുടെ വിവരം	കരാറുകാരൻ	കരാർ തുക	ഈടാക്കേണ്ട ഫൈൻ
1	ആറാട്ടുചാണിയിൽ - കാനമുറ്റം തോട് പുനരുദ്ധാരണം (28/23) പ്രവൃത്തിമൂല്യം -312636/– *ബിൽ നം.* 48/25.07.23	ബിജുമോൻ.എൻ	299079	598
2	ചൂരമന-വല്ല്യാറ പരിമണം തോട് പുനരുദ്ധാരണം (23/23) പ്രവൃത്തിമൂല്യം -250462/- *ബിൽ നം.* 50/25.07.23	സേവ്യർ.സി.എം	513815	1028
3	മണപ്പുറം ജെട്ടി റോഡ് പുനരുദ്ധാരണം (119/23) പ്രവൃത്തിമൂല്യം -2327624/- *ബിൽ നം.* 2065/25.7.23	ജെറിൻ.ജെ. ജോയിസ്	1988489	3977
4	അംഗൻവാടി അറ്റകുറ്റപ്പണി വാർഡ് 1, വാർഡ് 7 (31/23) പ്രവൃത്തിമൂല്യം -476183/- *ബിൽ നം.* 5041/4.12.23	ജെറിൻ.ജെ. റോയീസ്	432941	866
5	മണപ്പുറവും, ഉളവെപ്പും എൽ.പി.സ്ക്കൂൾ മെയിന്റനൻസ് (90/23) പ്രവൃത്തിമൂല്യം -549315/- *ബിൽ നം.*	രാധാകൃഷ്ണൻ.പി.ആർ	467030	934

	2497/10.08.23			
6	ഐക്കരത്തോട് -പള്ളിതോട് പുനരുദ്ധാരണം (22/23) പ്രവൃത്തിമൂല്യം -304081/- *ബിൽ നം.* 49/25.07.23	സേവ്യർ.സി.എം	508111	1016
7	പഞ്ചായത്ത് ഓഫീസ് നവീകരണവും ചുറ്റുമതിൽ നിർമ്മാണവും (111/23) പ്രവൃത്തിമൂല്യം -4476779/- *ബിൽ നം.* 6565/5.02.24	പി.ജി.ഗോപിനാഥൻ	4364805	8730
8	പാർപ്പിട ഭൂമി കല്ല് കെട്ടി സംരക്ഷിക്കൽ (പട്ടിക വർഗ്ഗം) – (17/23) പ്രവൃത്തിമൂല്യം -792283/- *ബിൽ നം.* 268/5.03.24	സജീഷ് സൈമൺ	707395	1415
9	പാർപ്പിട ഭൂമി കല്ല് കെട്ടി സംരക്ഷിക്കൽ (പട്ടിക വർഗ്ഗം) -(18/23) പ്രവൃത്തിമൂല്യം -487425/- *ബിൽ നം.* 115/10.10.23	സജീഷ് സൈമൺ	435252	871
	ആകെ			19435

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻകയറിയ്ക്ക് (നം. 12/4.12.24) ലഭ്യമാക്കിയ മറുപടിയിൽ 143/23, 146/23 എന്നീ പദ്ധതികളുടെ ഇൻഷ്വറൻസ് എടുത്തിട്ടുള്ളതായും, ബാക്കിയുള്ളവയിൽ നിയമ പ്രകാരമുള്ള ഫൈൻ കരാറുകാരിൽ നിന്നും ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-29 പാർപ്പിട ഭൂമി കല്ല് കെട്ടി സംരക്ഷിക്കൽ - MoRD സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയത് മൂലം അധിക ചെലവ്

ത.സ്വ.ഭ.വ. ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് എഞ്ചിനീയറിംഗ് വിംഗ് ചീഫ് എഞ്ചിനീയറുടെ 26-03-21 ലെ സർക്കുലർ (നം. ഡിബി1/10690/2020/സി.ഇ/എൽ.ഐ.ഡി & ഇ ഡബ്ല്യു) പ്രകാരം റോഡു പ്രവൃത്തികൾക്കും റോഡുമായി ബന്ധപ്പെട്ടു വരുന്ന ഡ്രെയിൻ, കൾവെർട്ട്, സൈഡ് പ്രൊട്ടക്ഷൻ മുതലായ അനുബന്ധ പ്രവൃത്തികൾക്ക് MoRD സ്പെസിഫിക്കേഷനും കെട്ടിടങ്ങൾക്കും അനുബന്ധപ്രവൃത്തികൾക്കും CPWD സ്പെസിഫിക്കേഷനും ഉപയോഗിക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളത്. ആലപ്പുഴ ജില്ലയിൽ റോഡുവർക്കുമായി ബന്ധപ്പെട്ട്

നൽകിയ നിർദ്ദേശമനുസരിച്ചും റോഡുമായി ബന്ധപ്പെട്ടു വരുന്ന സൈഡ് പ്രൊട്ടക്ഷന് മാത്രമാണ് MoRD സ്പെസിഫിക്കേഷൻ ഉപയോഗിക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളത്. അതിനാൽ പാർപ്പിട ഭൂമി കല്ല് കെട്ടി സംരക്ഷിക്കൽ എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടിയിരുന്നത് CPWD സ്പെസിഫിക്കേഷനിലാണ്. അപ്രകാരം ചെയ്യാതിരുന്നത് അധികച്ചെലവിനിടയായി. വിശദാംശം ചുവടെ കൊടുക്കുന്നു.

എ)

പ്രവൃത്തിയുടെ പേര്	പാർപ്പിട ഭൂമി കല്ല് കെട്ടി സംരക്ഷിക്കൽ (പട്ടിക വർഗ്ഗ കുടുംബങ്ങൾ)
പ്രോജക്ട് നമ്പർ	18/23
നിർവ്വഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനിയർ ,LID&EW
കരാറുകാരൻ	സജീഷ് സൈമൺ
അളവു പുസ്തകം	18/21-22
പ്രവൃത്തി മൂല്യം	487425
ചെലവു വിവരം	ബിൽ നം. 115/10.10.23

DSR 2016 കോസ്റ്റ് ഇൻഡക്സ് 48.71 %

ഇനം / MoRD സ്പെസിഫിക്കേഷൻ പ്രകാരമുള്ള നിരക്ക്	കരാറുകാരൻ ക്വാട്ടു ചെയ്ത നിരക്കും അനുവദിച്ച തുകയും	CPWD സ്പെസിഫിക്കേഷൻ പ്രകാരമുള്ള നിരക്ക്	CPWD സ്പെസിഫിക്കേഷൻ പ്രകാരമുള്ള നിരക്കിൽ ചെയ്താൽ വരുന്ന തുക	അധിക ചെലവ്
എർത്ത് വർക്ക് എക്സ്കവേഷൻ (കോഡ് 11.1.1.1) 553.17/M3	553.17/M^3 27.509 M3 @ 553.17/M3 = 15217/-	247.45/m^3 (കോഡ് 2.8.1)	27.509 M^3 @ 247.45 = 6807	8410
ഡി ആർ മേസനറി (കോഡ് 75.7.1) 4359.44/M3	4359.44/M3 27.509 M3 @ 4359.44 = 119924/-	2854.19/m3 (കോഡ് 60.7.1)	27.509 M3 @ 2854.19 = 78516/-	41408
ആകെ				49818

കരാറുകാരന് അനുവദിച്ച ടെണ്ടർ എക്സ്സസ് - 10%, ജി.എസ്.ടി -18% എന്നിവ ഉൾപ്പെടെ ആകെ 64664/- രൂപ അധികമായി നൽകി.

ബി)

പ്രവൃത്തിയുടെ പേര്	പാർപ്പിട ഭൂമി കല്ല് കെട്ടി സംരക്ഷിക്കൽ (പട്ടിക വർഗ്ഗ കുടുംബങ്ങൾ)
പ്രോജക്ട് നമ്പർ	17/23
നിർവ്വഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനിയർ,LID&EW
കരാറുകാരൻ	സജീഷ് സൈമൺ
അളവു പുസ്തകം	16/21-22
പ്രവൃത്തി മൂല്യം	792283
ചെലവു വിവരം	ബിൽ നം 268/5.3.2024

DSR 2016 കോസ്റ്റ് ഇൻഡക്സ് 48.71 %

ഇനം / MoRD സ്പെസിഫിക്കേഷൻ പ്രകാരമുള്ള നിരക്ക്	കരാറുകാരൻ കൊട്ടു ചെയ്ത നിരക്കും അനുവദിച്ച തുകയും	CPWD സ്പെസിഫിക്കേഷൻ പ്രകാരമുള്ള നിരക്ക്	CPWD സ്പെസിഫിക്കേഷൻ പ്രകാരമുള്ള നിരക്കിൽ ചെയ്താൽ വരുന്ന തുക	അധിക ചെലവ്
എർത്ത് വർക്ക് എക്സ്കവേഷൻ (കോഡ് 11.1.1.1) 553.17/M3	553.17/M^3 57.608 M^3 @ 553.17/M^3 = 31867/-	247.45/m^3 (കോഡ് 2.8.1)	57.608 M^3 @ 247.45 = 14255	17612
ഡി ആർ മേസനറി (കോഡ് 75.7.1) 4359.44/M^3	4359.44/M^3 57.608 M^3 @ 4359.44 = 251139/-	2854.19/m^3 (കോഡ് 60.7.1)	57.608 M^3 @ 2854.19 = 164424/-	86715
ആകെ				104327

കരാറുകാരന് അനുവദിച്ച ടെണ്ടർ എക്സ്സസ് - 10%, ജി.എസ്.ടി -18% എന്നിവ ഉൾപ്പെടെ ആകെ 135417/- രൂപ അധികമായി നൽകി.

ആകെ അധികമായി നൽകിയത് - 200081/-രൂപ

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിയ്ക്ക് (നം. 24/6.12.24) ലഭ്യമാക്കിയ മറുപടിയിൽ പാർപ്പിട ഭൂമിയുടെ ഒരു വശം റോഡിന്റെ ഭാഗമായി വരുന്നതു കൊണ്ടാണ് MoRD പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയതെന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ ഗ്രാമ പഞ്ചായത്ത് അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ 7.12.24 നു നടത്തിയ സ്ഥല പരിശോധനയിൽ ആകെ നാല് കുടുംബങ്ങൾക്കായി ചെയ്തിട്ടുള്ള പ്രസ്തുത പ്രവൃത്തിയിൽ മുരളി, സുമ, രമണി എന്നിവരുടെ നടവഴിയോട് ചേർന്നുള്ള സ്ഥലത്താണ് കല്ല് കെട്ടിയിട്ടുള്ളതെന്നും, സീനയുടെ സ്ഥലത്തിന്റെ മുൻവശത്ത് 8.86 M മാത്രമാണ് റോഡിനോട് ചേർന്നു വരുന്നതെന്നും ബോദ്ധ്യപ്പെട്ടു. ഇവിടെ റോഡിന്റെ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ടല്ല എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് മറിച്ച് പാർപ്പിട ഭൂമിയിൽ വെള്ളം കയറാതെ സംരക്ഷിക്കുന്നതിനായാണ്. പ്രസ്തുത സാഹചര്യത്തിൽ ടി മറുപടി അംഗീകരിക്കാവുന്നതല്ല. അധികമായി ചെലവഴിച്ച തുക ഉത്തരവാദിയായവരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

<u>1-30 പുന്നംപൂഴിക്കുളം - കോരംകുളം പുനരുദ്ധാരണം – പ്രവൃത്തി പൂർത്തീകരണത്തിൽ നീതീകരിക്കാനാവാത്ത കാലതാമസം</u>

പ്രോജക്ട് നമ്പർ	:	143/23
നിർവ്വഹണ ഉദ്യോഗസ്ഥൻ	:	അസിസ്റ്റന്റ് എഞ്ചിനീയർ
കരാറുകാരൻ	:	എക്സൽസിയർ എന്റർപ്രൈസസ്
എഗ്രീഡ് പി.എ.സി	:	8,52,766/-
പ്രവൃത്തി മൂല്യം	:	290271/- (1st Part Bill)
ബിൽ നം.	:	136/8.11.23

3.03.23ൽ കരാർ ചമച്ച ടി പ്രവൃത്തിയുടെ പൂർത്തീകരണത്തിന് 6 മാസത്തെ കാലാവധിയാണ് നൽകിയിരുന്നത്. ഇതനുസരിച്ച് 2.09.2023 നുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചതായി കാണുന്നില്ല.

ചില പ്രാദേശിക പ്രശ്നങ്ങൾ മൂലം പ്രവൃത്തി യഥാസമയം പൂർത്തീകരിക്കുവാൻ സാധിക്കാത്തതിനാൽ പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് നൽകുന്നതിനായി കരാറുകാരൻ അപേക്ഷ നൽകിയിട്ടുണെങ്കിലും നിയമപരമായി സപ്ലിമെന്ററി എഗ്രിമെന്റ് തയ്യാറാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിയ്ക്ക് (നം. 14/4.12.24) ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരന്റേതല്ലാത്ത കാരണത്താലാണ് പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കാതെ വന്നിട്ടുള്ളതെന്നും,

നിലവിലുള്ള പ്രാദേശിക പ്രശ്നങ്ങൾ ഭരണസമിതിയെ യഥാസമയം അറിയിച്ചിട്ടുള്ളതായും, ആയതിന് വ്യക്തമായ തീരുമാനം ലഭ്യമായിട്ടില്ലായെന്നും, പ്രവൃത്തി എന്ന് പൂർത്തീകരിക്കുമെന്ന് വ്യക്തത ഇല്ലാത്തതിനാലാണ് സപ്ലിമെന്ററി എഗ്രിമെന്റ് തയ്യാറാക്കാതിരുന്നെന്നുമാണ് അറിയിച്ചിട്ടുള്ളത്. പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകുന്നതുമായി ബന്ധപ്പെട്ട് നിയമ പ്രകാരമുള്ള നടപടികൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ടി വിഷയത്തിൽ ഭരണ സമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

1-31 സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ -നികുതികൾ ഈടാക്കിയിട്ടില്ല

മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പു പദ്ധതിയിൽ ചെയ്ത പ്രവൃത്തികളിൽ കോൺക്രീറ്റിലുള്ള സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് പ്രവർത്തി സ്ഥലങ്ങളിൽ സ്ഥാപിച്ചു നൽകുന്നതിനായി ഓഡിറ്റ് വർഷം നൽകിയിട്ടുള്ള തുകയുടെ വിവരം താഴെ ചേർക്കുന്നു.

1. മറിയ മാത്യു - 573100/-

2. പ്രമീള ഷാജി - 221500/-

വിവിധ ബില്ലുകൾ പ്രകാരം കരാറുകാർക്ക് തുക അനുവദിച്ചപ്പോൾ ബില്ലിൽ നിന്നും നിയമ പ്രകാരം ഈടാക്കേണ്ട ജി.എസ്.ടി, ആദായ നികുതി എന്നിവ ഈടാക്കിട്ടില്ലാത്തതായി കാണുന്നു. 1961 ലെ ഇൻകം ടാക്സ് ആക്ടിലെ സെക്ഷൻ 194 (C) പ്രകാരം 30,000/- രൂപയ്ക്കു മേലുള്ള കരാർ പ്രവൃത്തിയിൽ കരാറുകാരന് തുക അനുവദിക്കുമ്പോൾ, വ്യക്തികളാണെങ്കിൽ 1% ഉം സ്ഥാപനങ്ങളാണെങ്കിൽ 2% ഉം നിരക്കിൽ ആദായ നികുതി സോഴ്സ് ഡിഡക്ഷൻ നടത്തേണ്ടതാണ്. കൂടാതെ 250000/-രൂപയ്ക്ക് മുകളിലുള്ള കരാർ പ്രവൃത്തികളിൽ നിന്നും 2% നിരക്കില് ജി.എസ്.ടി, ടി.ഡി.എസായി ഈടാക്കേണ്ടതാണ്. ഇതനുസരിച്ച് മറിയ മാത്യുവിൽ നിന്നും ആദായ നികുതിയിനത്തിൽ 5731/- രൂപയും ജി.എസ്.ടി ഇനത്തിൽ 11462/- (2%) രൂപയും, പ്രമീള ഷാജിയിൽ നിന്നും ആദായ നികുതിയിനത്തിൽ 2215/- രൂപയും ഈടാക്കേണ്ടതായിരുന്നു. എന്നാൽ ഇത്തരത്തിൽ നികുതി ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിയ്ക്ക് (നം.25/6.12.24) മറുപടി ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ ക്രമ വിരുദ്ധമായി നൽകിയ തുക തിരികെ ഈടാക്കി ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ ഒടുക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

1-32 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തിയാക്കിയ ഇന്റർലോക്ക് ടൈൽ പ്രവൃത്തികളുടെ തുക നൽകിയത്

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 2022-23വർഷം നിർമ്മാണം പൂർത്തിയാക്കിയ ഇന്റർലോക്ക് ടൈൽ പ്രവൃത്തികളിൽ ടൈലിന് അനുവദിച്ചിരുന്ന നിരക്ക് (1652/- രൂപ) വളരെ ഉയർന്ന നിരക്കാണെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലാ ഓംബ്ഡ്സുമാൻ പുറപ്പെടുവിച്ച അവാർഡ് പ്രകാരം പ്രസ്തുത തുക നൽകുന്നത് തടസ്സപ്പെടുത്തിയിരുന്നു. എന്നാൽ പ്രസ്തുത പ്രവൃത്തികൾക്ക് നിലവിലെ SECURE Software പ്രകാരമുള്ള ടൈലിന്റെ നിരക്കായ 1062/- രൂപ വീതം നൽകിയാൽ മതിയെന്നുള്ള തീരുമാനം 20.4.2023 ൽ കൂടിയ വെണ്ടർമാരുമായുള്ള യോഗത്തിൽ അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത നിരക്ക് അനുവദിച്ച് ഓഡിറ്റ് കാലയളവിൽ തുക നൽകിയിട്ടുള്ളതായി കാണുന്നു. വിശദ വിവരം താഴെ ചേർക്കുന്നു.

ക്രമ നം.	പ്രവൃത്തിയുടെ വിവരം, പ്രവൃത്തി മൂല്യം	കരാറുകാരൻ	ടൈലിന് നൽകിയ തുക	ബിൽ വിവരം
1	തേവർവട്ടം വെരുങ്ങോട്ട ഇന്റർ ലോക്കിംഗ് ഫൂട്ട്പാത്ത് (RC/363985) 318585/-	അനന്തപൈ.എസ്	215586	16571/1.11.2023
2	വരേകാട്	അനന്തപൈ.എസ്	233226	16555/1.11.2023

	ക്ഷേത്രം റോഡ് ഇന്റർ ലോക്കിംഗ് ഫൂട്ട്പാത്ത് (RC/368650) 329528/-			
3	ഐസ് പ്ലാന്റ് പൊൻപുറം റോഡ് ഇന്റർ ലോക്കിംഗ് (RC/371570) 308936/-	അനന്തപൈ.എസ്	237888	161043/18.12.23
4	മറ്റത്തിൽ ഫിഷർമെൻ കോളനി ഇന്റർ ലോക്കിംഗ് ഫൂട്ട്പാത്ത് (RC/337060) 283986/-	മോഹനബോസ്	211088	161231/5.12.23
5	കണ്ണോത്ത് പറമ്പ് തുമ്പയിൽച്ചിറ ഇന്റർ ലോക്കിംഗ് ഫൂട്ട്പാത്ത് (RC/374583) 347574/-	ടി.ജെ.ജോബ്	221390	161242/5.12.23
6	സംഘവേദി കണ്ടൃത്തറ ഇന്റർ ലോക്കിംഗ് ഫൂട്ട്പാത്ത് (RC/367228) 331298/-	ടി.ജെ.ജോബ്	223859	16410/2.11.23
7	പാവേലി കോലോത്ത് മഠം ഇന്റർ ലോക്കിംഗ് ഫൂട്ട്പാത്ത് (RC/373358) 338796/-	ടി.ജെ.ജോബ്	209267	161311/5.12.23

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തിയാക്കിയ ഇന്റർലോക്ക് ടൈൽ പ്രവൃത്തികളുടെ തുക നൽകുന്നതുമായി ബന്ധപ്പെട്ടുള്ള 19.09.2023 തീയതിയിലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം) സംസ്ഥാന അപലേറ്റ് അതോറിറ്റിയുടെ ഉത്തരവിൽ (നം.104/AAC/MGNREGS/2023) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കായി രൂപപ്പെടുത്തിയിട്ടുള്ള SECURE സോഫ്റ്റ്വെയർ, PRICE സോഫ്റ്റ്വെയറുമായി താരതമ്യപ്പെടുത്തി കാലാനുസൃതമായി മാറ്റം വരുത്തേണ്ട ഉത്തരവാദിത്വം എം ജി എൻ ആർ ഇ ജി എസ് സ്റ്റേറ്റ് മിഷനിൽ നിക്ഷിപ്തമാണെന്നും ആയതിനാൽ ടി വിഷയം സംബന്ധിച്ച കൃത്യമായ നിർദ്ദേശം 30 ദിവസത്തിനകം ആലപ്പുഴ ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർക്കും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്കും നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. ആയതിന്റെ സ്പഷ്ടീകരണം

വരുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതിന് 27.9.2023 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 1(1) നമ്പർ തീരുമാന പ്രകാരം സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ ഇതുമായി ബന്ധപ്പെട്ടുള്ള സ്പഷ്ടീകരണം ലഭിച്ചതിന്റെ രേഖകൾ, തുക നൽകുന്നതിനുള്ള പഞ്ചായത്ത് കമ്മിറ്റി തീരുമാനം എന്നിവ ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിയ്ക്ക് (നം. 35/7.12.24) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-33 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പു പദ്ധതി - കരാറുകാരിൽ നിന്നും ഈടാക്കുന്ന നികുതികൾ ബന്ധപ്പെട്ട വകുപ്പുകളിലേയ്ക്ക് നൽകുന്നില്ല

മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പു പദ്ധതിയുടെ ഭാഗമായി നൽകുന്ന തുകയിൽ നിന്നും ടാക്സ്, ലെവിസ് തുടങ്ങിയ നിർബന്ധിത കിഴിവുകൾ (Statutory Deductions) കുറവ് ചെയ്യേണ്ട സാഹചര്യത്തിൽ ഒരു പലിശ രഹിത ഹോൾഡിംഗ് അക്കൗണ്ടിലേയ്ക്ക് തുക മാറ്റുകയും, 14 ദിവസത്തിനുള്ളിൽ ടി തുക ബന്ധപ്പെട്ട ഏജൻസി അക്കൗണ്ടിലേയ്ക്ക് മാറ്റി കൊടുക്കേണ്ടതാണെന്നും എം.ജി.എൻ.ആർ.ഇ.ജി.എസ് മിഷൻ ഡറക്ടറുടെ 3.11.2022 ലെ NREGA/380/2022/A2 നമ്പർ നടപടി ക്രമത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ 12.01.2023 ൽ എസ്.ബി.ഐ തുറവൂർ ശാഖയിൽ ഒരു കറന്റ് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. കരാറുകാരിൽ നിന്നും ആദായ നികുതി, ജി.എസ്.ടി എന്നീ ഇനങ്ങളിലായി 2023-24 സാമ്പത്തിക വർഷം 105775/- രൂപയും, 24-25 സാമ്പത്തിക വർഷം (26.11.2024 വരെ) 79530/- രൂപയും പ്രസ്തുത അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. പ്രസ്തുത അക്കൗണ്ടിലെ 26.11.2024 ലെ നീക്കിയിരുപ്പ് 185305/-രൂപ. 14 ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട വകുപ്പുകളിലേയ്ക്ക് ഒടുക്കേണ്ട തുക നാളിതുവരെയായും ഒടുക്കാതെ പഞ്ചായത്ത് അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ളത് തികച്ചും നിയമ വിരുദ്ധമാണ്. കരാറുകാരിൽ നിന്നും ജി.എസ്.ടി ഇനത്തിൽ ടി.ഡി.എസ് ആയി ഈടാക്കുന്ന 2% തുക അവരുടെ ജി.എസ്.ടി നമ്പരിൽ ഒടുക്കുന്നതിന്റെ അടിസ്ഥാനത്തിൽ പേയ് മെന്റ് മാപ്പ് ചെയ്താണ് ജി.എസ്.ടി വകുപ്പ് ബാക്കി തുക ഈടാക്കുന്നതെന്നിരിക്കെ, ഇത്തരത്തിൽ കരാറുകാരിൽ നിന്നും ഈടാക്കുന്ന തുക യഥാസമയം ഒടുക്കാത്തത് ഗുരുതരമായ നികുതി ശോഷണത്തിനിടയാക്കുന്നു.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിയ്ക്ക് (നം.32/7.12.24) മറുപടി ലഭ്യമാക്കിയിട്ടില്ല. ടി വിഷയത്തിൽ എത്രയും വേഗം തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

1-34 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി - കയർ ഭൂവസ്ത്രം വിരിച്ചതായി രേഖപ്പെടുത്തിയ അളവിലും വളരെ ഉയർന്ന അളവിൽ കയർ ഭൂവസ്ത്രം വങ്ങിയതായി രേഖപ്പെടുത്തി തുക അനുവദിച്ചു

മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഓഡിറ്റ് വർഷം നടപ്പാക്കിയ താഴെ പറയുന്ന കയർ ഭൂവസ്ത്രം വിരിക്കൽ എന്ന പ്രവൃത്തികളിൽ കയർ ഭൂവസ്ത്രം കട്ട് ചെയ്ത് വിരിച്ച് ഉറപ്പിക്കുന്ന ഇനത്തിന് രേഖപ്പെടുത്തിയിട്ടുള്ള അളവിലും വളരെ ഉയർന്ന അളവിൽ കയർ ഭൂവസ്ത്രം വാങ്ങിയിട്ടുള്ളതായി രേഖപ്പെടുത്തിയാണ് തുക അനുവദിച്ചിട്ടുള്ളത്. മാത്രമല്ല, ഒരേ അളവിലുള്ള പ്രവൃത്തികളിലും വ്യത്യസ്ത അളവുകളിൽ കയർ ഭൂവസ്ത്രത്തിന് തുക അനുവദിച്ചിട്ടുള്ളതായും കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രവൃത്തിയുടെ വിവരം	പ്രതലം ഒരുക്കിയ അളവ് (M^2)	ഭൂവസ്ത്രം കട്ട് ചെയ്ത് വിരിച്ച അളവ് (M^2)	കയർ ഭൂവസ്ത്രം വാങ്ങിയ അളവ് (M^2)	നൽകിയ തുക @ 73.50 രൂപ നിരക്കിൽ
1	തോട് പുനരുദ്ധാരണം-ചൂരമന വാർഡ് 3 (FP/392454) ബിൽ നം.	1000	1200	1700	124950

	16111/2.11.23				
2	തോട് പുനരുദ്ധാരണം-പരിമണം തോട് വാർഡ് 14 (FP/392767) ബിൽ നം. 16687/1.03.24	1200	1200	1700	124950
3	മണിയാത്യക്കൽ പൊന്നാടി തോട് (FP/384426) ബിൽ നം. 16343/12.1.24	1500	1500	1800	132300
4	ഉന്റികാട് തോട് (WE/593354) ബിൽ നം. 16290/11.3.24	1440	1440	1920	141120
5	തോട് പുനരുദ്ധാരണം-അമ്പാട്ട് പീടിക പറമ്പ് വാർഡ് 11 (WC/598867) ബിൽ നം. 1678/3.4.24	1440	1440	2040	149940
			6780	9160	

മുകളിൽ സൂചിപ്പിച്ചിട്ടുള്ള പ്രവൃത്തികളിൽ ആകെ ഭൂവസ്ത്രം വിരിച്ചിട്ടുള്ളത് 6780 M^2 സ്ഥലത്താണ്. 6780 M^2 സ്ഥലത്ത് ഭൂവസ്ത്രം വിരിക്കുന്നതിന് ആവശ്യമായ കയർ ഭൂവസ്ത്രത്തിന്റെ അളവ് - 6780 M^2 X 1.05 = 7119 M^2 (എസ്റ്റിമേറ്റ് പ്രകാരം പരമാവധി അനുവദിക്കാവുന്നത്)

നൽകാവുന്ന തുക - 7119 M^2 X 73.50 / M^2 = 523247/- രൂപ

നൽകിയ തുക - 9160 M^2 X 73.50/ M^2 = 673260/- രൂപ

അധികം നൽകിയത് - 150013/- രൂപ

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിയ്ക്ക് (നം. 34/7.12.24) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, എസ്റ്റിമേറ്റ് തയ്യാറാക്കുന്ന തിലുണ്ടായിട്ടുള്ള അപാകത ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-35 സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ - ഒരേ ഇനം പ്രവൃത്തിയ്ക്കുള്ള ബോർഡിന് വ്യത്യസ്ത നിരക്കിൽ തുക അനുവദിച്ചതു മൂലം അധിക ചെലവ്.

ഗ്രാമ പഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി ഒരേ കാലയളവിൽ നടപ്പാക്കിയ ഒരേയിനം പ്രവൃത്തികളിൽ സ്ഥാപിച്ചിട്ടുള്ള സിറ്റിസൺ ഇൻഫർമേഷൻ ബോർഡുകൾക്ക് വ്യത്യസ്ത നിരക്കിൽ തുക നൽകിയിട്ടുള്ളതായി കാണുന്നു. ഉദാഹരണമായി, ഫുട്പാത്ത് നിർമ്മാണം, റോഡ് തുടങ്ങിയ മരാമത്ത് പ്രവൃത്തികളിൽ സ്ഥാപിച്ചിട്ടുള്ള ബോർഡിന് 4000/- രൂപ നിരക്കിലും, സുഭിക്ഷ കേരളം പദ്ധതികളിൽ സ്ഥാപിച്ചിട്ടുള്ള ബോർഡിന് 3000/- രൂപ നിരക്കിലുമാണ് തുക അനുവദിച്ചിരുന്നത്. എന്നാൽ ഇതിനു വിരുദ്ധമായി ഒരേ കാലയളവിൽ നടപ്പാക്കിയിട്ടുള്ള താഴെ പറയുന്ന പ്രവൃത്തികളിൽ വ്യത്യസ്ത നിരക്കിലാണ് തുക അനുവദിച്ചിട്ടുള്ളത്.

ക്രമ നം.	പ്രവൃത്തിയുടെ വിവരം / ബിൽ നമ്പർ/തീയതി	കരാറുകാരൻ	ബോർഡിന് നൽകിയ തുക	നൽകാവുന്ന തുക	അധികം നൽകിയത്
1	സുഭിക്ഷ കേരളം	പ്രമീള ഷാജി	3500	3000	500

	-തരിശ് ഭൂമി കൃഷിയ്ക്ക് ഉപയുക്തമാക്കൽ. വാർഡ് -12 (LD/461243) 447/ 23.2.24				
2	ഹെർബൽ പ്ലാന്റേഷൻ വാർഡ് -11 (IF/694692) 444/ 5.6.23	പ്രമീള ഷാജി	3200	3000	200
3	തേവർവട്ടം വെരുങ്ങോട്ട ഇന്റർ ലോക്കിംഗ് വാർഡ് -7 (RC/363985) 93/ 30.10.23	പ്രമീള ഷാജി	4200	4000	200
4	കന്നുകുളം പനച്ചിക്കൽ വെളി ഇന്റർ ലോക്കിംഗ് വാർഡ് -5 (RC/372610) 140/ 25.9.23	മറിയ മാത്യു	4200	4000	200
5	വരേകാട് ക്ഷേത്രം റോഡ് വാർഡ് -5 (RC/368650) 92/ 30.10.23	പ്രമീള ഷാജി	4200	4000	200
6	ഐസ് പ്ലാന്റ് പൊൻപുറം റോഡ് ഇന്റർ ലോക്കിംഗ് (RC/371570) 199/ 16.3.24	മറിയ മാത്യു	4200	4000	200
	ആകെ				1500

ക്രമ വിരുദ്ധമായി കൂടിയ നിരക്കിൽ ബോർഡ് വാങ്ങിയിട്ടുള്ളത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിയ്ക്ക് (നം. 29/6.12.24) മറുപടി ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ കരാറുകാർക്ക് അധികമായി നൽകിയ 1500/- രൂപ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-36 ആദായ നികുതി സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിട്ടില്ല.

1961 ലെ ആദായനികുതി നിയമം സെക്ഷൻ 194 (സി) പ്രകാരം ഒരു സാമ്പത്തിക വർഷം ആകെ ₹1,00,000/- ക്ക് മുകളിലോ ഒറ്റത്തവണ ₹30,000 ക്ക് മുകളിലോ പ്രതിഫലം നൽകുന്ന പ്രവൃത്തികളിൽ വ്യക്തികളിൽ നിന്നും 1% നിരക്കിലും സ്ഥാപനങ്ങളിൽ നിന്നും 2% നിരക്കിലും സ്രോതസ്സിൽ ആദായനികുതി ഈടാക്കേണ്ടതാണ്. മാനേജ്മെന്റ് / ടെക്നിക്കൽ കൾസൾട്ടസി ഫീസുകളിൽ സെക്ഷൻ 194-J പ്രകാരം 2% റ്റി.ഡി.എസ് ബാധകമാണ്.

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണോ ദ്യോഗസ്ഥനായി 2023-24 സാമ്പത്തിക വർഷം നടപ്പിലാക്കിയ ഹരിതസഹായകേന്ദ്രത്തിനുള്ള വിഹിതം എന്ന പ്രോജക്ട് പ്രകാരം മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ മാനേജ്മെന്റ് കൺസൾട്ടൻസി സേവനം നൽകുന്ന മെ.ഐ.ആർ.റ്റി.സി എന്ന സ്ഥാപനത്തിന് പ്രതിഫലം നൽകിയിട്ടുണ്ട്. പ്രോജക്ടിൽ സ്രോതസ്സിൽ നികുതി ഈടാക്കിയിട്ടില്ല. അതേപോലെ കംപ്യൂട്ടർ,അനുബന്ധ ഉപകരണങ്ങൾക്ക് A.M.C എന്ന പ്രോജക്ടിൽ നിന്നും കെൽട്രോണിന് തുക നൽകിയിട്ടുണ്ട്. ഇതിനും ബാധകമായ നികുതി ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രോജക്ടിന്റെ പേര്/നമ്പർ	കൈമാറിയ തുക	ഈടാക്കേണ്ടിയിരുന്ന നികുതി	കരാർ സ്ഥാപനം
1	കംപ്യൂട്ടർ,അനുബന്ധ ഉപകരണങ്ങൾക്ക് A.M.C (S0023/24)	₹43070/- (TRN-230607000000015619 Dtd 26/12/2023)	₹861/-	മെ.കെൽട്രോൺ
2	ഹരിതസഹായ കേന്ദ്രത്തിനുള്ള വിഹിതം (S0041/24)	₹ 3,07,368/- XVFC/2023-24/P-87 Dtd 30-03-24	₹6,147/-	മെ.IRTC
	ആകെ		₹7008/-	

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നമ്പർ -5 തീയതി 02-12-2024) തുക ഈടാക്കി വിശദാംശങ്ങൾ അറിയിക്കാമെന്ന് മറുപടി നൽകിയിട്ടുണ്ട്. മേൽ സ്ഥാപനങ്ങളിൽ നിന്നും ആദായനികുതി ഈടാക്കി വിവരം അറിക്കേണ്ടതാണ്.

1-37 മൂല്യനിർണ്ണയ സാക്ഷ്യപത്രമില്ലാതെ പദ്ധതി ധനസഹായം പൂർണ്ണമായി നൽകി

പ്രോജക്ട് നം.	എസ്.0026/24
പ്രോജക്ടിന്റെ പേര്	വീട് വാസയോഗ്യമാക്കൽ (പ്രോജക്ട് നം-172/24)
അടങ്കൽ	₹4,50,000.00-വികസനഫണ്ട് – എസ്.സി.പി
ചെലവ് വിവരം	₹2,40,000.00 -വികസനഫണ്ട് – എസ്.സി.പി TRN-230607000000001353 Dtd 14-06-2023 ₹1,50,000/- TRN-230607000000005411 Dtd 13-12-2023 ₹60,000/- TRN-230607000000006196 Dtd 22-01-2024 ₹30,000/-
നിർവ്വഹണ ഉദ്യോഗസ്ഥൻ	വി.ഇ.ഒ, പൂച്ചാക്കൽ സർക്കിൾ

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ വീട് വാസയോഗ്യമാക്കൽ - എസ്.സി സ്പിൽ ഓവർ പ്രോജക്ട് ഫയൽ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചത് പ്രകാരം 2023-24 സാമ്പത്തികവർഷം എട്ട് ഗുണഭോക്താക്കൾക്ക് വീട് വാസയോഗ്യമാക്കൽ ധനസഹായത്തിന്റെ അവസാന ഗഡുവായി ₹30,000/- വീതം അനുവദിച്ചിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖ പ്രകാരം അവസാന ഗഡു അനുവദിക്കുന്നതിനു മുമ്പ് ഗുണഭോക്താവ് നടത്തിയ അറ്റകുറ്റപ്പണികൾ സംബന്ധിച്ച് പഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗം ഭൗതിക പരിശോധന നടത്തി മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. ഇപ്രകാരമുള്ള സാക്ഷ്യപത്രം ഇല്ലാതെയാണ് ഏതാനും ഗുണഭോക്താക്കൾക്ക് മുഴുവൻ തുകയും അനുവദിച്ചിട്ടുള്ളതെന്ന് കണ്ടെത്തിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

ഗുണഭോക്താവിന്റെ പേര്	നൽകിയ തുക	അക്കൗണ്ട് നമ്പർ	UTR No
ശ്രീമതി.വൽസല, ചാണ്ടിവെളിച്ചിറ	₹ 30,000/-	67041508995	RBI1662311465868

ശ്രീമതി.വിജയമ്മ,ഇടത്തറനികർത്ത്	₹ 30,000/-	67230293097	RBI1662311465867
ശ്രീ.വിജയൻ,പുത്തൻവീട്ടിൽ,തൈക്കാട്ടുശ്ശേരി	₹ 30,000/	67243945675	RBI3482349623810

ഗുണഭോക്താക്കൾ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചതിന്റെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ മുഴുവൻ ധനസഹായവും അനുവദിച്ചതിന്റെ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നമ്പർ -18 തീയതി 05-12-2024) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടില്ല. മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെ അനുവദിച്ച ധനസഹായമായ ₹90,000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-38 ബയോബിൻ-വികസനഫണ്ടിൽ നിന്നും മുഴുവൻ തുകയും ചെലവഴിച്ചു

പ്രോജക്ടിന്റെ പേര്:	ബയോബിൻ (S0170/24)
അടങ്കൽ:	₹5,04,229/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്) ₹56,940/- (ഗുണഭോക്തൃവിഹിതം) ₹951/- (തനത് ഫണ്ട്)
ചെലവ് :	₹5,04,229/- /-(ധനകാര്യകമ്മീഷൻ ഗ്രാന്റ്)
ബിൽ നം/ തീയതി	XVFC/2023-24/P-9, ₹3,70,440/- Dtd 11-09-23 XVFC/2023-24/P85, ₹1,33,789/- Dtd 27-03-24
നിർവ്വഹണം :	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,പൂച്ചാക്കൽ

ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ വാർഷികപദ്ധതിയിൽ ഉൾപ്പടുത്തി ടെണ്ടർ നടപടികൾ സ്വീകരിച്ചതും പിന്നീട് സ്പിൽ ഓവറായി നടപ്പാക്കിയതുമായ ബയോബിൻ (പ്രോജക്ട് നം. 170/2024) എന്ന പ്രോജക്ട് പ്രകാരം 2023-24 സാമ്പത്തിക വർഷം ₹5,04,229/-ചെലവഴിച്ചിട്ടുണ്ട്. ബയോബിൻ വാങ്ങുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥൻ ക്ഷണിച്ച ടെണ്ടറിൽ കുറഞ്ഞ നിരക്ക് (1372/-രൂപ-എല്ലാ നികുതികളുമടക്കം) കാട്ട് ചെയ്തത് ശുദ്ധി വേസ്റ്റ് കൺവേർഷൻ യൂണിറ്റ്, വടകര എന്ന സ്ഥാപനമാണ്. സ്ഥാപനം നൽകിയ നിരക്ക് 17.02.2023 ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റിയുടെ 3-7-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിവിധ ഇൻവോയ്സുകൾ പ്രകാരം 370 ബയോബിന്നുകൾ സ്ഥാപനം നൽകിയിട്ടുണ്ട്.

പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) പ്രോജക്ട് പ്രകാരം 90% സബ്സിഡിയും 10% ഗുണഭോക്തൃവിഹിതവും ചേർത്താണ് പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുള്ളത്. എന്നാൽ 100% ചെലവും വികസന ഫണ്ടിൽ നിന്നാണ് നടത്തിയിട്ടുള്ളത്.ഗുണഭോക്തൃവിഹിതമായി ₹49,420 രൂപ പിരിച്ചിട്ടുണ്ടെങ്കിലും ഇതിൽ നിന്നും പ്രോജക്ടിനായി തുകയൊന്നും ചെലവഴിച്ചിട്ടില്ല.

2) 370 ബയോബിന്നുകളാണ് ഗ്രാമപഞ്ചായത്തിൽ സ്ഥാപനം നൽകിയിട്ടുള്ളത്. എന്നാൽ 353 പേരിൽ നിന്നുമാത്രമാണ് ₹140/- വീതം ഗുണഭോക്തൃവിഹിതം വാങ്ങുകയും തുക ഗ്രാമപഞ്ചായത്തിൽ ഒടുക്കുകയും ചെയ്തിട്ടുള്ളത്. ബാക്കി 17 പേരുടെ ഗുണഭോക്തൃവിഹിതം സംബന്ധിച്ച രേഖകളൊന്നും ലഭ്യമായിട്ടില്ല.

3) സ്ഥാപനം ലഭ്യമാക്കിയ 370 ബയോബിന്നുകളും വിതരണം നടത്തിയതായി നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ടെങ്കിലും വിതരണ രജിസ്റ്ററോ, ഗുണഭോക്താക്കൾ ബയോബിന്നുകൾ കൈപ്പറ്റിയതായുള്ള എന്തെങ്കിലും രേഖയോ ഹാജരാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച, ഗുണഭോക്തൃവിഹിതം നൽകിയ ഗുണഭോക്താക്കൾക്ക് ബയോബിൻ ലഭിച്ചുവെന്ന് ഉറപ്പാക്കാനുള്ള രേഖകളില്ല.

4) വാങ്ങിയ ബയോബിന്നുകൾ നിർവ്വഹണ ഉദ്യോഗസ്ഥൻ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തതിന്റെ വിവരങ്ങൾ ലഭ്യമായിട്ടില്ല.

5) ലഭ്യമാക്കിയ 370 ബയോബിന്നുകളും വിതരണം നടത്തിയതായി നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചെങ്കിലും ബിന്നുകളുടെ നൂറോളം അടപ്പുകളും ഇനോക്കുലവും ഗ്രാമപഞ്ചായത്ത് കോമ്പൗണ്ടിൽ കൂട്ടിവച്ച നിലയിൽ കണ്ടെത്തിയിട്ടുണ്ട്. ബയോബിന്നുകൾ ഉപയോഗിക്കുന്നതിന് ഇവ ആവശ്യമായിരിക്കെ എന്തുകൊണ്ട് ഇവ വിതരണം നടത്തിയില്ല എന്ന കാര്യം വിശദീകരിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നമ്പർ -20 തിയതി 05-12-2024) മറുപടി നൽകിയിട്ടില്ല. ഗുണഭോക്തൃവിഹിതം ഈടാക്കാതെയുള്ള 17 എണ്ണത്തിന്റെ തുക ₹ 2380/- പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്. ധനകാര്യകമ്മീഷൻ വിഹിതത്തിൽ നിന്നും അധികം ചെലവഴിച്ച തുക ₹51,800/- (₹140x 370) തിരിച്ചടക്കുവാനും നടപടി സ്വീകരിക്കേണ്ടതാണ്. മേൽ അപാകങ്ങളുടെ അടിസ്ഥാനത്തിൽ പ്രോജക്ടിൽ ചെലവഴിച്ച ₹5,04,229/- ചെലവ് തടസ്സപ്പെടുത്തുന്നു.

1-39 കന്നുകുട്ടി പരിപാലനം-വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല

പ്രോജക്ട് നം. S0169/24കന്നുകുട്ടി പരിപാലനം

അടങ്കൽ -700000/-

വികസനഫണ്ട് (ജനറൽ)

ചെലവ് -350000/- TRN No.236070000000002157/31.7.2023

നിർവഹണം -വെറ്ററിനറി സർജൻ

പ്രോജക്ട് പ്രകാരം 28 ഗുണഭോക്താക്കൾക്ക് കാലിതീറ്റ നല്കുന്നതിനായി 350000/-രൂപ മേൽ ബിൽ പ്രകാരം അസിസ്റ്റന്റ് ഡയറക്ടർ കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം ഓഫീസർ ആലപ്പുഴയുടെ പേരിൽ നല്കിയിട്ടുണ്ട്. തൈക്കാട്ടുശ്ശേരി ക്ഷീരസഹകരണ സംഘത്തിനെയാണ് വിതരണത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ളത്. പദ്ധതി പ്രകാരം നാളിതുവരെ കാലിത്തീറ്റ വിതരണം നടത്തിയതിന്റെ രജിസ്റ്റർ പരിശോധിച്ചതിന്റെ വിവരം താഴെ കൊടുക്കുന്നു.

സംഘത്തിന്റെ പേര്	ഗുണഭോക്താക്കളുടെ എണ്ണം	വിതരണം നടത്തിയ മാസം	പ്രതിമാസ സബ്സിഡി തുക	ആകെ സബ്സിഡി തുക
തൈക്കാട്ടുശ്ശേരി ക്ഷീരസഹകരണ സംഘത്തിലെ 28 ഗുണഭോക്താക്കൾ	14	9/2023-8/2024 10/24-1125/-	12x900=10800 1x1125=1125	11925x14=166950
	7	09/2023-8/2024 10/24-1125/- 11/24-150/-	12x900=10800 1x1125=1125 1x150	12075x7=84525
	3	10/2023-8/2024 10/24-1125/	11x900=9900 1x1125=1125	11025x3=33075
	2	09/2023-8/2024	12x900=10800	10800x2=21600
	1	9/23-3/24	7x900=6300	6300x1=6300
	1	10/2023-8/2024	11x900=9900	9900x1=9900
ആകെ	28			322350/-

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ (350000-322350) 27650/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-40 എച്ച്.എം നിർവഹണം നടത്തിയ പ്രോജക്ടുകൾ രേഖകൾ ലഭ്യമായില്ല

പ്രോജക്ട്	S0042/24,വിദ്യാർത്ഥികൾക്ക് കരാട്ടെ പരിശീലനം
അടങ്കൽ	81000/-(വികസനഫണ്ട് ജനറൽ)
നിർവ്വഹണം	എച്ച്.എം. ഗവ. യു.പി.സ്കൂൾ,തൈക്കാട്ടുശേരി
ചെലവു വിവരം	ബിൽ നം. 2/2023-24dt21.3.2024-30000/- ബിൽ നം. 3/2023-24-8.1.2024dt-10000/- ബിൽ നം. 4/2023-24dt21.8.1.2024-10000/- ബിൽ നം. 6/2023-24dt27.3.2024-30000/-

വിദ്യാർത്ഥികൾക്ക് കരാട്ടെ പരിശീലനം എന്ന പ്രോജക്ട് പ്രകാരം ഗവ.യു.പി.എസ്. തൈക്കാട്ടുശ്ശേരിയിലെ 3,4,5 ക്ലാസുകളിലെ 33 പെൺകുട്ടികൾക്കും എസ്.എം.എസ്.ജെ.എച്ച്.എസ്

തെക്കാട്ടുശ്ശേരി സ്കൂളിലെ യു.പി തലത്തിലെ 21 പെൺകുട്ടികൾക്കും ഓഗസ്റ്റ് മുതൽ മാർച്ച് വരെ (8മാസം) കരാട്ടെ പരിശീലനം നൽകിയതിന് ഓരോ മാസവും (4സെഷൻ) പരിശീലനത്തിന് 10,000/- രൂപ വീതം വികസന ഫണ്ടിൽ നിന്നും ആകെ 80,000/- രൂപ പരിശീലകനായ വർഗീസ് തോമസ് എന്നയാൾക്ക് നൽകിയിട്ടുണ്ട്. ടിയാളുടെ വിലാസം തെളിയിക്കുന്ന രേഖകൾ, ബാങ്ക് പാസ്ബുക്ക് കോപ്പി എന്നിവ ലഭ്യമല്ല.

പതിനാലാം പഞ്ചവത്സര പദ്ധതിയിൽ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള സബ്സിഡി മാർഗ്ഗരേഖയിൽ എൽ.പി, യു.പി സ്ക്കൂൾ കുട്ടികൾക്ക് കരാട്ടെ, കുങ്ഫു പരിശീലനത്തിന് വികസനഫണ്ട് ചെലവഴിക്കുന്നതിന് നിർദ്ദേശമില്ല. വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ.(കൈ)നം. 84/2022 ത.സ്വ.ഭ.വ. തീയതി 19.04.2022)-8.6(18) പ്രകാരം വനിത ശിശു വികസന വകുപ്പ് നടപ്പാക്കുന്ന നിർഭയ പദ്ധതി പ്രകാരമുള്ള കായിക വിദ്യാഭ്യാസ സംബന്ധമായ പ്രതിരോധ പരിശീലന പരിപാടികളായ തായ്ക്വണ്ട, ജൂഡോ, കരാട്ടെ, യോഗ, കളരി ഉൾപ്പെടെയുള്ള ആയോധന കലകളിൽ ഹൈസ്ക്കൂൾ / ഹയർ സെക്കണ്ടറി വിദ്യാർത്ഥിനികൾക്ക് മാത്രമാണ് പരിശീലനം നൽകാവുന്നത്. ഇത്തരം പ്രോജക്ടുകൾ എറ്റെടുക്കേണ്ടത് ജില്ലാ പഞ്ചായത്തുമാണ്.

എൽ.പി,യു.പി വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിന് സർക്കാർ ഉത്തരവ് / സർക്കുലർ എന്നിവ ലഭ്യമല്ലാത്തതിനാൽ 80000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2)പ്രോജക്ട്S0092/24,എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

അടങ്കൽ-1085000/-(വികസനഫണ്ട് എസ്.സി.പി)

ചെലവ്-69500/-

1)ബിൽ നം. 1/2023-24-dt 8.8.2023-20000/-

2)ബിൽ നം. 5/2023-24-dt 9.1.2024-575000/-

3)ബിൽ നം. 7/2023-24-dt27.3.24-100000/-

മേൽ പ്രോജക്ട് പ്രകാരം എസ്.സി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നല്കിയതിന്റെ ഫയൽ പരിശോധിച്ചതിൽ ക്രമ നമ്പർ 1 പ്രകാരമുള്ള ബിൽ, വിദ്യാർത്ഥിയുടെ അപേക്ഷ എന്നിവ ലഭ്യമല്ല. ആയത് ലഭ്യമാക്കുവാനുമാവശ്യപ്പെട്ട് ഓഡിറ്റ് എൻകയറി (7/3.12.2024)നല്കിയെങ്കിലും മറുപടി ലഭ്യമായില്ല. രേഖകൾ ഹാജരാക്കുന്നതു വരെ 20000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-41 മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ പ്രോജക്ടുകളിലെ അപാകതകൾ

2023-24 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) നിരവധി ബോധവത്ക്കരണ പ്രവർത്തനങ്ങൾ പ്രോജക്ട് ആയി ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി മാർരേഖ(8.7.2(3) പ്രകാരം ബോധവത്ക്കരണ പരിപാടികൾ, സർവേകൾ, മറ്റ് വിവരശേഖരണം എന്നിവയ്ക്കുമാത്രമായി പ്രോജക്ട് ഏറ്റെടുക്കാവുന്നതല്ല. സബ്സ്ഡി മാർഗ്ഗരേഖ (8.4) പ്രകാരം ആവശ്യമെങ്കിൽ ഇത്തരം പ്രോജക്ടുകൾ എറ്റെടുത്താൽതന്നെയും ആർഭാടങ്ങളും, അനാവശ്യചെലവുകളും, ഉല്പാദനപരമല്ലാത്ത പ്രവർത്തനങ്ങളും ഒഴിവാക്കുകയും പരമാവധി ചെലവ് ചുരുക്കുകയും വേണം.

ക്രമ നം.	പ്രോജക്ട്	അടങ്കൽ	ചെലവ്
1	S0076/24 പ്രധിരോധ കുത്തിവയ്പുകളുടെ ആവശ്യകത	1000/- (CFC Grant)	1000/- XVFC/2023-24/P/77 Dt 22.3.2024
2	S0069/24 ഗർഭിണികൾക്കും കുടുംബാംഗങ്ങൾക്കും സുരക്ഷിതമായ പ്രസവത്തെക്കുറിച്ച് ബോധവത്ക്കരണ ക്യാമ്പ്	1000/- വികസന ഫണ്ട്. 1000/- (CFC Grant)	1000/- CFC Grant) XVFC/2023-24/P/77 Dt 26.3.2024

3	S0082/24,വിളർച്ചയുടെ തിരിച്ചറിയൽ	2000/- (CFC Grant)	-2000/- (CFC Grant) XVFC/2023-24/P/83 Dt 27.3.2024
4	S0077/24,മാതൃസുരക്ഷ	1000/- (CFC Grant)	-
5	S0094/24,ആരോഗ്യകരമായ-ഗർഭധാരണം,പ്രത്യുൽപ്പാദനം -ആരോഗ്യസേവനങ്ങൾ	1000/- (CFC Grant)	-
6	S0080/24 വിളർച്ചയിൽ നിന്ന് വളർച്ചയിലേക്ക്	1000/- (CFC Grant	-
7	S0086/24 വിളർച്ച പ്രധിരോധവും രോഗശമന നടപടികളും -'ടോക്ക് ഷോ	1000/- (CFC Grant	-
8	S0087/24 വിളർച്ചയുടെ ലക്ഷണങ്ങൾ -'ടോക്ക് ഷോ	1000/- (CFC Grant	-

ക്രമ നം 1,2,3 എന്നീ പ്രോജക്ടുളിലെ ചെലവ് തൻവർഷത്തെ ചെലവിലുൾപ്പെട്ടിട്ടുണ്ട്. പ്രതിരോധ കുത്തിവയ്പുകളുടെ ആവശ്യകതയെക്കുറിച്ച് ബോധവത്ക്കരണം നടത്തിയിരിക്കുന്നത് സിഎച്ച്സിയിൽ പ്രതിരോധകുത്തിവയ്പിനു കുഞ്ഞുങ്ങളുമായി വന്നവർക്കാണ്. പ്രതിരോധ കുത്തിവയ്പുകളുടെ ആവശ്യകതയെക്കുറിച്ച് വിശദീകരിക്കേണ്ടതും ബോധ്യപ്പെടുത്തേണ്ടതും ജെ.പി.എച്ച്.എന്റെ ഉത്തരവാദിത്വമാണ്. കൂടാതെ നാഷണൽ ഹെൽത്ത് മിഷന്റെ ഗൈഡ് ലൈൻസ് പ്രകാരം ഗർഭിണികൾക്കും കുടുംബാംഗങ്ങൾക്കും സുരക്ഷിതമായ പ്രസവത്തെക്കുറിച്ച് കൌൺസിലിംഗ് നടത്തുക, മാതൃശിശു സംരക്ഷണം ഉറപ്പാക്കുക, കുടുംബാസൂത്രണ മാർഗങ്ങൾ ഉറപ്പാക്കുക, ആരോഗ്യകാര്യങ്ങളിൽ ബോധവത്ക്കരണം നടത്തുക, എന്നിവ ആശ വർക്കർമാരുടെ ഉത്തരവാദിത്വവും ദൈനംദിന ജോലിയുടെ ഭാഗവുമാണ്. മേൽ പ്രോജക്ടുകളിലെല്ലാം തന്നെ ബോധവത്ക്കരണം നത്തിയതിന് റിഫ്രഷ്മെന്റ് ചെലവിനത്തിലെ ഇൻവോയിസുകൾ ഹാജരാക്കി JPHN ന്റെ അക്കൌണ്ടിലേക്കാണ് തുക നല്കിയത്. 1000/- രൂപ മുതലുള്ള പണമിടപാടുകൾ അക്കൌണ്ട് ട്രാൻസാക്ഷനാണ് നടത്തേണ്ടതെങ്കിലും സ്ഥാപനത്തിന്റെ അക്കൌണ്ടിലേക്ക് നല്കാതെ JPHN ന്റെ അക്കൌണ്ടിലേക്ക് നല്കിയത് ക്രമ പ്രകാരമല്ല. ദൈനം ദിന ജോലിയും ഉത്തരവാദിത്വങ്ങളും നിറവേറ്റുന്നതിന്റെ ഭാഗമായി ചെയ്ത പ്രവൃത്തികൾ പ്രോജക്ടിലുൾപ്പടുത്തി തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻകുയറി (22/6.12.2024) നല്കിയതിന് സ്ഥാപനങ്ങൾക്ക് ഉടൻതന്നെ പണം നൽകേണ്ടതുകൊണ്ടാണ് മുൻകൂറായി തുക ചെലവഴിച്ചതെന്നാണ് മറുപടി നൽകിയത്. ദൈനംദിന ജോലിയും ഉത്തരവാദിത്വങ്ങളും നിറവേറ്റുന്നതിന്റെ ഭാഗമായി ചെയ്യുന്ന പ്രവൃത്തികൾ പ്രോജക്ടിലുൾപ്പടുത്തി തുക ചെലവഴിക്കാതിരിക്കാനും, 1000/- രൂപ മുതലുള്ള പണമിടപാടുകൾ അക്കൌണ്ട് ട്രാൻസാക്ഷൻ നടത്തുവാനും ശ്രദ്ധിക്കേണ്ടതാണ്.

1-42 ലൈഫ് ഭവന പദ്ധതി - അഡ്വാൻസ് കൈപ്പറ്റിയിട്ടും ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ വിവിധ ലൈഫ് ഭവന നിർമ്മാണ പദ്ധതി രജിസ്റ്ററുകൾ പരിശോധിച്ചതുപ്രകാരം പ്രോജക്ട് പ്രകാരമുള്ള വിവിധ ഗഡുക്കൾ കൈപ്പറ്റി ദീർഘനാളായിട്ടും ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഏതാനും പേരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ഗുണഭോക്താവിന്റെ പേര്	തുക കൈപ്പറ്റിയതിന്റെ വിവരം

1	അനിൽകുമാർ,നന്ദനം, തൈക്കാട്ടുശ്ശേരി	അവസാനം തുക കൈപ്പറ്റിയത് -11/11/2020 ഇതുവരെ കൈപ്പറ്റിയ തുക -₹ 2,00,000/-
2	സവിത വിനീഷ്, വിനീഷ് ഭവനം, തൈക്കാട്ടുശ്ശേരി	ആദ്യഗഡു വാങ്ങിയത് -24/10/2018 ആകെ കൈപ്പറ്റിയ തുക-40,000
3	അനീഷ് പരിമണത്ത്, തൈക്കാട്ടുശ്ശേരി	ആദ്യഗഡുവാങ്ങിയ തിയതി- 15/03/2023 ആകെ കൈപ്പറ്റിയ തുക-₹40,000
4	വിജയൻ ശങ്കരഭവനം, തൈക്കാട്ടുശ്ശേരി	ആദ്യഗഡുവാങ്ങിയ തിയതി- 15/06/2023 ആകെ കൈപ്പറ്റിയ തുക-₹40,000
5	വിനോദ് ,കുന്നുവെളി, തൈക്കാട്ടുശ്ശേരി	ആദ്യഗഡുവാങ്ങിയ തിയതി- 15/06/2023 ആകെ കൈപ്പറ്റിയ തുക-₹40,000/
6	തങ്കമ്മ, തെക്കേവെളി, വാർഡ്-7, തൈക്കാട്ടുശ്ശേരി	ആദ്യഗഡുവാങ്ങിയ തിയതി- 10/07/2023 ആകെ കൈപ്പറ്റിയ തുക-₹40,000/-

മേൽ പരാമർശിച്ചിരിക്കുന്ന ഗുണഭോക്താക്കൾ എഗ്രിമെന്റ് വച്ച് വിവിധ ഗഡുക്കളായി ധനസഹായം കൈപ്പറ്റിയ ശേഷം ദീർഘനാളായിട്ടും ഭവന നിർമ്മാണം പൂർത്തീകരിക്കാതെയും സ്റ്റേജ് പൂർത്തീകരിച്ച് അടുത്ത ഗഡുവിന് അപേക്ഷ നൽകാതെയുമുള്ള സാഹചര്യത്തിൽ ഇതുവരെയുള്ള നിർമ്മാണപ്രവർത്തനങ്ങൾ സംബന്ധിച്ച് നേരിട്ട് പരിശോധന നടത്തുകയും ഗുണഭോക്താക്കൾക്ക് അറിയിപ്പ് നൽകുകയും വിഷയം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ പരിഗണനക്ക് സമർപ്പിക്കുകയും ചെയ്യേണ്ടതാണ്. എന്നാൽ ഇത്തരം നടപടികൾ സ്വീകരിച്ചിന്റെ രേഖകളില്ല. ഈ വിഷയത്തിൽ സ്വീകരിച്ച സ്വീകരിച്ച തുടർ നടപടികളുടെ വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നമ്പർ -26 തിയതി 06-12-2024) മറുപടി നൽകിയിട്ടില്ല. 2018-19 സാമ്പത്തികവർഷം അഡ്വാൻസ് കൈപ്പറ്റിയവർ കഴിഞ്ഞ 5 വർഷമായി ഭവനനിർമ്മാണ പ്രവർത്തനങ്ങളൊന്നും നടത്താത്ത സ്ഥിതിയുണ്ട്. ഇത്തരം കേസുകൾക്ക് മുൻഗണന നൽകി ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിനും അഡ്വാൻസ് കൈപ്പറ്റിയവർക്ക് നിർമ്മാണം നടത്താൻ സാധിക്കാത്ത പക്ഷം നല്കിയ തുക തിരികെ ഈടാക്കാനും നടപടി സ്വീകരിക്കേണ്ടതാണ്.

1-43 ശുചിത്വ പരിപാലനം ഹരിത കർമ്മ സേനയിലൂടെ

ഹരിത കർമ്മ സേനയുടെ ലക്ഷ്യം

സംസ്ഥാനത്തിന്റെ രൂക്ഷമായ മാലിന്യപ്രശ്നത്തിന് വികേന്ദ്രീകൃത രീതിയിൽ പരിഹാരം കാണുന്നതിനും മാലിന്യത്തെ വരുമാനമാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടെയുമാണ് ഹരിത കർമ്മസേന രൂപീകരിക്കപ്പെട്ടിട്ടുള്ളത്. സംസ്ഥാനത്തിന്റെ സാഹചര്യത്തിന് അനുസൃതമായി മാലിന്യ ശേഖരണവും സംസ്കരണവും വികേന്ദ്രീകരിക്കുകയും അതോടൊപ്പം അവയിൽ നിന്ന് വരുമാനം ഉണ്ടാക്കുകയും ചെയ്യുക എന്നതാണ് അടിസ്ഥാന ലക്ഷ്യം.

ഹരിത കർമ്മ സേനയുടെ പ്രവർത്തനം

2017 നവംബർ മാസമാണ് ഗ്രാമപഞ്ചായത്തിൽ ഹരിത കർമ്മ സേനയുടെ പ്രവർത്തനം തുടങ്ങിയത്. നിലവിൽ ഗ്രാമപഞ്ചായത്തിൽ 30 ഹരിത കർമ്മ സേനാംഗങ്ങളെയാണ് നിയമിച്ചിട്ടുള്ളത്. ക്ലസ്റ്ററുകളായി റൊട്ടേഷൻ അടിസ്ഥാനത്തിൽ വാർഡുകളിൽ നിന്നും അജൈവ മാലിന്യങ്ങൾ ശേഖരിച്ച് പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള എം.സി.എഫിൽ സൂക്ഷിക്കുകയും മാസാവസാനം തരംതിരിച്ച് ഗ്രീൻ ലൈഫ് കമ്പനിയ്ക്ക് കൈമാറുകയും ചെയ്യുന്നു. വീടുകളിൽ നിന്നും 50/-രൂപ നിരക്കിലും വ്യപാര സ്ഥാപനങ്ങളിൽ നിന്നും 100/-രൂപ നിരക്കിലും യൂസർ ഫീ ചുമത്തി വരുന്നു. കെൽട്രോണിന്റെ സാങ്കേതിക സഹായത്തോടെ എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിലൂടെ ഓരോ വാർഡിലേയും മാലിന്യ ശേഖരണവും യൂസർ ഫീ കളക്ഷനും പഞ്ചായത്തിൽ നിന്നും നേരിട്ട് മോണിട്ടർ ചെയ്യുവാൻ സാധിക്കുന്നു. ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനും പഞ്ചായത്ത് തലത്തിൽ പ്രസിഡന്റ്, സെക്രട്ടറി, അസി സെക്രട്ടറി, വി.ഇഒ, ആരോഗ്യ/ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ,ഹെൽത്ത് ഇൻസ്പെക്ടർ മുതലായ അംഗങ്ങൾ ഉൾപ്പെട്ട സമിതി പ്രവർത്തിക്കുന്നു. ടി സമിതി ഓരോ മാസവും സേനയുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു.

സാമൂഹ്യ ബോധവത്ക്കരണം

മാലിന്യ സംസ്ക്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങളെ ബോധവത്ക്കരിക്കുന്നതിന് ഗ്രാമപഞ്ചായത്തും ഹരിതകർമ്മസേനയും ചേർന്ന് ഭവന സന്ദർശനം ,നോട്ടീസ് വിതരണം ,ഗ്രാമസഭകൾ മുതലായവയിൽ ബോധവത്ക്കരണ ക്ലാസുകൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്.

പരിശീലനം

ഗ്രാമ പഞ്ചായത്തും ഐ.ആർ.ടി.സിയും ചേർന്ന് ഹരിത കർമ്മ സേനയ്ക്ക് കൃത്യമായ ഇടവേളകളിൽ പരിശീലനം നൽകിവരുന്നു. രൂപീകരണ സമയത്ത് പ്ലാസ്റ്റിക്കിന്റെ ദൂഷ്യ വശങ്ങൾ സംബന്ധിച്ച് ബോധവൽക്കരണ ക്യാമ്പെയ്ൻ, ജൈവ, അജൈവ മാലിന്യങ്ങൾ കൃത്യമായി തരം തിരിക്കുന്നതിനുള്ള പരിശീലനം എന്നിവ നൽകിയിരുന്നു. ഇതിനുപുറമേ വിവിധതരം കമ്പോസ്റ്റിംഗ് സംവിധാനങ്ങളെ പറ്റിയുള്ള പരിശീലന ക്ലാസ്സും ഫയർ എക്സ്റ്റിംഗ്യൂഷറുമായി ബന്ധപ്പെട്ട പരിശീലനവും ലഭിച്ചിട്ടുണ്ട്.

മാലിന്യ ശേഖരണത്തിലെ കാര്യക്ഷമത

ഹരിത കർമ്മ സേനയുടെ 2023-24 വർഷത്തെ കളക്ഷൻ റിപ്പോർട്ട് പ്രകാരം ഗ്രാമപഞ്ചായത്തിലെ 15 വാർഡുകളിലായി ഏകദേശം 5050വീടുകളും 251സ്ഥാപനങ്ങളും ഉള്ളതിൽ ശരാശരി 80% വ്യക്തികൾ മാത്രമാണ് യൂസർ ഫീ നൽകി ഗ്രാമപഞ്ചായത്തിന്റെ മാലിന്യ ശേഖരണ യജ്ഞവുമായി സഹകരിക്കുന്നത്. ഓരോ മാസവും ഏകദേശം 3500കിലോഗ്രാം പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നുണ്ട്. ശേഖരിക്കുന്ന എല്ലാ മാലിന്യങ്ങളും എം സി എഫിൽ എത്തിച്ച് ഗ്രീൻലൈഫ് കമ്പനിയുടെ സ്പെസിഫിക്കേഷൻ പ്രകാരം അടുക്കിസൂക്ഷിക്കുന്നു. ശുചിത്വ മിഷൻ അംഗീകരിച്ച വാർഷിക പ്രവർത്തന കലണ്ടർ പ്രകാരം പ്ലാസ്റ്റിക് വേസ്റ്റിനോടൊപ്പം തുണി, കുപ്പിച്ചില്ലുകൾ, പോളി എത്തിലിൻ പ്രിന്റിംഗ് ഷീറ്റുകൾ, ഇ-വേസ്റ്റ് മുതലായവ ഓരോ മാസവും റൊട്ടേഷൻ അനുസരിച്ച് വീടുകളിൽ നിന്നും കടകളിൽ നിന്നും ശേഖരിക്കേണ്ടതാണ്. നിലവിൽ കഴുകി വൃത്തിയാക്കിയ പ്ലാസ്റ്റിക് കവറുകൾ മാത്രമാണ് ഹരിത കർമ്മ സേന വിവിധ വാർഡുകളിൽ നിന്നും ശേഖരിക്കുന്നത്.

മാലിന്യ നീക്കത്തിന് അടിസ്ഥാന സൗകര്യം.

വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങൾ തൊട്ടടുത്തുള്ള സംഭരണ കേന്ദ്രത്തിൽ എത്തിക്കുന്നതിന് ആവശ്യമായ സൌകര്യങ്ങൾ നിലവിലില്ലെങ്കിലും ഇതിനാവശ്യമായ ട്രോളികൾ നല്കുന്നതിന് ഗ്രാമ പഞ്ചായത്ത് പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. ഹരിത കർമ്മസേനയ്ക്ക് ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ പഞ്ചായത്ത് മുഖേന നൽകിയിട്ടുണ്ട്. നിലവിൽ ഗ്രാമപഞ്ചായത്തിൽ 14 മിനി എം.സി.എഫുകൾ ഉണ്ട്. മിനി എം.സി.എഫുകളിൽ ശേഖരിച്ച മാലിന്യങ്ങൾ സൂക്ഷിക്കുന്ന പ്രധാന എം.സി.എഫ് സ്ഥിരം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

മെറ്റീരിയൽ കളക്ഷൻ സെന്റർ

വിവിധ വാർഡുകളിൽ നിന്നും പ്രതിമാസം ഏകദേശം 4000കിലോഗ്രാം പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നുണ്ട്. നിലവിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് സൂക്ഷിക്കുന്നത് പ്രധാന എം.സി.എഫിലാണ്. ഇവിടെ ഷ്രഡിംഗ് മെഷീനുകൾ സ്ഥാപിച്ചിട്ടില്ലാത്തതിനാൽ ശേഖരിക്കുന്ന മാലിന്യം അതേപടി സൂക്ഷിക്കുന്നതിനുള്ള സൗകര്യം മാത്രമാണുള്ളത്. ഹരിത കർമ്മ സേനയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ വകുപ്പ് പുറത്തിറക്കിയ 12/08/2020ലെ സ.ഉ (സാധാ) നം.1496/2020/ത.സ്വ.ഭ.വ തീയതി പ്രകാരം കുറഞ്ഞത് 1000 ച.അടി വിസ്തീർണ്ണമുള്ള എം.സി.എഫ് പഞ്ചായത്ത് തലത്തിൽ സ്ഥാപിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. നിലവിൽ 500 ചതുരശ്ര അടി വിസ്തീർണ്ണത്തിൽ എം.സി.എഫ് ഉണ്ട്.

കൺസോർഷ്യത്തിന്റെ പ്രവർത്തനം.

പഞ്ചായത്തിലെ 30 ഹരിത കർമ്മ സേന പ്രവർത്തകരെ ഏകോപിപ്പിച്ച് ഹരിതകർമസേന കൺസോർഷ്യം രൂപീകരിച്ചിട്ടുണ്ട്. ഹരിതസേനയുടെ കീഴിൽ വരുന്ന ദൈനദിന പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകുന്നതിനും നിയന്ത്രിക്കുന്നതിനും വേണ്ടിയാണ് ഹരിതകർമ്മസേന കൺസോർഷ്യം രൂപീകരിച്ചിട്ടുള്ളത്. അജൈവ മാലിന്യ ശേഖരണം മുതൽ തരംതിരിച്ച് വിപണനം നടത്തുന്നതുവരെയുള്ള വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും ഹരിത സംരംഭകർക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കുകയുമാണ് ഹരിത കർമ്മ സേന കൺസോർഷ്യത്തിന്റെ പ്രധാന കർത്തവ്യം. കൺസോർഷ്യത്തിന്റെ നോഡൽ ഓഫീസർ അസിസ്റ്റന്റ് സെക്രട്ടറിയും ചാർജ് ഓഫീസർ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുമാണ്. ഗ്രാമപഞ്ചായത്തിലെ സേനയുടെ പ്രവർത്തനം സംബന്ധിച്ച് 2023-24 വർഷം

അവലോകന യോഗങ്ങൾ നടത്തിയിട്ടുണ്ട്. കൺസോർഷ്യത്തിന്റെ നേതൃത്വത്തിൽ ഓരോ മാസവും യൂസർ ഫീ കളക്ഷനായി ലഭിക്കുന്ന തുകയുടെ 10% കൺസോർഷ്യത്തിന്റെ കോർപ്പസ് അക്കൗണ്ടിൽ സൂക്ഷിക്കുന്നു. സേനയിലെ ഓരോ അംഗത്തിനും അവരവരുടെ പ്രവർത്തനത്തിനനുസരിച്ച് പ്രതിമാസം ശരാശരി 8000/-രൂപ വരെ വേതനം ലഭിക്കുന്നു.

കൺസോർഷ്യം മുഖേനയുള്ള സംരംഭക യൂണിറ്റുകൾ

അംഗങ്ങൾക്ക് കൂടുതൽ വരുമാനം ലഭിക്കുന്നതിനായി നിലവിൽ സംരംഭക യൂണിറ്റുകൾ കൺസോർഷ്യത്തിന്റെ കീഴിൽ ആരംഭിച്ചിട്ടില്ല.

ഓഡിറ്റിന്റെ നിഗമനം / ശുപാർശ

കൺസോർഷ്യത്തിന്റെ കീഴിൽ ക്യാരിബാഗ് ഉല്പാദന യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. ഗാർഹിക ബയോബിൻ വിതരണം കാര്യക്ഷമമായി നടക്കുന്ന സാഹചര്യത്തിൽ, കൺസോർഷ്യം മുഖേന ഇനോക്കുലം വീടുകളിൽ എത്തിച്ച് നൽകുന്നതിനുള്ള സാധ്യത പരിശോധിക്കാവുന്നതാണ്. പുനരുപയോഗ്യമല്ലാത്ത ലെഗസി മാലിന്യങ്ങളുടെ ഉല്പാദനവും ഉപയോഗവും നിർത്തലാക്കുന്നതിന് സർക്കാർ തലത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുക. ഇവയുടെ ഉപയോഗം മൂലം ഉണ്ടാകുന്ന ആരോഗ്യ, പാരിസ്ഥിതിക പ്രശ്നങ്ങളെപ്പറ്റി ജനങ്ങളെ ബോധവാന്മാരാക്കുക. ഇപ്രകാരം നടപടികൾ സ്വീകരിച്ച് ഹരിത കേരള മിഷന്റെ പ്രഖ്യാപിത ലക്ഷ്യമായ മാലിന്യങ്ങളുടെ ഉൽപ്പാദനം കുറയ്ക്കുക, പുനരുപയോഗം വർദ്ധിപ്പിക്കുക, പുന:ചംക്രമണത്തിലൂടെ മറ്റ് ഉൽപ്പന്നങ്ങളാക്കി മാറ്റുക എന്നിവ നടപ്പാക്കുക വഴി സീറോ വേസ്റ്റ് (മാലിന്യം പൂർണ്ണമായി ഇല്ലാതാക്കുക) എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിന് പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ചിട്ടയായതും നിരന്തരവുമായ ഇടപെടൽ ആവശ്യമാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

2-1 പുതുക്കിയ നിരക്കിൽ കെട്ടിടനികുതി ക്രമീകരിച്ച് ഈടാക്കിയില്ല

കേരള സർക്കാർ തദ്ദേശസ്വയംഭരണ ആർ.സി.വകുപ്പ് പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് (അച്ചടി)നം.25/2023/എൽ.എസ്.ജി.ഡി., തീയതി 05.04.2023 (SRO No.479/23) പ്രകാരം 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പരിഷ്കരിക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും വസ്തുനികുതി 01.04.2023 പ്രാബല്യത്തിൽ പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ ഉത്തരവ് (കൈ)നം.77/2023 /എൽ.എസ്.ജി.ഡി., തീയതി 22.03.2023 പ്രകാരം പുറപ്പെടുവിച്ചിരുന്നു. ഈ ഉത്തരവിലെ വ്യവസ്ഥ 8 പ്രകാരം 2023-24 മുതൽ പുതുതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങൾക്ക് ബാധകമാക്കേണ്ട നികുതിനിരക്കുകളും മേഖലകളും റോഡുകളുടെ തരംതിരിവ് പുതുക്കലും വിജ്ഞാപനം ചെയ്ത് അന്തിമമാക്കണം (അന്തിമവിജ്ഞാപനം നടത്തി പുതുക്കിയ നിരക്കിലുള്ള വസ്തുനികുതി ഈടാക്കുവാൻ ആരംഭിച്ച തീയതി വരെയുള്ള വസ്തുനികുതി പുതുക്കി നിർണ്ണയിച്ച് വ്യത്യാസമുള്ള തുക ക്രമീകരിക്കുകയോ/ ഈടാക്കുകയോ ചെയ്യേണ്ടതാണ്).

ഗ്രാമപഞ്ചായത്തിൽ 25.08.2023ലെ കമ്മിറ്റിയിൽ ഫയൽനം.SC1/1223/23 തീരുമാനം നം.1 പ്രകാരം 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതിയിൽ എല്ലാ നിരക്കുകളും പുതുക്കി നിർണ്ണയിച്ച് അന്തിമവിജ്ഞാപനം ചെയ്ത് തീരുമാനിച്ചു. എന്നാൽ മേൽ സർക്കാർ ഉത്തരവുകൾ പ്രകാരം 01.04.2023 മുതൽ അന്തിമവിജ്ഞാപനം പുറപ്പെടുവിച്ചതുവരെയുള്ള കാലയളവിൽ വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ നികുതി പുതുക്കി തുക ക്രമീകരിച്ച് ഈടാക്കേണ്ടതാണ്.

ശ്രീ ഭഗവതി ട്രേഡേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് (6/616C) എന്ന സ്ഥാപനത്തിന്റെ വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നത് 20.04.2023 ലാണ്. എന്നാൽ ടി സ്ഥാപനത്തിന്റെ വസ്തു നികുതി പുതുക്കിയ നിരക്കിലേക്ക് ക്രമീകരിച്ചിട്ടില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

(1) ഉപയോഗക്രമത്തിനനുസരിച്ച് വസ്തു നികുതി നിർണ്ണയിച്ചിട്ടില്ല.

സഞ്ചയയിൽ രേഖപ്പെടുത്തിയ	സഞ്ചയയിൽ രേഖപ്പെടുത്തേണ്ട		നികുതി നിർണ്ണയിച്ചത്	നികുതി നിർണ്ണയിക്കേണ്ടത്	നഷ്ടം

ഉപയോഗക്രമം	ഉപയോഗക്രമം				
വാണിജ്യാവിശ്യത്തിനുള്ളവ 200 ച.മീറ്റർ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റുക്കറ്റ്, ഷോപ്പിംഗ് മാളുകൾ	ഗോഡൗൺ ഉൾപ്പടെ സ്റ്റോറേജ് കെട്ടിടങ്ങൾ - 500 ച.മീറ്ററിന് മുകളിൽ ഉള്ളവ	അടിസ്ഥാന വസ്തു നികുതി	5,355.83 ച.മീ @ 70 = 3,74,908	5,355.83 ച.മീ @ 90 =4,82,025	
		വഴി സൗകര്യം - 20% വർദ്ധനവ്	(+) 74,981.6	(+) 96405	
		മേൽക്കൂര - 10% ഇളവ്	(-) 37,490.8	(-) 48202.5	
		നികുതി	4,12,399	530227	
		ലൈബ്രറി സെസ് - 5%	(+) 20,620	(+) 26511	
		ആകെ	4,33,019	556738	1,23,719

(2) വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ്.

ശ്രീ ഭഗവതി ട്രേഡേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ (6/616C) ഓഫീസ് കെട്ടിടത്തിനു നികുതി നിർണ്ണയിച്ചതിൽ കുറവ് സംഭവിച്ചിട്ടുണ്ട്. അന്തിമവിജ്ഞാപന പ്രകാരം പുതുക്കി നിർണ്ണയിച്ച ഓഫീസ് കെട്ടിടങ്ങൾക്ക് 45/- രൂപ നിരക്കിലാണ് വസ്തു നികുതി ഈടാക്കേണ്ടത് . സഞ്ചയ പ്രകാരം സ്ഥാപനത്തിന്റെ വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നത് 30/- രൂപ നിരക്കിലാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

ഫ്ലോർ		നികുതി നിർണ്ണയിച്ചത്	നികുതി നിർണ്ണയിക്കേണ്ടത്	നഷ്ടം
താഴത്തെ നില	അടിസ്ഥാന വസ്തു നികുതി	29.73 ച.മീ @30 = 891.9	29.73 ച.മീ @45 = 1337.85	562
	20% വർദ്ധനവ് - വഴി സൗകര്യം	(+) 178.38	(+) 267.57	
	നികുതി	1070	1605	
	ലൈബ്രറി സെസ് - 5%	(+) 53.5	(+) 80.25	
	ആകെ	1123	1685	
ഒന്നാം നില	അടിസ്ഥാന വസ്തു നികുതി	29.73 ച.മീ @30 = 891.9	29.73 ച.മീ @45 = 1337.85	482
	20% വർദ്ധനവ് - വഴി സൗകര്യം	(+) 178.38	(+) 267.57	
	നികുതി	1070	1605	
	5%- ഇളവ് - ഒന്നാം നില	-	(-) 80.25	

	ലൈബ്രറി സെസ് - 5%	(+) 53.5	(+) 80.25	
	ആകെ	1123	1605	
രണ്ടാം നില	അടിസ്ഥാന വസ്തു നികുതി	29.73 ച.മീ @30 = 891.9	29.73 ച.മീ @45 = 1337.85	402
	20% വർദ്ധനവ് - വഴി സൗകര്യം	(+) 178.38	(+) 267.57	
	നികുതി	1070	1605	
	10%- ഇളവ് - ഒന്നാം നില	-	(-) 160.5	
	ലൈബ്രറി സെസ് - 5%	(+) 53	(+) 80.25	
	ആകെ	1123	1525	
ആകെ		3369	4815	1446/-

എല്ലാ വാർഡുകളിലും ഇപ്രകാരം ക്രമീകരണം വരുത്തി നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിയ്ക്ക് (33/07.12.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. 01.04.2023 മുതൽ അന്തിമവിജ്ഞാപനം പുറപ്പെടുവിച്ചതുവരെയുള്ള കാലയളവിൽ വസ്തുനികുതി നിർണ്ണയിച്ച എല്ലാ കെട്ടിടങ്ങളുടെയും വസ്തുനികുതി പുതുക്കി തുക ഈടാക്കിയ വിവരം അറിയിക്കേണ്ടതാണ്.

വസ്തു നികുതി പുതുക്കിയ നിരക്കിലേക്ക് ക്രമീകരിക്കാത്തത് മൂലമുണ്ടായ ആകെ നഷ്ട തുകയായ 1,25,165/- രൂപ ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2-2 വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല

(A) 2023-24 സാമ്പത്തിക വർഷം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടമുറികളുടെ വാടക സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ ചില കടമുറികളുടെ വാടകയിൽ കുടിശ്ശികയുള്ളതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	വാടകയ്ക്ക് എടുത്തിരിക്കുന്ന വ്യക്തിയുടെ പേര്	കടമുറിയുടെ വിവരങ്ങൾ	പ്രതിമാസ വാടക (ജി.എസ്.ടി ഉൾപ്പെടെ)	വാടക ഒടുക്കിയ മാസം / തുക	വാടക ഒടുക്കാൻ അവശേഷിക്കുന്ന മാസം	വാടക കുടിശ്ശിക
1	ജോസഫ്	പഞ്ചായത്ത്	1542	ഏപ്രിൽ	ഫെബ്രുവരി 2024	3084

		ഓഫീസ് ഷോപ്പിംഗ് കോംപ്ലക്സ്. കിഴക്കുനിന്ന് 1ാം മുറി		2023 – ജനുവരി 2024 (10 മാസം)	– മാർച്ച് 2024 (2 മാസം)	(1542x2)
2	വാസുദേവൻ	പഞ്ചായത്ത് ഓഫീസ് ഷോപ്പിംഗ് കോംപ്ലക്സ്. കിഴക്കുനിന്ന് 3ാം മുറി	1818	-	ഏപ്രിൽ 2023 – മാർച്ച് 2024 (12 മാസം)	21816 (1818x12)
3	ജെയ്സൺ	പൂച്ചാക്കൽ മാർക്കറ്റ് -പുതിയ കെട്ടിടം - N2	3903	ഏപ്രിൽ2023-ഓഗസ്റ്റ് 2023 (5 മാസം)	സെപ്റ്റംബർ 2023 – മാർച്ച 2024 (7 മാസം)	27321 (3903x7)
4	മജീദ്	പൂച്ചാക്കൽ മാർക്കറ്റ് -പുതിയ കെട്ടിടം N3	3903	ഏപ്രിൽ 2023 – നവംബർ 2023 (8 മാസം)	ഡിസംബർ 2023 – മാർച്ച് 2024 (4 മാസം)	15612 (3903x4)
5	കബീർ	പൂച്ചായ്ക്കൽ പഴയ കെട്ടിടം - തെക്ക് നിന്ന് 5-ാ മത്	1539	ഏപ്രിൽ 2023 – നവംബർ 2023 (8 മാസം)	ഡിസംബർ 2023 – മാർച്ച് 2024 (4മാസം)	6156 (1539x4)
6	അശോവന്ദ്രൻ	പൂച്ചാക്കൽ മാർക്കറ്റ് - പുതിയ കെട്ടിടം - N5	3903		ഏപ്രിൽ 2023 – മാർച്ച് 2024 (12 മാസം)	46836 (3903x12)
ആകെ						1,20,825/-

വാടക കുടിശ്ശിക സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകവയറിയ്ക്ക് (31/07.12.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശിച്ച വ്യക്തികളിൽ നിന്നും വാടക കുടിശ്ശിക ഇനത്തിൽ ഒടുക്കേണ്ട 1,20,825/- രൂപ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

(B) തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 06.03.2023 തീയതിയിലെ 1225/22 നമ്പർ നോട്ടീസ് പ്രകാരം ശ്രീ. അശോവന്ദ്രൻ ((ക്രമനം 6) എന്ന വ്യക്തി 2021 ജനുവരി മുതൽ 2023 മാർച്ച് വരെ വാടക കുടിശ്ശിക വരുത്തിയതു മൂലം 92,718/- രൂപ (ജി.എസ്.ടിയും പിഴ പലിശയും ഉൾപ്പെടെ) അടവാക്കാൻ പഞ്ചായത്ത് നോട്ടീസ് നൽകിയിട്ടുള്ളതാണ്. എന്നാൽ 13.04.2023 തീയതിയിലെ 1230100063 നമ്പർ രസീത് പ്രകാരം ജി.എസ്.ടി യും പിഴ പലിശയും ഒഴികെയുള്ള ബാക്കി തുകയായ 64,800/- രൂപയാണ് ആകെ പഞ്ചായത്തിൽ ഒടുക്ക് വരുത്തിയിട്ടുള്ളത്. ഇത്തരം അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകവയറിയ്ക്ക് (31/07.12.2024) മറുപടി ലഭ്യമാക്കിയില്ല. ഇത്തരത്തിൽ കുടിശ്ശിക ഈടാക്കുന്നത് തെറ്റായ രീതിയാണ്. വാടക കുടിശ്ശിക ഈടാക്കുമ്പോൾ കുടിശ്ശിക, ജി.എസ്.ടി, പിഴ പലിശ എന്നിവ ഒന്നിച്ച് ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2024 ലെയും മുൻവർഷത്തെയും വാടക കുടിശ്ശിക ഇനത്തിൽ ഒടുക്കേണ്ട തുകകൾ ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും പ്രത്യേകം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2-3 ലൈസൻസ് ഫീസ് കുറവ് ഈടാക്കിയത് സംബന്ധിച്ച്

2023-24 വർഷത്തെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും നല്കുന്ന ലൈസൻസ് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ താഴെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ രേഖപ്പെടുത്തിയ മൂലധന നിക്ഷേപത്തിന് അനുസൃതമായി കേരളാ പഞ്ചായത്തി രാജ് ആക്ട്- 232 വകുപ്പിന്റെ 31-10-2017 ലെ ഭേദഗതി ചട്ടങ്ങളിലെ ചട്ടം 7 പട്ടിക II പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	സ്ഥാപനം	സ്ഥാപനത്തിന്റെ മേഖല	വാർഡ് നമ്പർ/ കെട്ടിട നമ്പർ	അപേക്ഷ പ്രകാരമുള്ള മൂലധന നിക്ഷേപം	രസീത് നമ്പർ/ തീയതി	ഈടാക്കേണ്ട ലൈസൻസ് ഫീസ്	ഈടാക്കിയ ലൈസൻസ് ഫീസ്	നഷ്ടം
1	സ്റ്റാർസ് അലുമിനിയം ട്രേഡേഴ്സ്	നിർമ്മാണ മേഖല	9/214B	50,00,000	1230100523/ 23.06.2023	1000	500	500
2	സ്റ്റാർസ് അലുമിനിയം ട്രേഡേഴ്സ്	നിർമ്മാണ മേഖല	9/214D	50,00,000	1230100521/ 23.06.2023	1000	500	500
3	കൃഷ്ണ മെറ്റൽസ് & ഹാർഡ്വെയേഴ്സ്	നിർമ്മാണ മേഖല	9/214C	50,00,000	1230100522/ 23.06.2023	1000	500	500
ആകെ നഷ്ടം								1500

മൂലധന നിക്ഷേപത്തിന് അനുസൃതമായി ചട്ട പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കാത്തത് മൂലം പഞ്ചായത്തിനുണ്ടായ വരുമാന നഷ്ടം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (1/30.11.2024) ടി സ്ഥാപനങ്ങൾ ലൈസൻസ് ഫീസ് കുറവ് ഒടുക്കിയതിനു കത്ത് നൽകിയിട്ടുണ്ടെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട് . മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും അധികമായി ഈടാക്കേണ്ട ലൈസൻസ് ഫീസ് 1500/- രൂപ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 സാമൂഹ്യ സുരക്ഷ പെൻഷൻ - മരണപ്പെട്ടശേഷവും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക നൽകുന്നു

പഞ്ചായത്തിന്റെ സേവന ഡേറ്റ ബേസിലെ ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ വിവരവും 2023-24 കാലയളവിൽ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മരണപ്പെട്ടവരുടെ വിവരവും ഒത്തുനോക്കിയതിൽ മരണപ്പെട്ടവരുടെ പേരുവിവരങ്ങൾ സേവന ഡേറ്റാ ബേസിൽ നിന്നും

യഥാസമയം സസ്പെന്റ് ചെയ്യപ്പെടുന്നില്ല എന്നു കാണുന്നു.

(1) ഗുണഭോക്താക്കൾ മരണപ്പെട്ടാൽ തൊട്ടടുത്ത മാസം തന്നെ പെൻഷൻ സസ്പെൻഡ് ചെയ്യേണ്ടതാണെങ്കിലും നാളിതുവരെ പെൻഷൻ സസ്പെൻഡ് ചെയ്തിട്ടില്ലാത്തവരുടെ വിവരം താഴെ കൊടുക്കുന്നു.

ക്രമ നം.	ഗുണഭോക്താവിന്റെ പേര്	പെൻഷൻ തരം	പെൻഷൻ ഐ.ഡി.	മരിച്ച തീയതി	മരണം രജിസ്റ്റർ ചെയ്ത തീയതി
1	ജയിംസ് മാത്യൂ	ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	104300202302	18/06/2023	01/07/2023
2	വേലപ്പൻ	ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	104300200537	03/06/2023	01/07/2023
3	ഹരിദാസൻ	ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	104300202284	29/06/2023	03/08/2023
4	ചന്ദ്രമതിയമ്മ	ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	104300200885	31/08/2023	18/09/2023
5	ഗോപാലൻ	ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	104300200700	23/08/2023	05/10/2023
6	ചന്ദ്രമതി	ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	104300200104	03/11/2023	11/12/2023
7	മോഹനൻ	ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	104300202142	29/09/2023	05/01/2024

8	ഗോമതിയമ്മ	ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	104300200250	05/05/2024	24/05/2024
9	പത്മനാഭൻ.പി.കെ	കർഷക തൊഴിലാളി പെൻഷൻ	104300100183	05/06/2024	19/06/2024
10	കരുണാകരൻ	കർഷക തൊഴിലാളി പെൻഷൻ	104300100695	24/06/2024	10/07/2024
11	തങ്കമ്മ	ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	104300201248	12/05/2024	07/08/2024
12	ജോസഫ്	ഇന്ദിരാഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ സ്കീം -ശാരീരികം	104300400187	18/07/2024	16/08/2024
13	ചെല്ലമ്മ	ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	104300201251	30/08/2024	07/09/2024
14	മീനാക്ഷി	ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	104300200030	11/09/2024	23/09/2024
15	മാത്യു	ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	104300201677	16/10/2024	11/11/2024

മേൽ പരാമർശിച്ച ഗുണഭോക്താക്കളുടെ മരണം സ്ഥിതീകരിച്ചതിന് ശേഷം അക്കൗണ്ട് സസ്പെന്റ് ചെയ്ത് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

(2)മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്യാത്തതിനാൽ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ഗുണഭോക്താവിന്റെ പേര്	പെൻഷൻ തരം	പെൻഷൻ ഐ.ഡി.	മരിച്ച തീയതി	മരണം രജിസ്റ്റർ ചെയ്ത തീയതി	അനർഹമായ കാലയളവ്	അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക
1	പ്രസന്ന	ഇന്ദിരാഗാന്ധി ദേശീയ ഡിസബിലിറ്റി	104300400262	25/11/2023	14/12/2023	12.2023 മുതൽ 05.2024	9,600 (1600x6)

		പെൻഷൻ സ്കീം -ശാരീരികം				വരെ (6 മാസം)	
2	കുമാരൻ.പി.കെ	ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	104300201667	25/11/2023	14/12/2023	12.2023 മുതൽ 05.2024 വരെ (6 മാസം)	9,600 (1600x6)
3	വോലായുധൻ	ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	104300202181	28/12/2023	25/01/2024	01.2024 മുതൽ 05.2024 വരെ (5 മാസം)	8000 (1600x5)
4	സെയ്ദുമുഹമ്മദ്	ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	104300200469	25/03/2024	05/04/2024	04.2024 മുതൽ 05.2024 വരെ (2 മാസം)	3200 (1600x2)
5	രാഘവൻ	ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	104300201715	09/02/2024	24/04/2024	03.2024 മുതൽ 05.2024 വരെ (3 മാസം)	1800 (600x3)
6	ടി പി അശോകൻ	ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	104300200722	05/03/2024	29/04/2024	04.2024 മുതൽ 05.2024 വരെ (2 മാസം)	3200 (1600x2)
7	പ്രകാശൻ.സി.ബി	ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	104300201894	10/03/2024	02/05/2024	04.2024 മുതൽ 05.2024 വരെ (2 മാസം)	3200 (1600x2)
8	നബീസ	ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	104300200221	06/04/2024	07/05/2024	05.2024	1600
9	ശാരദ	ഇന്ദിരാഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം	104300600469	29/04/2024	20/05/2024	05.2024	1600
ആകെ							41,800/-

മേൽ അപാകതകൾ അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിയ്ക്ക് (08/03.12.2024) പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങൾ അന്നേ ദിവസം തന്നെയും മറ്റ് മരണങ്ങൾ എല്ലാ മാസവും പി.എച്ച്.സി യിലെ ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധന നടത്തിയും പെൻഷൻ സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും കൂടതെ മേൽ പരാമർശിച്ച വ്യക്തികളുടെ മേൽവിലാസത്തിൽ മരണാനന്തരം കൈപറ്റിയ പെൻഷൻ തുക തിരിച്ചടക്കുന്നതിനുള്ള കത്ത് നൽകിയിട്ടുണ്ടെന്നും ആയത് അടവാക്കുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ ഹാജരാക്കുന്നതാണെന്നും ഉള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിനാൽ ഇത്തരത്തിലുള്ള അപാകതകൾ വരും വർഷങ്ങളിൽ

ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ആയതിനാൽ അധികം കൈപറ്റിയ 41,800/- രൂപ അനന്തരാവകാശികളിൽ നിന്നും തിരികെ ഈടാക്കി കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ ഹെഡ് ഓഫീസ് ബ്രാഞ്ചിലെ സോഷ്യൽ സെക്യൂരിറ്റി പെൻഷൻ അക്കൌണ്ടിലേക്ക് ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

3-2 മിനി ബയോഗ്യാസ് പ്ലാന്റ് -കരാർ സ്ഥാപനത്തിന് അംഗീകരിച്ച നിരക്കിലുമധികം നൽകി

പ്രോജക്ടിന്റെ പേര്:	മിനി ബയോഗ്യാസ് പ്ലാന്റ് (S0151/24)
അടങ്കൽ:	₹495,771/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്) ₹92,004/- (ഗുണഭോക്തൃവിഹിതം)
ചെലവ് :	₹99,792/- /-(വികസന ഫണ്ട് ജനറൽ) ₹10,000/- (ഗുണഭോക്തൃവിഹിതം)
ബിൽ നം/ തീയതി	XVFC/2023-24/P-40, ₹99,792/- Ch.no.358195/29.01.2024,₹10,000/-
നിർവ്വഹണം :	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,

തൈക്കാട്ടുശ്ശേരി സർക്കിൾ

ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ വാർഷികപദ്ധതിയിൽ ഉൾപ്പടുത്തി ടെണ്ടർ നടപടികൾ സ്വീകരിച്ചതും പിന്നീട് സ്പിൽഓവറായി നടപ്പാക്കിയതുമായ **മിനി ബയോഗ്യാസ് പ്ലാന്റ്** (പ്രോജക്ട് നം 51/2024) എന്ന പ്രോജക്ട് പ്രകാരം 2023-24 സാമ്പത്തിക വർഷം ₹1,09,792/-ചെലവഴിച്ചിട്ടുണ്ട്.ബയോഗ്യാസ് പ്ലാന്റ് വാങ്ങുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥ ക്ഷണിച്ച ടെണ്ടറിൽ കുറഞ്ഞ നിരക്ക് (9,990/-രൂപ-എല്ലാ നികുതികളുമടക്കം) കാട്ടി ചെയ്തത് പെലിക്കൺ കെൻട്രിയ, വയലാർ എന്ന സ്ഥാപനമാണ്. സ്ഥാപനം നൽകിയ നിരക്ക് 17.02.2023 ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റിയുടെ 3-8 ാം നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയും ഇത് പ്രകാരം 04/03/2023 ൽ എ1-1234/14 കത്ത് പ്രകാരം 52 ബയോഗ്യാസ് പ്ലാന്റുകൾക്ക് സപ്ലൈ ഓർഡർ നൽകുകയും ചെയ്തിരുന്നു. ഇത് പ്രകാരം വിതരണം ചെയ്ത 10 ബയോഗ്യാസ് പ്ലാന്റുകളുടെ വിലയാണ് പ്രോജക്ട് പ്രകാരം നൽകിയിട്ടുള്ളത്.

പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) ടെണ്ടറിൽ പെലിക്കൺ കെൻട്രിയ, വയലാർ രേഖപ്പെടുത്തിയിട്ടുള്ളതും ഗ്രാമപഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചതും ബയോഗ്യാസ് പ്ലാന്റിന് ₹9,990/- എന്ന നിരക്കാണ്. എന്നാൽ ഇതിൽ നിന്നും വ്യത്യസ്തമായി കരാർ സ്ഥാപനം നൽകിയ ഇൻവോയ്സിൽ (ഇൻവോയ്സ് നം.121 തിയതി 10.08.2023) ഒരു പ്ലാന്റിന് നികുതിയടക്കം ₹11,189/- എന്ന നിരക്കാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച നിരക്ക് പ്രകാരം 10 പ്ലാന്റുകൾക്ക് ₹9,990 നിരക്കിൽ ₹99,900 നൽകേണ്ടതിനുപകരം സ്ഥാപനത്തിന്റെ ബിൽ പ്രകാരം തുക മാറി നൽകിയതിനാൽ ₹9,892/- അധികമായി നൽകിയിട്ടുണ്ട് .

2)പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച നിരക്കിലും അധിക നിരക്കിൽ സ്ഥാപനം ബിൽ നൽകിയിട്ടും ഇത് സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥ കരാർസ്ഥാപനവുമായി കത്തിടപാടുകൾ നടത്തുകയോ തുടർ നടപടികൾ സ്വീകരിക്കുകയോ ചെയ്തത് സംബന്ധിച്ച് രേഖകളൊന്നും ഫയലിൽ ലഭ്യമല്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നമ്പർ -3 തീയതി 02-12-2024) നൽകിയ മറുപടിയിൽ അധികം നൽകിയ സ്ഥാപനത്തിന് നൽകാനുള്ള ബിൽ തുകയിൽ കുറവുചെയ്യുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. പ്രോജക്ടിൽ അധികം ചെലവഴിച്ച ₹9,892/-യുടെ ചെലവ് നിരാകരിക്കുന്നു. അധികം നൽകിയ തുക കരാർ സ്ഥാപനത്തിൽ നിന്നും തിരികെ ഈടാക്കി വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കുന്നതാണ്.

3-3 പാർപ്പിട ഭൂമി കല്ല് കെട്ടി സംരക്ഷിക്കൽ - MoRD സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയത് മൂലം അധിക ചെലവ്

തസ്വഭവ ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് എഞ്ചിനിയറിംഗ് വിംഗ് ചീഫ് എഞ്ചിനീയറുടെ 26-03-21 ലെ സർക്കുലർ (നം. ഡിബി1/10690/2020/സി.ഇ/എൽ.ഐ.ഡി & ഇ ഡബ്ല്യു) പ്രകാരം റോഡു പ്രവൃത്തികൾക്കും റോഡുമായി ബന്ധപ്പെട്ടു വരുന്ന ഡ്രെയിൻ , കൾവെർട്ട് , സൈഡ് പ്രൊട്ടക്ഷൻ മുതലായ അനുബന്ധ പ്രവൃത്തികൾക്ക് MoRD സ്പെസിഫിക്കേഷനും കെട്ടിടങ്ങൾക്കും അനുബന്ധപ്രവൃത്തികൾക്കും CPWD സ്പെസിഫിക്കേഷനും ഉപയോഗിക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളത്. ആലപ്പുഴ ജില്ലയിൽ റോഡുവർക്കുമായി ബന്ധപ്പെട്ട് നൽകിയ നിർദ്ദേശമനുസരിച്ചും റോഡുമായി ബന്ധപ്പെട്ടു വരുന്ന സൈഡ് പ്രൊട്ടക്ഷന് മാത്രമാണ് MoRD സ്പെസിഫിക്കേഷൻ ഉപയോഗിക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളത്. അതിനാൽ പാർപ്പിട ഭൂമി കല്ല് കെട്ടി സംരക്ഷിക്കൽ എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടിയിരുന്നത് CPWD സ്പെസിഫിക്കേഷനിലാണ്. അപ്രകാരം ചെയ്യാതിരുന്നത് അധികച്ചെലവിനിടയായി. വിശദാംശം ചുവടെ കൊടുക്കുന്നു.

എ)

പ്രവൃത്തിയുടെ പേര്	പാർപ്പിട ഭൂമി കല്ല് കെട്ടി സംരക്ഷിക്കൽ (പട്ടിക വർഗ്ഗ കുടുംബങ്ങൾ)
പ്രോജക്ട് നമ്പർ	18/23

നിർവ്വഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ, LID&EW
കരാറുകാരൻ	സജീഷ് സൈമൺ
അളവു പുസ്തകം	18/21-22
പ്രവൃത്തി മൂല്യം	487425
ചെലവു വിവരം	ബിൽ നം. 115/10.10.23

DSR 2016 കോസ്റ്റ് ഇൻഡക്സ് 48.71 %

ഇനം / MoRD സ്പെസിഫിക്കേഷൻ പ്രകാരമുള്ള നിരക്ക്	കരാറുകാരൻ കൂട്ടു ചെയ്ത നിരക്കും അനുവദിച്ച തുകയും	CPWD സ്പെസിഫിക്കേഷൻ പ്രകാരമുള്ള നിരക്ക്	CPWD സ്പെസിഫിക്കേഷൻ പ്രകാരമുള്ള നിരക്കിൽ ചെയ്താൽ വരുന്ന തുക	അധിക ചെലവ്
എർത്ത് വർക്ക് എക്സ്കവേഷൻ (കോഡ് 11.1.1.1) 553.17/M^3	553.17/M^3 27.509 M^3 @ 553.17/M^3 = 15217/-	247.45/m^3 (കോഡ് 2.8.1)	27.509 M^3 @ 247.45 = 6807	8410
ഡി ആർ മേസനറി (കോഡ് 75.7.1) 4359.44/M^3	4359.44/M^3 27.509 M3 @ 4359.44 = 119924/-	2854.19/m^3 (കോഡ് 60.7.1)	27.509 M^3 @ 2854.19 = 78516/-	41408
ആകെ				49818

കരാറുകാരന് അനുവദിച്ച ടെണ്ടർ എക്സ്സസ് - 10%, ജി.എസ്.ടി -18% എന്നിവ ഉൾപ്പെടെ ആകെ 64664/- രൂപ അധികമായി നൽകി.

ബി)

പ്രവൃത്തിയുടെ പേര്	പാർപ്പിട ഭൂമി കല്ല് കെട്ടി സംരക്ഷിക്കൽ (പട്ടിക വർഗ്ഗ കുടുംബങ്ങൾ)
പ്രോജക്ട് നമ്പർ	17/23
നിർവ്വഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ, LID&EW
കരാറുകാരൻ	സജീഷ് സൈമൺ
അളവു പുസ്തകം	16/21-22
പ്രവൃത്തി മൂല്യം	792283
ചെലവു വിവരം	ബിൽ നം. 268/5.3.2024

DSR 2016 കോസ്റ്റ് ഇൻഡക്സ് 48.71 %

ഇനം / MoRD സ്പെസിഫിക്കേഷൻ	കരാറുകാരൻ കൂട്ടു	CPWD സ്പെസിഫിക്കേഷൻ	CPWD സ്പെസിഫിക്കേഷൻ	അധിക ചെലവ്

പ്രകാരമുള്ള നിരക്ക്	ചെയ്ത നിരക്കും അനുവദിച്ച തുകയും	പ്രകാരമുള്ള നിരക്ക്	പ്രകാരമുള്ള നിരക്കിൽ ചെയ്താൽ വരുന്ന തുക	
എർത്ത് വർക്ക് എക്സ്കവേഷൻ (കോഡ് 11.1.1.1) 553.17/M^3	553.17/M^3 57.608 M^3 @ 553.17/M^3 = 31867/-	247.45/m^3 (കോഡ് 2.8.1)	57.608 M^3 @ 247.45 = 14255	17612
ഡി ആർ മേസനറി (കോഡ് 75.7.1) 4359.44/M^3	4359.44/M^3 57.608 M^3 @ 4359.44 = 251139/-	2854.19/m^3 (കോഡ് 60.7.1)	57.608 M^3 @ 2854.19 = 164424/-	86715
ആകെ				104327

കരാറുകാരന് അനുവദിച്ച ടെണ്ടർ എക്സ്സസ് - 10%, ജി.എസ്.ടി -18% എന്നിവ ഉൾപ്പെടെ ആകെ 135417/- രൂപ അധികമായി നൽകി.

ആകെ അധികമായി നൽകിയത് - 200081/-രൂപ

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിയ്ക്ക് (നം. 24/6.12.24) ലഭ്യമാക്കിയ മറുപടിയിൽ പാർപ്പിട ഭൂമിയുടെ ഒരു വശം റോഡിന്റെ ഭാഗമായി വരുന്നതു കൊണ്ടാണ് MoRD പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയതെന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ ഗ്രാമ പഞ്ചായത്ത് അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ 7.12.24 നു നടത്തിയ സ്ഥല പരിശോധനയിൽ ആകെ നാല് കുടുംബങ്ങൾക്കായി ചെയ്തിട്ടുള്ള പ്രസ്തുത പ്രവൃത്തിയിൽ മുരളി, സുമ, രമണി എന്നിവരുടെ നടവഴിയോട് ചേർന്നുള്ള സ്ഥലത്താണ് കല്ല് കെട്ടിയിട്ടുള്ളതെന്നും, സീനയുടെ സ്ഥലത്തിന്റെ മുൻവശത്ത് 8.86 M മാത്രമാണ് റോഡിനോട് ചേർന്നു വരുന്നതെന്നും ബോദ്ധ്യപ്പെട്ടു. ഇവിടെ റോഡിന്റെ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ടല്ല എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് മറിച്ച് പാർപ്പിട ഭൂമിയിൽ വെള്ളം കയറാതെ സംരക്ഷിക്കുന്നതിനായാണ്. പ്രസ്തുത സാഹചര്യത്തിൽ ടി മറുപടി അംഗീകരിക്കാവുന്നതല്ല. അധികമായി ചെലവഴിച്ച തുക ഉത്തരവാദിയായവരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

3-4 സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ -നികുതികൾ ഈടാക്കിയിട്ടില്ല

മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പു പദ്ധതിയിൽ ചെയ്ത പ്രവൃത്തികളിൽ കോൺക്രീറ്റിലുള്ള സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് പ്രവർത്തി സ്ഥലങ്ങളിൽ സ്ഥാപിച്ചു നൽകുന്നതിനായി ഓഡിറ്റ് വർഷം നൽകിയിട്ടുള്ള തുകയുടെ വിവരം താഴെ ചേർക്കുന്നു.

1. മറിയ മാത്യു - 573100/-

2. പ്രമീള ഷാജി - 221500/-

വിവിധ ബില്ലുകൾ പ്രകാരം കരാറുകാർക്ക് തുക അനുവദിച്ചപ്പോൾ ബില്ലിൽ നിന്നും നിയമ പ്രകാരം ഈടാക്കേണ്ട ജി.എസ്.ടി, ആദായ നികുതി എന്നിവ ഈടാക്കിട്ടില്ലാത്തതായി കാണുന്നു. 1961 ലെ ഇൻകം ടാക്സ് ആക്ടിലെ സെക്ഷൻ 194 (C) പ്രകാരം 30,000/- രൂപയ്ക്കു മേലുള്ള കരാർ പ്രവൃത്തിയിൽ കരാറുകാരന് തുക അനുവദിക്കുമ്പോൾ, വ്യക്തികളാണെങ്കിൽ 1% ഉം സ്ഥാപനങ്ങളാണെങ്കിൽ 2% ഉം നിരക്കിൽ ആദായ നികുതി സോഴ്സ് ഡിഡക്ഷൻ നടത്തേണ്ടതാണ്. കൂടാതെ 250000/-രൂപയ്ക്ക് മുകളിലുള്ള കരാർ പ്രവൃത്തികളിൽ നിന്നും 2% നിരക്കിൽ ജി.എസ്.ടി, ടി.ഡി.എസായി ഈടാക്കേണ്ടതാണ്. ഇതനുസരിച്ച് മറിയ മാത്യുവിൽ നിന്നും ആദായ നികുതിയിനത്തിൽ 5731/- രൂപയും ജി.എസ്.ടി ഇനത്തിൽ 11462/- (2%) രൂപയും, പ്രമീള ഷാജിയിൽ നിന്നും ആദായ നികുതിയിനത്തിൽ 2215/- രൂപയും ഈടാക്കേണ്ടതായിരുന്നു. എന്നാൽ ഇത്തരത്തിൽ നികുതി ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിയ്ക്ക് (നം.25/6.12.24) മറുപടി ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ ക്രമ വിരുദ്ധമായി നൽകിയ തുക തിരികെ ഈടാക്കി

ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ ഒടുക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

3-5 സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ - ഒരേ ഇനം പ്രവൃത്തിയ്ക്കുള്ള ബോർഡിന് വ്യത്യസ്ത നിരക്കിൽ തുക അനുവദിച്ചതു മൂലം അധിക ചെലവ്.

ഗ്രാമ പഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി ഒരേ കാലയളവിൽ നടപ്പാക്കിയ ഒരേയിനം പ്രവൃത്തികളിൽ സ്ഥാപിച്ചിട്ടുള്ള സിറ്റിസൺ ഇൻഫർമേഷൻ ബോർഡുകൾക്ക് വ്യത്യസ്ത നിരക്കിൽ തുക നൽകിയിട്ടുള്ളതായി കാണുന്നു. ഉദാഹരണമായി, ഫുട്പാത്ത് നിർമ്മാണം, റോഡ് തുടങ്ങിയ മരാമത്ത് പ്രവൃത്തികളിൽ സ്ഥാപിച്ചിട്ടുള്ള ബോർഡിന് 4000/- രൂപ നിരക്കിലും, സുഭിക്ഷ കേരളം പദ്ധതികളിൽ സ്ഥാപിച്ചിട്ടുള്ള ബോർഡിന് 3000/- രൂപ നിരക്കിലുമാണ് തുക അനുവദിച്ചിരുന്നത്. എന്നാൽ ഇതിനു വിരുദ്ധമായി ഒരേ കാലയളവിൽ നടപ്പാക്കിയിട്ടുള്ള താഴെ പറയുന്ന പ്രവൃത്തികളിൽ വ്യത്യസ്ത നിരക്കിലാണ് തുക അനുവദിച്ചിട്ടുള്ളത്.

ക്രമ നം.	പ്രവൃത്തിയുടെ വിവരം / ബിൽ നമ്പർ/തീയതി	കരാറുകാരൻ	ബോർഡിന് നൽകിയ തുക	നൽകാവുന്ന തുക	അധികം നൽകിയത്
1	സുഭിക്ഷ കേരളം -തരിശ് ഭൂമി കൃഷിയ്ക്ക് ഉപയുക്തമാക്കൽ. വാർഡ് -12 (LD/461243) 447/ 23.2.24	പ്രമീള ഷാജി	3500	3000	500
2	ഹെർബൽ പ്ലാന്റേഷൻ വാർഡ് -11 (IF/694692) 444/ 5.6.23	പ്രമീള ഷാജി	3200	3000	200
3	തേവർവട്ടം വെരുങ്ങോട്ട ഇന്റർ ലോക്കിംഗ് വാർഡ് -7 (RC/363985) 93/ 30.10.23	പ്രമീള ഷാജി	4200	4000	200
4	കന്നുകുളം പനച്ചിക്കൽ വെളി ഇന്റർ ലോക്കിംഗ് വാർഡ് -5 (RC/372610) 140/ 25.9.23	മറിയ മാത്യു	4200	4000	200
5	വരേകാട് ക്ഷേത്രം റോഡ് വാർഡ് -5 (RC/368650) 92/ 30.10.23	പ്രമീള ഷാജി	4200	4000	200
6	ഐസ് പ്ലാന്റ് പൊൻപുറം റോഡ് ഇന്റർ ലോക്കിംഗ് (RC/371570) 199/ 16.3.24	മറിയ മാത്യു	4200	4000	200
	ആകെ				1500

ക്രമ വിരുദ്ധമായി കൂടിയ നിരക്കിൽ ബോർഡ് വാങ്ങിയിട്ടുള്ളത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിയ്ക്ക് (നം. 29/6.12.24) മറുപടി ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ കരാറുകാർക്ക് അധികമായി നൽകിയ 1500/- രൂപ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

3-6 ആദായ നികുതി സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിട്ടില്ല

1961 ലെ ആദായനികുതി നിയമം സെക്ഷൻ 194 (സി) പ്രകാരം ഒരു സാമ്പത്തിക വർഷം ആകെ ₹1,00,000/- ക്ക് മുകളിലോ ഒറ്റത്തവണ ₹30,000 ക്ക് മുകളിലോ പ്രതിഫലം നൽകുന്ന പ്രവൃത്തികളിൽ വ്യക്തികളിൽ നിന്നും 1% നിരക്കിലും സ്ഥാപനങ്ങളിൽ നിന്നും 2% നിരക്കിലും സ്രോതസ്സിൽ ആദായനികുതി ഈടാക്കേണ്ടതാണ്. മാനേജ്മെന്റ് / ടെക്നിക്കൽ കൺസൾട്ടൻസി ഫീസുകളിൽ സെക്ഷൻ 194-J പ്രകാരം 2% റ്റി.ഡി.എസ് ബാധകമാണ്. ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണോ ദ്യോഗസ്ഥനായി 2023-24 സാമ്പത്തിക വർഷം നടപ്പിലാക്കിയ ഹരിതസഹായകേന്ദ്രത്തിനുള്ള വിഹിതം എന്ന പ്രോജക്ട് പ്രകാരം മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ മാനേജ്മെന്റ് കൺസൾട്ടൻസി സേവനം നൽകുന്ന മെ. ഐ.ആർ.റ്റി.സി എന്ന സ്ഥാപനത്തിന് പ്രതിഫലം നൽകിയിട്ടുണ്ട്. പ്രോജക്ടിൽ സ്രോതസ്സിൽ നികുതി ഈടാക്കിയിട്ടില്ല. അതേപോലെ കംപ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾക്ക് A.M.C എന്ന പ്രോജക്ടിൽ നിന്നും കെൽട്രോണിന് തുക നൽകിയിട്ടുണ്ട്. ഇതിനും ബാധകമായ നികുതി ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രോജക്ടിന്റെ പേര്/നമ്പർ	കൈമാറിയ തുക	ഈടാക്കേണ്ടിയിരുന്ന നികുതി	കരാർ സ്ഥാപനം
1	കംപ്യൂട്ടർ,അനുബന്ധ ഉപകരണങ്ങൾക്ക് A.M.C (S0023/24)	₹43070/- (TRN-230607000000015619 Dtd 26/12/2023)	₹861/-	മെ.കെൽട്രോൺ
2	ഹരിതസഹായ കേന്ദ്രത്തിനുള്ള വിഹിതം (S0041/24)	₹ 3,07,368/- XVFC/2023-24/P-87 Dtd 30-03-24	₹6,147/-	മെ.IRTC
	ആകെ		₹7008/-	

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നമ്പർ-5 തീയതി 02-12-2024) തുക ഈടാക്കി വിശദാംശങ്ങൾ അറിയിക്കാമെന്ന് മറുപടി നൽകിയിട്ടുണ്ട്. മേൽ സ്ഥാപനങ്ങളിൽ നിന്നും ആദായനികുതി ഈടാക്കി വിവരം അറിക്കേണ്ടതാണ്.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രോജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
ബ്ലോക്ക് പഞ്ചായത്ത്	2023-24	639900	ലൈഫ് ഭവന നിർമ്മാണം	639900	0
	2023-24	50000	അംഗൻവാടി പോഷകാഹാരം	5000	00
	2023-24	271540	ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്	271540	0

ജില്ലാപഞ്ചായത്ത്	2023-24	138500	അംഗൻവാടി പോഷകാഹാരം	138500	0
	2023-24	125000	ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്	125000	0

4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	ബിൽ നമ്പർ/ വൗച്ചർ നമ്പർ	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
KSEB	മിനിമാസ് ലൈറ്റ്	22300983/ 11.12.2023	336000	0	336000
WATER AUTHORITY	പൈപ്പ് ലൈൻ എക്സ്റ്റൻഷൻ	2230098/ 31.3.2024	117423	0	117423

4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-4 വായ്പ / വായ്പാതിരിച്ചടവ്

തൻവർഷം വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ഉദ്ദേശം	ഉത്തരവ് നം./തീയതി	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുള്ള തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
HUDCO		4860000	27816161	3195839		29480322

4-5 സ്ഥിരനിക്ഷേപങ്ങൾ

വർഷം	2023-24
വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം	16087203
തൻവർഷം നിക്ഷേപിച്ച തുക	718600
ആകെ	16805803
തന്നാണ്ടിൽ പിൻവലിച്ച തുക	16805803
വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം	0

4-6 ഓഡിറ്റ് റിക്കവറി

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രസീത് നമ്പർ, തിയ്യതി
2021-22	1-32	500	സുധാമണി രാജപ്പൻ	1230101422/20.12.2023

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	:	5,72,89,023
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	:	5,43,64,320
വരവിനങ്ങളിലുള്ള നഷ്ടം	:	2,47,490
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	2,79,689
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	9,13,009

(ബി). ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
2-1	1,25,165		ശ്രീ. സാബുമോൻ കെ, സെക്രട്ടറി
2-2	1,20825		ശ്രീ. സാബുമോൻ കെ, സെക്രട്ടറി
2-3	1500		ശ്രീ. സാബുമോൻ കെ, സെക്രട്ടറി
3-2		9892	ലത.പി.വി ,വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, തൈക്കാട്ടുശ്ശേരി സർക്കിൾ
3-3		200081	ശ്രീമതി. ബിന്ദു പ്രസാദ് എസ്, അസിസ്റ്റന്റ് എഞ്ചിനീയർ
ആകെ	2,47,490	2,09,973	

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-24	1,87,130	ശ്രീ. സാബുമോൻ .കെ, സെക്രട്ടറി
1-26	4,000	സ്വപ്ന കരുണാകരൻ,ഐ സി ഡി എസ് സൂപ്പർവൈസർ
1-37	90,000	സാദിഖ്. എ,വി.ഇ.ഒ, പൂച്ചാക്കൽ സർക്കിൾ
1-38	5,04,229	സാദിഖ്. എ,വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,പൂച്ചാക്കൽ
1-39	27,650	ഡോ. ടോണി തോപ്പിൽ,വെറ്ററിനറി സർജൻ
1-40	1,00,000	എം. മഹിളാമണി,പ്രധാന അദ്ധ്യാപിക, ഗവ. യു പി എസ്, തൈക്കാട്ടുശ്ശേരി
	9,13,009	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	ഇനം	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-1	ക്ഷേമ പെൻഷൻ	41,800	ശ്രീ. സാബുമോൻ കെ, സെക്രട്ടറി
3-4	ആദായ നികുതി	7,946	മജീഷ .എം, അക്രഡിറ്റഡ് എഞ്ചിനീയർ
	ജി.എസ്.ടി	11,462	മജീഷ .എം, അക്രഡിറ്റഡ് എഞ്ചിനീയർ
3-5	തൊഴിലുറപ്പ് പദ്ധതി	1,500	മജീഷ .എം, അക്രഡിറ്റഡ്

			എഞ്ചിനീയർ
3-6	ആദായ നികുതി	7,008	ശ്രീ. സാബുമോൻ.കെ, സെക്രട്ടറി
ആകെ		69,716	

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല.

(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും</u>

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീമതി. ബിന്ദു പ്രസാദ് എസ്, അസിസ്റ്റന്റ് എഞ്ചിനീയർ	അസിസ്റ്റന്റ് എഞ്ചിനീയർ, തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്ത്	ആഞ്ഞിലി വെളി, പൊന്നുരുന്നി, വൈറ്റില പി ഒ, എറണാകുളം – 19
ശ്രീ. സാബുമോൻ കെ, സെക്രട്ടറി	സെക്രട്ടറി, തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്ത്	ഷാരോണിയ, എസ് എൽ പുരം, ചേർത്തല
ശ്രീ. സാദിഖ്, വി ഇ ഒ ,പൂച്ചാക്കൽ സർക്കിൾ	വി ഇ ഒ, എഴുപുന്ന ഗ്രാമപഞ്ചായത്ത്	ഷാൻഗ്രില ചന്തിരൂർ.പി.ഒ, ചേർത്തല
എം.മഹിളാമണി. പ്രധാന അധ്യാപിക ഗവ.എൽ.പി.എസ്	പ്രധാന അധ്യാപിക ഗവ.എൽ.പി.എസ് തൈക്കാട്ടുശ്ശേരി	വട്ടത്തറ,മണപ്പുറം, ചേർത്തല
ലത.പി.വി വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ,	വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്ത്	ദേവനന്ദനം തുറവൂർ .പി.ഒ ചേർത്തല
ഡോ. ടോണി തോപ്പിൽ ,വെറ്ററിനറി സർജൻ	വെറ്ററിനറി സർജൻ, തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്ത്	96,SRRA,ഷേണായി ഗാഡ്,കലൂർ,എറണാകുളം
സ്വപ്ന കരുണാകരൻ ഐ. സി. ഡി .എസ്. സൂപ്പർവൈസർ	ഐ. സി. ഡി .എസ്. സൂപ്പർവൈസർ തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്ത്	താനാട്ട്, തുറവൂർ പി.ഒ ,ആലപ്പുഴ
മജീഷ .എം അക്രഡിറ്റഡ് എഞ്ചിനീയർ	അക്രഡിറ്റഡ് എഞ്ചിനീയർ തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്ത്	മജീഷ.എം.വടക്കേചിറയിൽ, പള്ളിപ്പുറം പി.ഒ,ആലപ്പുഴ

<u>4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>

വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം
1998-99	ചെലവ് - എൽ.എഫ്.ജി.എ5-1832/11, തീയതി –19.01.2012
1999-2000	എൽ.എഫ്.ജി.എ5-1832/11, തീയതി - 19.01.2012
2001-2002	എൽ.എഫ്.ജി.എ5-1832/11, തീയതി – 19.01.2012
2002-2003	എൽ.എഫ്.ജി.എ5-1832/11, തീയതി – 19.01.2012
2003-2004	എൽ.എഫ്.ജി.എ5-1832/11, തീയതി – 19.01.2012
2004-2005	എൽ.എഫ്.ജി.എ5-1832/11, തീയതി – 19.01.2012
2005-2006	എൽ.എഫ്.ജി.എ5-1832/11, തീയതി – 19.01.2012
2006-2007	എൽ.എഫ്.ജി.എ5-1577/14, തീയതി – 08.05.2014

2007-2008	എൽ.എഫ്.ജി.എ5-1577/14, തീയതി – 12.05.2014
2008-2009	എൽ.എഫ്.ജി.എ5-1577/14, തീയതി – 08.05.2014
2009-2010	എൽ.എഫ്.ജി.എ5-1577/14, തീയതി – 12.05.2014
2010-2011, 2011-2012	എൽ.എഫ്.എ.പി9-709/13, തീയതി – 17.12.2014/14.03.2014
2012-2013	എൽ.എഫ്.എ.പി9-20/15, തീയതി – 12.02.2015/17.03.2015
2013-2014	എൽ.എഫ്.എ.പി9-1621/15, തീയതി – 17.12.2015/28.01.2016
2014-2015	കെ.എസ്.എ-എ.എൽ.പി-പി9/841/16, തീയതി 30.07.2016/05.08.2016
2015-2016	കെ.എസ്.എ-എ.എൽ.പി-പി9/1563/16, തീയതി 13.01.2017
2016-2017	കെ.എസ്.എ-എ.എൽ.പി-പി6/1228/2022, 03.05.2023
2017-2018	കെ.എസ്.എ-എ.എൽ.പി-പി9.524/19/11.6.2019
2018-2019	കെ.എസ്.എ-എ.എൽ.പി-പി8. 400/2020/ 26.05.2020.
2019-2020	കെ.എസ്.എ-എ.എൽ.പി-പി6/956/2021/24.2.2022
2020-2021	കെ.എസ്.എ-എ.എൽ.പി-പി6/957/21/24.2.2022
2021-2022	കെ.എസ്.എ-എ.എൽ.പി-പി6/1092/22/4.11.2022
2022-2023	കെ.എസ്.എ-എ.എൽ.പി-പി6/ 1273/2023/15/11/2023

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

.

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 1 dated 27-06-2024 and submitted on 29-07-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Thycattussery Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Thycattussery Grama Panchayat as on 31-03-2024

Date: 24/12/2024 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Thycattussery Grama Panchayat for the Year 2023-2024.

1.Major Observations

NIL

2.Other Observations

1. Details of rent & auction as per the registers are not match with the corresponding entries in AFS.
2.Since Deposit and Advance register not updated, authenticity of the amount added as advance & deposit each year in annual accounts cannot be ensured.
3.D.C.B statements are not prepared for revenue items.Hence authenticity of figures recorded in annual accounts cannot be ensured.
4. Provisions has not been made for contingent expenditures at the end of the financial year.
5.All enclosures as stated in Panchayath Raj accounting rules are not included along with Annual accounts.

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശേരി ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്